Reg. No. C. 101. M.

ഒററപ്രതിക്കു് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 മകരം 19 | ലക്കം 23

## കമ്മ്യൂണിസവും ഫാസിസവും

"സാരാംശത്തിൽ ഫാസിസവും കമ്മ്യൂണിസവും ഒന്നുതന്നെയാണു്. ആരംഭത്തിൽ അവരണ്ടും വിദൂരമായിരുന്നു; സിദ്ധാന്തപരമായി വ്യത്യസ്തവുമാണു്. എന്നാൽ പ്രായോഗികമായി രണ്ടും ഇണങ്ങി ചേൻപോകുന്നു. ജനാധിപത്യവും സ്വാതന്ത്ര്യവും ഇവ രണ്ടും വെറുക്കുന്നു. ഭരണാധിപന്മാർ അനുഭവിക്കുന്ന സ്വാതന്ത്ര്യം ഭരണീയക്കു നിഷേധിക്കുകയും ചെയ്യുന്നു."


(മാത്യു എം. പാണാട്ടു് ബി. എ. ബി. ററി.)

വാക്കുകളുടെ മായാവീഥിയിൽ മയക്കുന്ന ഒരു പ്രചരണമാണു് ഈ നൂററാണ്ടിലെ ഒരു പ്രധാന സമരതന്ത്രം. കമ്മ്യൂണിസം എന്തെന്നറിയാതെ പലരും അതിനുവേണ്ടി സമരം ചെയ്യുന്നതു് അതുകൊണ്ടാണു്. കമ്മ്യൂണിസം ഒരു സോഷ്യലിസ്റ്റു് സംഘടനയാണെന്നും, തൊഴിലാളിക്കക്ഷിയാണെന്നുമാണു് കമ്മ്യൂണിസ്റ്റുകാർ അവകാശപ്പെടുന്നതു്. ഹിററ്ലറിന്റെ നാസിക്കക്ഷിയും തൊഴിലാളികളുടെ ഒരു സോഷ്യലിസ്റ്റു് സംഘടനയായിരുന്നു. മുസ്സോലിനി അദ്ദേഹത്തിന്റെ ഫാസിസ്റ്റു് ഗവമ്മെൻറിനെ "സാധാരണ ജനങ്ങളുടെ ഗവമ്മെൻറു്" എന്നാണു് വിളിച്ചിരുന്നതു്. ഫ്രാൻസിലെ ഇന്നത്തെ സോഷ്യലിസ്റ്റു് കക്ഷി തൊഴിലാളികളുടേതും സാധാരണ ജനങ്ങളുടേതുമല്ല; ഇടനിലക്കാരുടേതാണു്. സോവിയററു് റഷ്യയേയും അഖിലലോക കമ്മ്യൂണിസ്റ്റു് ഗവമ്മെൻറിനെയുംപററി വിധി പ്രസ്താവിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകക്ഷിയുടെ അടിസ്ഥാനങ്ങളോ ആദശങ്ങളോ. പരിപാടികളോ അല്ല നാം മാനദണ്ഡമായി സ്വീകരിക്കേണ്ടതു്. അതു് എന്തുചെയ്യുമെന്നും, എന്തുചെയ്തുകൊണ്ടിരിക്കുന്നുവെന്നുമുള്ളതാണു്.

കമ്മ്യൂണിസ്റ്റുകക്ഷി എവിടെയെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അവിടെയെല്ലാം നിഷ്കൃഷ്ടമായ സ്വേച്ഛാധിപത്യവും സ്ഥാപിച്ചിട്ടുണ്ടു്. ഒരൊററക്കക്ഷിയുടെ പ്രവത്തനംമാത്രമേ കമ്മ്യൂണിസ്റ്റു ഗവമ്മെൻറ അനുവദിക്കുന്നുള്ളു. 1917-ലെ ബോൾഷെവിക്കു് വിപ്ലവത്തിനു ശേഷം 32 കൊല്ലം കഴിഞ്ഞു. എങ്കിലും ആഭ്യന്തരസമരകാലത്തും 1920-ലും കമ്മ്യൂണിസ്റ്റു് കക്ഷി ഭാവിച്ചിരുന്നതിനെക്കാൾ വലിയ സ്വേച്ഛാധിപത്യമാണു് ഇപ്പോഴുമുള്ളതു്. നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ഒരു ചടങ്ങുമാത്രം; ഒരു കക്ഷിയും ഒരു സ്ഥാനാത്ഥിയും. നൂറു ശതമാനം ജനങ്ങളും ഈ ഒരൊററ സ്ഥാനാത്ഥിക്കു് സമ്മതി നല്കുന്നു. മറെറന്താണു് അവർ ചെയ്യുക?

1948-ലെ കൂട്ട അറസ്റ്റിനുശേഷം, സോവിയററു് സൈന്യത്തിന്റെ പിൻബലത്തോടുകൂടി ചെക്കോസ്ലോവാക്യായിലെ കമ്മ്യൂണിസ്റ്റുകക്ഷി അധികാരത്തിൽവന്നു. ഹംഗേറിയൻ നിയമസഭയിൽ കമ്മ്യൂണിസ്റ്റുകാർ വെറും ഒരു ന്യൂനപക്ഷം മാത്രമായിരുന്നു. റഷ്യയുടെ സൈനികസഹായത്തോടുകൂടി ജനങ്ങളുടെ എതിർപ്പിനെ വകവയ്ക്കാതെ അവിടത്തെ അധികാരവും പിടിച്ചെടുത്തു. ബലം പ്രയോഗിച്ചു് അധികാരത്തിൽ എത്തുന്നതിലും അധികാരത്തിൽ ഇരിക്കുന്നതിലും കമ്മ്യൂണിസ്റ്റുകാർ വിശ്വസിക്കുന്നു. അധികാരം വച്ചുപുലത്തുവാൻ ബലപ്രയോഗം, ഭീഷണി, മദ്ദനം, തടവു്, കൊല എന്നിവ പ്രയോഗിക്കുകയും, വ്യക്തിത്വം നശിപ്പിക്കുകയും ചെയ്യുന്നു.

കമ്മ്യൂണിസ്റ്റുകാരുടെ രാഷ്ട്രീയ അടവുകൾ നാസികളുടേതും ഫാസിസ്റ്റുകളുടേതുമാണു്. സോവിയററു് രാഷ്ട്രത്തിന്റെ ഘടന ഫാസിസ്റ്റു് ഘടനതന്നെ. ശക്തനായ ഒരു സ്വേച്ഛാധിപതി, അയാളെ അനുസരിക്കുന്ന ഒരു രാഷ്ട്രം, രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലുള്ള ട്രേയ്ഡ്യൂണിയനും പ്രസിദ്ധീകരണങ്ങളും പ്രക്ഷേപണശാലകളും പ്രക്ഷേപിണികളും, അടക്കപ്പെട്ട അതിത്തികൾ, എവിടെയും ഓടിനടക്കുന്ന ചാരസംഘം, ഗവമ്മെൻറാജ്ഞകൾക്കു വഴങ്ങിക്കൊടുക്കുന്ന കോടതികൾ അഭിനയത്തിനുവേണ്ടിയുള്ള നിയമസഭകൾ എന്നിങ്ങനെ. ജയിലുകളിലും സ്വേച്ഛാധിപത്യരാജ്യങ്ങളിലും തൊഴിൽരാഹിത്യമില്ലാത്തതുപോലെ ഹിററ്ലറിന്റെ നാസിജമ്മനിയിലും തൊഴിൽരാഹിത്യമില്ലായിരുന്നു. നാസിജമ്മനിയിലെ തൊഴിലാളികൾക്കും ശമ്പളത്തോടുകൂടിയ അവധിയും മററുപല ആനുകൂല്യങ്ങളുമുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ പിള്ളത്തൊട്ടിമുതൽ പ്രേതാലയംവരെ നാസിജമ്മനിയിൽ സംരക്ഷണമുണ്ടായിരുന്നു. എന്നാൽ പിള്ളത്തൊട്ടിക്കടുത്തു പ്രേതാലയവുമുണ്ടായിരുന്നു.



ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം തൃശ്ശൂർ ലൂർദ്ദ് ഭദ്രാസനദേവാലയത്തിലെ അൾത്താരയിൽ

ഫാസിസ്റ്റു് രാജ്യങ്ങളിൽ മുതലാളികൾ ഭൂമിയും വ്യവസായവും കൈയടക്കുകയും, സോവിയററു് റഷ്യയിൽ തൊഴിൽശാലകളും മററു ഉൽപാദനവസ്തുക്കളും ഗവമ്മെൻറ നിയന്ത്രിക്കുകയും ചെയ്യുന്നുവെന്നു പ്രചരണം നടത്താറുണ്ടു്. പരമാത്ഥം, ഫാസിസ്റ്റു് ഭരണത്തിലും കമ്മ്യൂണിസ്റ്റു് ഭരണത്തിലും രാഷ്ട്രം സകലത്തും ഒരുപോലെ നിയന്ത്രിക്കുന്നുവെന്നും. രാഷ്ട്രത്തെ നിയന്ത്രിക്കുവാൻ ജനങ്ങൾക്കു് അവസരം നല്കുന്നില്ലെന്നുമാണു്. നാസിഭരണം ആരംഭിച്ചപ്പോൾ ജമ്മനിയിൽ പ്രചരിപ്പിച്ചതു നാസിരാഷ്ട്രത്തെനിയന്ത്രിക്കുവാനുള്ള അവകാശം സാധാരണ ജനങ്ങൾക്കുണ്ടായിരിക്കുമെന്നായിരുന്നു. ജമ്മനിയിലെ വ്യവസായങ്ങൾ ഹിററ്ലറിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നപ്പോൾ അതിന്റെ മുതലാളിമാരെ ധരിപ്പിച്ചതും നാസിജമ്മനിയുടെ ഭരണം നിർവഹിക്കുവാനുള്ള ഒരു പങ്കു് അവക്കും ഉണ്ടായിരിക്കുമെന്നായിരുന്നു. ഇതുപോലെതന്നെ ഇററലിയിലും. രണ്ടിടത്തും സ്വേച്ഛാധിപത്യത്തിന്റെ ശക്തി അമിതമായി വർദ്ധിക്കുകയും, അതു മറെറല്ലാ ശക്തികളെയും നിയന്ത്രിക്കുകയും ചെയ്തു. മറെറാന്നിനെയും സ്വേച്ഛാധിപത്യം വകവയ്ക്കുന്നില്ല; മറെറാരുത്തക്കും സ്വാതന്ത്ര്യവും നല്കുന്നില്ല.

ഗവമ്മെൻറു് ഏതുതരത്തിലുള്ളതായാലും, വ്യക്തിയാണല്ലോ അതിപ്രധാനമായ ഘടകം. രാഷ്ട്രത്തിൽ വ്യക്തിയുടെനിലയെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസവും ഫാസിസവും പരസ്പരം മാറാവുന്ന പേരുകൾ മാത്രമാണു്.

കമ്മ്യൂണിസത്തിന്റെ പ്രവാചകന്മാർ ഒരു അന്തർദേശീയ സംഘടനയായി അതിനെ ലക്ഷണനിർദ്ദേശംചെയ്യുന്നു. തൊഴിലാളികളുടെ ദേശം അഖിലലോകവുമാണെന്നാണു് കമ്മ്യൂണിസ്റ്റു് സിദ്ധാന്തം. അതുകൊണ്ടു് ദേശഭക്തി ലോകതാല്പര്യങ്ങൾക്കു് അധീനമാകണമെന്നു് അവർ വാദിക്കുകയും, സാധാരണ ജനങ്ങളെ അവരുടെ സ്വാഭാവികതാല്പര്യങ്ങളിൽനിന്നു് തിരിച്ചുവിടുകയും ചെയ്യുന്നു. എന്നാൽ ഫാസിസം ദേശഭക്തി ഉയത്തിപ്പിടിക്കുന്നു. "രക്തത്തിലും ദേശത്തിലു"മാണു് അവരുടെ വിശ്വാസം. ഉപനിവേശരാജ്യങ്ങൾക്കുവേണ്ടി സമരംചെയ്യുകയെന്നതായിരുന്നു നാസിജമ്മനിയുടെയും ഫാസിസ്റ്റു് ഇററലിയുടെയും ലക്ഷ്യം. ഫാസിസ്റ്റുകാർ രാഷ്ട്രം സകലതിനും മേലായി പ്രതിഷ്ഠിക്കുന്നു. ഇതാണു് കമ്മ്യൂണിസവും ഫാസിസവും തമ്മിലുള്ള സിദ്ധാന്തപരമായ ഒരു പ്രധാന വ്യത്യാസം.

കമ്മ്യൂണിസ്റ്റു് സിദ്ധാന്തവും ഫാസിസ്റ്റു് സിദ്ധാന്തവും തമ്മിലുള്ള ഈ വിടവു് സോവിയററു് യൂണിയൻ നികത്തിയിട്ടുണ്ടു്. സോവിയററു് റഷ്യയുടെ വിദേശനയം ഹിററ്ലറിന്റേതിനെക്കാളും, കൈസറിന്റേതിനെക്കാളും, മുസ്സോലിനിയുടേതിനെക്കാളും ദേശീയമാണു്. സോവിയററു യൂണിയനിലെ ഏതു പ്രസിദ്ധീകരണവും ഇതിനുദാഹരണമാണു്. കഴിഞ്ഞ ഫെബ്രുവരിയി

ലെ "ബോൾഷെവിക്" എന്ന റഷ്യൻ ഔദ്യോഗികപ്രസിദ്ധീകരണം "കലകളിലും, സാഹിത്യത്തിലും സോവിയററു പതാക ഉയർത്തിപ്പിടിക്കുവാൻ" ജനങ്ങളെ ആഹ്വാനം ചെയ്യുന്നുണ്ടു്. "സർവ്വദേശാഭിമാനികളെ" (Cosmopolitans) സോവിയററ് ഗവമ്മെൻററ് മർദ്ദിക്കുന്നു. അന്തർദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണു് സർവ്വദേശാഭിമാനികൾ നിലകൊള്ളുന്നതു്. കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളിൽ അന്തർദേശീയത്വം പ്രധാനമായ ഒരു തത്വമാകയാൽ സോവിയററ് അധികാരികൾ പരസ്യമായി അന്തർദേശീയത്വത്തെ ആക്ഷേപിക്കാറില്ല. എന്നാൽ സർവ്വദേശാഭിമാനികളെ അവർ പരസ്യമായി ആക്ഷേപിക്കുന്നു. അന്തർദേശീയത്വവും സർവ്വദേശാഭിമാനവും ഒന്നുതന്നെയാണു്.

സർവ്വദേശാഭിമാനികളെ എതിർത്തുകൊണ്ടുള്ള ദേശഭക്തി റഷ്യ ആരംഭിച്ചതു് 1934-ലാണു്. അതിനുശേഷം ഈ നയം റഷ്യൻ ഗവമ്മെൻററിൻെറ ഒരു അടിസ്ഥാനനയവുമാക്കിയിട്ടുണ്ടു്. ഇതിൻെറ ഫലമായി റഷ്യയിലുള്ള വിദേശീയ ന്യൂനപക്ഷക്കാരും റഷ്യാക്കാരും തമ്മിൽ ശക്തിയായ വർഗ്ഗീയ ഉരസ്സലുകളും ഉണ്ടായിട്ടുണ്ടു്. റഷ്യൻ ഗവമ്മെൻററിൻെറ മർദ്ദനത്തെ ഭയന്നു് റഷ്യയിലെ വിദേശികൾ യാതൊരു അവകാശവാദവും ഇപ്പോൾ ഉന്നയിക്കാറില്ല. ഈ വർഗ്ഗീയ ഉരസ്സലുകൾ റഷ്യൻ പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണു്.

റഷ്യയുടെ ദേശഭക്തി പ്രകടമായിക്കാണുന്നതു് ഐക്യരാഷ്ട്രസഖ്യത്തിലാണു്. സോവിയററ് പരമാധികാരം ഉയർത്തിപ്പിടിക്കുവാൻ റഷ്യ ബദ്ധപ്പെടുന്നു. റഷ്യയുടെ നിരോധനാധികാരമാണു് ഇതിനുവേണ്ടി തുടരെത്തുടരെ ധാരാളമായി പ്രയോഗിക്കുന്നതു്. ദേശഭക്തിയുടെ മൂർത്തീകരണം നിരോധനാധികാരത്തിൻെറ പ്രയോഗത്തിലാണു്. മററുള്ള എല്ലാ രാഷ്ട്രങ്ങളും അനുകൂലിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താതിരിക്കാനാണു് നിരോധനാധികാരം പ്രയോഗിക്കുന്നതു്. ലോകരാഷ്ട്രത്തിൻെറ ഏററവും വലിയ ശത്രു ചതുശ്ശക്തികളിൽ നിക്ഷേപിച്ചിട്ടുള്ള നിരോധനാധികാരങ്ങളാണു്. മററു മഹാശക്തികൾ ഒന്നും രണ്ടും പ്രാവശ്യത്തിലധികം നിരോധനാധികാരം ഇതുവരെ പ്രയോഗിച്ചിട്ടില്ല. എന്നാൽ റഷ്യ മുപ്പത്തിമൂന്നു പ്രാവശ്യത്തിലധികം ഇതിനകം പ്രയോഗിച്ചിട്ടുണ്ടു്. "ഏകലോകവും, മനുഷ്യരുടെ നിയമസഭയും" നടപ്പിൽ വരുത്തുവാൻ സർവ്വരാഷ്ട്രസംഘടനയ്ക്കേ സാദ്ധ്യമാകൂ. തൊഴിലാളിസംഘടനകൾ, കർഷകസംഘടനകൾ, ആരോഗ്യസംഘടനകൾ എന്നിവ അന്തർദേശീയ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും സർവ്വരാഷ്ട്രസംഘടനയ്ക്കേ സാധിക്കുകയുള്ളൂ. ആററംശക്തിയും മാർഷൽ പദ്ധതിയും അന്തർദേശീയ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിവുള്ള ഏകസംഘടനയും ഐക്യരാഷ്ട്രസംഘടനയാണു്. നിരോധനാധികാരം ലോഭം കൂടാതെ പ്രയോഗിക്കുക എന്നതിൻെറ അർത്ഥം ഐക്യരാഷ്ട്രസംഘടനയുടെ അന്തർദേശീയ താല്പര്യങ്ങളെ പ്രതിബന്ധപ്പെടുത്തുകയെന്നാണു്. നാസിജമ്മനിയും ഫാസിസ്റ്റ് ഇററലിയും സർവ്വരാജ്യസഖ്യത്തെ വകവയ്ക്കാതെ പ്രവർത്തിക്കുകയും, ഒടുവിൽ അതിൽനിന്നു് ഒഴിഞ്ഞുമാറുകയുമാണു് ചെയ്തതു്.

അക്രമസ്വഭാവത്തോടുകൂടിയ ദേശീയത്വം സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ മാതാവാണു്. 1945-നു ശേഷം റഷ്യ യൂറോപ്പിലെ പല ചെറുരാജ്യങ്ങളെയും കീഴടക്കി ഒരു പൗരസ്ത്യയൂറോപ്യൻ സാമ്രാജ്യം നിർമ്മിച്ചിട്ടുണ്ടു്. ഈ സാമ്രാജ്യത്തിലെ ജനങ്ങൾക്കു് 1930-ൽ ഇന്ത്യയിലെ ജനങ്ങൾക്കു് അനുഭവിച്ചിരുന്നിടത്തോളം സ്വാതന്ത്ര്യംപോലും അനുഭവിച്ചിട്ടില്ല. ഈ രാജ്യങ്ങളിലെ വിഭവങ്ങൾ ചൂഷണംചെയ്യുകയെന്നതാണു് റഷ്യയുടെ സാമ്രാജ്യനയം. അങ്ങനെ കടുത്ത ദേശീയത്വവും സ്വേച്ഛാധിപത്യവുമാണു് റഷ്യൻ കമ്മ്യൂണിസത്തിൻെറ ഇന്നത്തെ ലക്ഷ്യം. മാർക്സിൻേറയും, എംഗൽസിൻേറയും, ലനിൻേറയും മുദ്രാവാക്യങ്ങൾ മാത്രം ഉരുവിട്ടതുകൊണ്ടായില്ല; യാഥാർത്ഥ്യങ്ങളുമായി അവയ്ക്കു് എന്തുമാത്രം പൊരുത്തമുണ്ടെന്നാണു് നോക്കേണ്ടതു്.

കമ്മ്യൂണിസത്തിൻെറ മനഃശാസ്ത്രപരമായ നിലയും ഫാസിസത്തിൻേറതാണു്. അക്രമപരമായ വ്യാജപ്രചരണം നടത്തുന്നതിൽ അവർക്കു മടിയില്ല. വ്യക്തമായ ലക്ഷ്യവും കാരണങ്ങളും കൂടാതെയുള്ള വാശിയും വഴക്കും സൃഷ്ടിക്കുന്നു. വ്യക്തിത്വത്തിലും സ്വഭാവവൈശിഷ്ട്യത്തിലും അവർ വിശ്വസിക്കുന്നുമില്ല.

കമ്മ്യൂണിസ്റ്റ്കാർ ഫാസിസത്തോടു സമരം ചെയ്യുന്നുവെന്നവകാശപ്പെടാറുണ്ടു്. ഫാസിസം അവരുടെ ആവശ്യത്തിനു ഉപകരിക്കാതെവരുമ്പോഴാണു് അങ്ങനെ ചെയ്യുന്നതു്. ജമ്മനിയിലെ കമ്മ്യൂണിസ്റ്റ്കക്ഷി റീച്ച്സ്റ്റാഗിൽ ഹിററ്ലറിനു് സമ്മതിനൽകി. ഹിററ്ലറും സ്റ്റാലിനുമായി സന്ധിയിലേപ്പെട്ടു. സ്റ്റാലിനും മുസ്സോലിനിയും രമ്യതയിലായിരുന്നു. ഒരുമിച്ചു പ്രവർത്തിക്കുക അസാദ്ധ്യമാകുമ്പോഴാണു് കമ്മ്യൂണിസ്റ്റ്കാരും ഫാസിസ്റ്റ്കാരും എതിർപ്പിൽവരുന്നതു്. കാരണം അവർ ഏകചർമ്മത്തിലെ സഹോദരന്മാരാണു്. അവരുടെ മാർഗ്ഗങ്ങളും ഒന്നുതന്നെ. ജമ്മനി, ഹംഗറി, റുമേനിയ, ഇററലി, പോളണ്ടു്, ചെക്കോസ്ലോവാക്യാ എന്നീ രാജ്യങ്ങളിലെ ഫാസിസ്റ്റ്നേതാക്കന്മാർക്കു് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായി മാറുവാൻ ഒരു പ്രയാസവുമുണ്ടായില്ല.

ഫ്റാൻസിലെ കമ്മ്യൂണിസ്റ്റ് നേതാവും കോമിൻേറൺ എക്സിക്യൂട്ടീവു് കമ്മിററിയിലെ അംഗവുമായിരുന്ന ഡോറിയോക്കു് ഫാസിസ്റ്റ് തലവനായി മാറുവാനും വിഷമമുണ്ടായില്ല.

സാരാംശത്തിൽ ഫാസിസവും കമ്മ്യൂണിസവും ഒന്നുതന്നെയാണു്. ആരംഭത്തിൽ അവ രണ്ടും വിദൂരമായിരുന്നു. സിദ്ധാന്തപരമായി വ്യത്യസ്തവുമാണു്. എന്നാൽ പ്രായോഗികമായി രണ്ടും ഇണങ്ങിച്ചേർന്നുപോകുന്നു. ജനാധിപത്യവും സ്വാതന്ത്ര്യവും ഇവ രണ്ടും വെറുക്കുന്നു. ഭരണാധിപന്മാർ അനുഭവിക്കുന്ന സ്വാതന്ത്ര്യം ഭരണീയർക്കു നിഷേധിക്കുകയും ചെയ്യുന്നു.

ലോകത്തിലെ പ്രധാനസമരം സ്വേച്ഛാധിപത്യത്തിനെതിരായിട്ടാണു്. ജനകീയകക്ഷിയെന്നോ, സോഷ്യലിസ്റ്റ് കക്ഷിയെന്നോ ഒക്കെയുള്ള പേരിൽ സ്വേച്ഛാധിപത്യം പുനർജന്മമെടുത്തേക്കാം. ചുവപ്പും കറുപ്പും, രാഷ്ട്രീയവും വർഗ്ഗീയവും ഒക്കെ അതിനു കൂട്ടുനിന്നുവെന്നും വരാം. പക്ഷെ സ്വേച്ഛാധിപതികൾ വിജയിക്കുന്നുവെങ്കിൽ കിരാതത്വമാണു് സ്ഥാപിതമാകുന്നതു്. സംസ്കാരവും സ്വഭാവവും യാന്ത്രികമായി മാററുന്നു. ഭരണം ഭീഷണിയുമാകുന്നു.

ഇതിലും വേദനാജനകമായതു് ജനാധിപത്യത്തിനുള്ളിലെ സ്വേച്ഛാധിപത്യമാർഗ്ഗങ്ങളാണു്. നമ്മുടെ ശത്രുക്കളുടെ മാർഗ്ഗങ്ങൾ അവർക്കെതിരായി പ്രയോഗിക്കരുതെന്നു് മഹാത്മഗാന്ധി നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. ഫാസിസത്തിനും കമ്മ്യൂണിസത്തിനും എതിരായി സമരംചെയ്യുമ്പോൾ ഭീഷണിയും ഭീകരത്വവും പ്രയോഗിക്കുകയാണെങ്കിൽ ജനങ്ങൾ ആവശ്യപ്പെടുന്നതും ഉദ്ദേശിക്കുന്നതും എന്തെന്നു് ലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻ പ്രയാസമായിഭവിക്കും. അതു ഫാസിസത്തിനും കമ്മ്യൂണിസത്തിനും വളമാവുകയും സ്വേച്ഛാധിപത്യം വിജയിപ്പിക്കുകയും ചെയ്യും. തടവിലിട്ടും വധിച്ചും ശത്രുവിനെ നശിപ്പിക്കുന്ന മാർഗ്ഗം ആന്തരികദാരിദ്ര്യത്തിൻെറ ബഹിഃപ്രകടനമാണു്. അവർക്കു അധികകാലം നിലനിൽക്കുവാൻ സാധിക്കുകയില്ല. കാലചക്രത്തിൻെറ ഭ്രമണത്തിൽ അവരുടെ അഭിനയം ചരിത്രത്തിൻെറ ആവർത്തനം മാത്രമായിരിക്കും.

[അമേരിക്കൻ സാഹിത്യകാരനായ ലൂയി ഫിഷറിൻെറ ലേഖനത്തെ ആശ്രയിച്ചു്]

## പുതിയ തിരഞ്ഞെടുപ്പു്

ബ്രിട്ടനിലെ ഇപ്പോഴത്തെ പാർലിമെൻറു് ഫെബ്രുവരി 3-ാംനു രാജാവു പിരിച്ചുവിടുന്നതും 23-ാംനു അവിടെ പൊതു തിരഞ്ഞെടുപ്പു നടത്തുന്നതുമാണെന്നു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

# ഡമാസ്കസിലേക്കുള്ള വഴി

## സെനററർ റോബർട്ടു് എഫ്. വാഗ്നറുടെ മാനസാന്തരകഥ

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

II

ആൽബനിയിൽ എന്നോടും അൽ സ്മിത്തിനോടുംകൂടി ജോലിചെയ്തിരുന്ന എൻെറ പഴയ സുഹൃത്തു ജയിംസു് എ. ഫോളിയിൽ നിന്നാണു ദൈവത്തെപ്പററിയും ധാർമ്മികവ്യവസ്ഥിതിയെപ്പററിയും ഞാൻ ഏററവും കൂടുതലായി പഠിച്ചതു്. ജിം കൂടുതൽ ഏകാന്തവും പണ്ഡിതോചിതവുമായ സരോഗേററിൻെറ ജോലി സ്വീകരിക്കാതിരുന്നെങ്കിൽ അൽ സ്മിത്തിനെപ്പോലെയോ ഫ്റാങ്ക്ളിൻ റൂസ്‌വെൽററിനെപ്പോലെയോ അദ്ദേഹവും പ്രസിദ്ധനായിത്തീരുമായിരുന്നുവെന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്. എന്നെപ്പോലെതന്നെ റൂസ്‌വെൽററും എപ്പോഴും അദ്ദേഹത്തിൻെറ ഉപദേശവും അഭിപ്രായവും ആരാഞ്ഞിരുന്നു.

ജയിംസ് എ. ഫോളിയാണു പതിമൂന്നാം ലെയൊ മാർപ്പാപ്പായുടെ ചാക്രികലേഖനങ്ങൾ എൻെറ ശ്രദ്ധയിൽ കൊണ്ടുവന്നതു്. വേലയുടെ മഹത്വം, മനുഷ്യവ്യക്തിത്വത്തിൻെറ വൈശിഷ്ട്യം, കുടുംബജീവിതത്തിൻെറ പ്രാധാന്യം ഇവയായിരുന്നു അദ്ദേഹത്തിൻെറ എല്ലാ പ്രവർത്തനങ്ങളുടെയും കൈചൂണ്ടിപ്പലകകൾ. വിഷമംപിടിച്ച ഒരു ഗവമ്മെൻറു പ്രശ്നത്തെ, ഈ തത്വങ്ങളിൽ ഒന്നോ അധികമോ ഇടകലർത്തി, മനുഷ്യോചിതമാക്കിത്തീർക്കുന്നതിൽ അദ്ദേഹത്തെക്കാൾ പ്രാപ്തനായ ഒരാളെ ഞാൻ ഇതേവരെ കണ്ടിട്ടില്ല.

അൽ സ്മിത്തിനെപ്പോലെ ജിം ഒരിക്കലും സ്വമേധയാ എൻെറ മാനസാന്തരകാര്യം സംസാരവിഷയമാക്കിയിട്ടില്ല. സംഭാഷണം നടത്തുമ്പോൾ ഞങ്ങൾ ഇരുവരും ഒരുപക്ഷേ, പശ്ചാത്തലത്തിൽ അതിൻെറ സാന്നിദ്ധ്യം മണത്തറിഞ്ഞിരിക്കണം. മതത്തെപ്പററിയും തത്വശാസ്ത്രത്തെപ്പററിയും ഞങ്ങൾ പലപ്പോഴും സംഭാഷണം ചെയ്തിട്ടുണ്ടു്. ഞാൻ ഒടുവിൽ കത്തോലിക്കാസഭയിൽ പ്രവേശിച്ചപ്പോൾ, എൻെറ കോൺഫിഡൻഷ്യൽ സിക്രട്ടറി മിസ്സസ് മാർഗ്ഗരീററു സി. ഹേയിസ്, ആ വസ്തുത അദ്ദേഹത്തെയാണു് ആദ്യം അറിയിച്ചതു്. എൻെറ മാനസാന്തരകാര്യത്തിൽ അദ്ദേഹത്തിനുള്ള അത്യധികമായ താല്പര്യാതിരേകത്തെപ്പററി മററാരെക്കാളും കൂടുതലായി അവർക്കറിയാമായിരുന്നു. ആ അവസരത്തിൽ ജിം മരണക്കിടക്കയിലായിരുന്നു. എൻെറ സിക്രട്ടറി പിന്നീടു് എന്നോടു പറഞ്ഞു: "ഇത്രമാത്രം ഹൃദയത്തിൽ തട്ടുകയോ സന്തുഷ്ടനാകുകയോ ചെയ്തിട്ടുള്ള ഒരു മനുഷ്യനെ ഞാൻ വേറെ ഒരിക്കലും കണ്ടിട്ടില്ല." ആ അവസരത്തിൽ മാത്രമേ, ഇരുപതു കൊല്ലമായി എൻെറ മാനസാന്തരത്തിനുവേണ്ടി അനുദിനം പ്രാർത്ഥിച്ചിരുന്നുവെന്ന വസ്തുത അദ്ദേഹം ഏററു പറഞ്ഞുള്ളൂ.

എൻെറ ചുററുപാടുകൾ മൂലവും, സുഹൃത്തുക്കൾ മൂലവും, ഞാൻ അത്യധികം സ്നേഹിച്ചിരുന്നവർ മൂലവും, കത്തോലിക്കാസഭയിലേക്കു വികാരപരമായ ഒരു സ്വാധീനശക്തി എന്നിൽ ഉണ്ടായിട്ടുണ്ടെങ്കിൽ, സഭയുടെ ബുദ്ധിപരമായ ആകർഷണം എന്നിൽ കൂടുതലായ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടു്. സഭയുടെ തത്വശാസ്ത്രം മുഴുവൻ ഏററവും യുക്തിയുക്തമായി എനിക്കു തോന്നി. അതിൻെറ പഠനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഓരോ അംശവും പരസ്പരം യോജിക്കുകയും ഒന്നു മറെറാന്നിനെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു. യാതൊന്നും അമിതമായി കാണപ്പെടുന്നില്ല. സഭയുടെ സാമൂഹ്യതത്വശാസ്ത്രത്തിൽ—എനിക്കുതന്നെ കുറേയൊക്കെ പരിചയമുണ്ടെന്നു ഞാൻ അഭിമാനിച്ചിരുന്ന രംഗങ്ങളെ ബാധിക്കുന്ന സംഗതികളിൽ പ്രത്യേകിച്ചും—ഞാൻ പരിചയം സമ്പാദിച്ചു കഴിഞ്ഞപ്പോൾ, ഇതു പ്രത്യേകമായും എനിക്കു ബോദ്ധ്യമായിത്തീർന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ സ്ഥിതിയെപ്പററിയുള്ള പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ ചാക്രികലേഖനം വായിക്കുമ്പോൾ, അരനൂററാണ്ടിനു മുൻപാണു് അതു് എഴുതപ്പെട്ടതെന്ന വസ്തുത നാം വിസ്മരിച്ചുപോകുവാൻ ഇടയുണ്ടു്. അന്നു് ഈ രാജ്യത്തിൽ മാൻചെസ്റ്റർ ലിബറലിസവും, അനിയന്ത്രിതമായ മുതലാളിത്തവും പരിപൂർണ്ണാധിപത്യം ചെലുത്തിയിരുന്ന ഒരു ഘട്ടമായിരുന്നു. വ്യവസായത്തെയോ ഭരണക്കൂടത്തെയോ നയിച്ചിരുന്നവരുടെ ദൃഷ്ടിയിൽ തൊഴിലാളിയോ അവൻെറ കുടുംബമോ വലിയ കാര്യമൊന്നുമായിരുന്നില്ല. തൊഴിലാളികളെ സംഘടിപ്പിക്കുക എന്നു പറയുന്നതുതന്നെ അന്നു സാമുദായികഭ്രഷ്ടിനെ വിളിച്ചുവരുത്തുക മാത്രമല്ല, ജോലി തുടർന്നു ലഭിക്കുവാനുള്ള സന്ദർഭത്തെ നശിപ്പിക്കുകകൂടിയായിരുന്നു.

അക്കാലത്തു ജനങ്ങളിൽ മഹാഭൂരിപക്ഷവും ജീവിക്കുകയും വേലയെടുക്കുകയും ചെയ്തിരുന്ന നിർഭാഗ്യകരമായ പരിതസ്ഥിതികൾക്കു ഒരു മാററം വരുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി രാഷ്ട്രീയജീവിതത്തിലേക്കു പ്രവേശിച്ച ഒരു ചെറുപ്പക്കാരനായിരുന്നു ഞാൻ. എനിക്കു എൻെറ ഉള്ളിൽ തോന്നിയിരുന്ന സംഗതികൾ കൂടുതൽ മെച്ചമായ ഭാഷയിലും, കൂടുതൽ നിഷ്കൃഷ്ടമായ വാചകങ്ങളിലും മാർപ്പാപ്പാ പറയുന്നതു കണ്ടപ്പോൾ അതെന്നെ എത്രമാത്രം ആകർഷിച്ചുവെന്നു നിങ്ങൾതന്നെ സങ്കല്പിച്ചുകൊള്ളുക.

ലിയോ മാർപ്പാപ്പാ ഊന്നിപ്പറയുന്നതു മുഴുവൻ ഓരോ വ്യക്തിയുടെയും അഭിവൃദ്ധിയാണു്. മനുഷ്യവ്യക്തിത്വത്തിൻെറ പരമപ്രാധാന്യത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ അചഞ്ചലമായ നില ഒരിക്കലും എൻെറ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല.

എൻെറ നിയമനിർമ്മാണപരവും നീതിന്യായപരവുമായ യത്നങ്ങളെല്ലാം കേന്ദ്രീകരിച്ചിരുന്ന ലക്ഷ്യം അതായിരുന്നു. ഏതു മനുഷ്യനും ഒരു ആത്മാവുണ്ടു്. അതുകൊണ്ടാണു സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട ഒരു മഹത്വം മനുഷ്യനുണ്ടായിരിക്കുന്നതു്.

ലിയോ മാർപ്പാപ്പായുടെ ചാക്രികലേഖനത്തിൽ സോഷ്യലിസത്തേയും ലിബറലിസത്തേയും അബദ്ധവും ദുർബോധജനകവുമായ സിദ്ധാന്തങ്ങളെന്ന നിലയിൽ ശക്തിയായി ആക്ഷേപിച്ചിട്ടുണ്ടു്. എന്നാൽ ആ ചാക്രികലേഖനത്തിൻെറ ഭൂരിഭാഗവും സൃഷ്ടിപരമായ പരിപാടികൾക്കായിട്ടാണു വിനിയോഗിച്ചിരിക്കുന്നതു്. കത്തോലിക്കാസഭയിലെ മറെറല്ലാ സംഗതികളുമെന്നപോലെ, ചാക്രികലേഖനത്തിൽ നൽകിയിരിക്കുന്ന പ്രതിവിധിയും സന്മനോഭാവമുള്ള സാമാന്യമനുഷ്യർക്കു നീതിയുക്തവും ബുദ്ധിപൂർവ്വകവുമായി തോന്നുന്നതരത്തിലുള്ളതാകുന്നു. അതു ഒരു മദ്ധ്യമാർഗ്ഗമായിരിക്കുന്നു. സമ്പത്തിനെ നിയന്ത്രിച്ചിരുന്നവരുടെ ദൃഷ്ടിയിൽ അതു വളരെ ഇടതുപക്ഷീയമായിരുന്നു. സഭയുടെ സാമുദായികസിദ്ധാന്തങ്ങൾ എൻെറ ഒരു അംശമായിത്തന്നെതീർന്നു. സഭയുടെ എല്ലാ പഠനങ്ങളും അവസാനമായി സ്വീകരിക്കുന്നതിനു തീർച്ചയായും അതു എന്നിൽ വളരെ സ്വാധീനം ചെലുത്തിയിരിക്കണം.

നാഷനൽ ലേബർ റിലേഷൻസു് ആക്ടു്, സോഷ്യൽ സെക്യൂരിററി ആക്ടു്, ഫെയർ ലേബർ സ്റ്റാൻഡേർഡ്സ് ആക്ടു്, ഫുൾ എംപ്ലോയ്മെൻറു് ആക്ടു്, മുതലായ നിയമനിർമ്മാണങ്ങളെ അനുകൂലിക്കുകയും ഈ അടുത്ത അവസരത്തിൽ ഹെൽത്തു് ഇൻഷ്വറൻസ് ബില്ലിൽ അവതരിപ്പിക്കുകയും ചെയ്തതുമൂലം എന്നെ പലപ്പോഴും സോഷ്യലി

സ്റ്റ്" എന്നും കമ്മ്യൂണിസ്റ്റ് എന്നും ആക്ഷേപിക്കാറുണ്ട്. എന്നാൽ തന്റെ പൂർവ്വഗാമിയായ പതിമൂന്നാം ലിയോവിന്റെ ചാക്രികലേഖനങ്ങളെത്തന്നെ പിന്തുടർന്നുകൊണ്ട് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഇതേ പ്രവർത്തനപരിപാടികളെത്തന്നെയാണ് ഏറ്റവും ശക്തിയായും പ്രത്യേകമായും പിന്താങ്ങിയിരിക്കുന്നത്.

പന്ത്രണ്ടാം പീയൂസ് തിരുമേനിയെ ഒരിക്കൽ സന്ദർശിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ ചൈതന്യം ഗ്രഹിക്കുവാൻ സാധിച്ചുവെന്നു എനിക്കു തോന്നി. അദ്ദേഹം എന്നോടു പറഞ്ഞ വചനങ്ങൾ കൂടുതൽ അർത്ഥവത്തായി എനിക്കു തോന്നി. ബിഷപ്പ് ഫ്രാൻസിസ് ജെ. ഹാസ്, മോൺ: ജോൺ എ. റയൻ, മോൺ: ജോൺ പി. ബോളണ്ട്, മോൺ: ജോൺ ഒ. ഗ്രാഡി, മോൺ: റോബർട്ട് എഫ്. കീറൻ മുതലായി നമ്മുടെ രാജ്യത്തിലെ ബുദ്ധിമാന്മാരും പ്രശസ്തന്മാരുമായ ആളുകൾ എന്റെ നിയമനിർമ്മാണപരമായ സംരംഭങ്ങളിൽ എന്നെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അമേരിക്കൻ സെനറ്റിൽ ഏറ്റവും അടുത്തു നിന്നു പ്രവർത്തിക്കുവാൻ എനിക്കു സന്ദർഭമുണ്ടായിട്ടുള്ളവരെല്ലാം കത്തോലിക്കരായിരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ഞാൻ രാജ്യകാര്യങ്ങളിൽ ആദ്യം പ്രവേശിച്ച കാലത്തു മോൺടാനായിലെ സെനറ്റർ ടോം വാൽഷ് എനിക്കു ഹസ്താവലംബം നൽകി. പ്രാപ്തനും നിർഭയനുമായ രീതിയിൽ അദ്ദേഹം നടത്തിയ ടീപ്പോട്ട് ഡോം പര്യന്വേഷണദ്വാരാ അദ്ദേഹം പ്രായോഗികമായ ക്രിസ്ത്യൻരാജ്യതന്ത്രജ്ഞതയിൽ എനിക്കു നല്ല ഒരു പാഠം നൽകിയതു്. എന്റെ ആത്മസുഹൃത്തും സഹപ്രവർത്തകരുമായ സെനറ്റർ ജിം മീഡ്, സമ്പന്നനെങ്കിലും വിനീതനായ ജിം മറേ, സ്ഥിരോത്സാഹിയായ ഡെന്നിസ് ഷാവെസ്സ്, പ്രഗത്ഭനായ ജോ ഒ മാഹോണി, വിരുതശാലികളായ ഹൊവാർഡ് മക്ഗ്രാത്ത്, ഫ്രാങ്ക് മയേഴ്സ്, ബ്രിയാൻ മക്മഹോൻ മുതലായവരോടെല്ലാം ഒരുമിച്ചു ജോലിചെയ്യുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്.

എന്നാൽ സുദീർഘകാലസുഹൃത്തായ മോൺ: കീറൻ നിമിത്തമല്ലായിരുന്നെങ്കിൽ ഞാൻ ഒരു കത്തോലിക്കനാകുമായിരുന്നോ എന്നുതന്നെ സംശയിക്കുന്നു. കത്തോലിക്കർ ഭക്തിപൂർവ്വമുള്ളവർ മനസ്സിലാക്കുവാൻ വിഷമമുള്ള വിഷയങ്ങൾ അദ്ദേഹമാണ് എപ്പോഴും വിശദീകരിച്ചു തന്നിരുന്നത്. ഞാൻ ആശുപത്രിക്കട്ടിലിൽ കിടന്ന എന്റെ ഭാര്യയുടെ പ്രാർത്ഥനകളെയും, അൽസ്റ്റിത്തിന്റെ പ്രേരണകളെയും, എന്റെ പുത്രന്റെ ക്ഷമാപൂർവ്വമായ അഭ്യർത്ഥനകളെയും, എന്റെ തന്നെ അഗാധമായ ആഗ്രഹത്തെയുംപറ്റി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹമാണ് അവിടെ വന്നു എന്നെ സന്ദർശിച്ചത്. എനിക്കു ഒരു കത്തോലിക്കനാകാമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു.

1945 ജനുവരി 24-ാം തീയതി രാവിലെ മോൺ: കീറൻ എനിക്കു ജ്ഞാനസ്നാനം നൽകി. എന്റെ ജ്ഞാനസ്നാനാനന്തരം അല്പം കഴിഞ്ഞപ്പോൾ, ആശുപത്രിമുറിയുടെ കതകു തുറന്നു ആർച്ചുബിഷപ്പ് ഫ്രാൻസിസ് ജെ. സ്പെൽമനും ബിഷപ്പ് ജെ. ഫ്രാൻസിസ് എ. മക്കിന്റയറും അകത്തു പ്രവേശിച്ചു. കർദ്ദിനാളിന്റെ സ്ഥാനവസ്ത്രം സ്വീകരിക്കുവാൻ റോമായിലേക്കു പോകുന്നതിനുള്ള ഒരുക്കങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു ആർച്ചുബിഷപ്പ് സ്പെൽമൻ. എങ്കിലും എനിക്കു മംഗളമാശംസിക്കുവാനായി അവിടെ വന്നതായിരുന്നു. അദ്ദേഹംതന്നെ എനിക്കു സ്ഥൈര്യലേപനം നൽകുന്നതിനു്, റോമായിൽനിന്നു തിരിച്ചുവരുന്നതുവരെ കാത്തിരിക്കാമോ എന്നു അദ്ദേഹം ചോദിച്ചു. മേയ് 19-ാം തീയതിയാണ് അദ്ദേഹം എനിക്കു സ്ഥൈര്യലേപനം നൽകിയതു്.

കത്തോലിക്കാസഭയെപ്പറ്റിയുള്ള കാര്യങ്ങൾ എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു ഫാദർ ജയിംസ് പി. കെല്ലി എന്നോടു ചോദിച്ചു ഒരു കത്തോലിക്കനായിരിക്കുന്നതിൽ ഏറ്റവും വിഷമകരമായി തോന്നുന്ന വസ്തുത എന്താണ് എന്നു്. ഞാൻ പറഞ്ഞു: "മറ്റുള്ളവർ കത്തോലിക്കരാകാതിരിക്കുന്നതു എന്തുകൊണ്ട് എന്നു മനസ്സിലാക്കാത്തതുതന്നെ." ഒരിക്കൽ കത്തോലിക്കാസഭയിൽ പ്രവേശിച്ചുകഴിഞ്ഞാൽ, കത്തോലിക്കനാകാതെ ഒരാൾക്കു എങ്ങനെ തൃപ്തിപ്പെട്ടു കഴിയുന്നുവെന്നു മനസ്സിലാക്കുക വിഷമമായിരിക്കുന്നതാണ്.

# കന്യാസ്ത്രീയും കൊള്ളത്തലവനും

## ഒരു സംഭവകഥ

(ജെ. പി. വിതയത്തിൽ)

"ആ വെടിയുണ്ട നിങ്ങളുടെ മണ്ടയിൽ കയറാതിരുന്നതു ഭാഗ്യമായി"—ഈ വാക്കുകൾ പറഞ്ഞുകൊണ്ടാണ് സിസ്റ്റർ ബെല്ലറ്റീനാ ഇരുളടഞ്ഞ ആ മുറിയിലേക്കു കാലുവച്ചതു്. അവിടെ കിടന്നിരുന്ന ഭീമാകാരനും ഭീകരനുമായ മനുഷ്യൻ അപ്രതീക്ഷിതമായ ഈ മധുരസ്വരം കേട്ടതെവിടെനിന്നെന്നു തിരിഞ്ഞു നോക്കി. ഉഗ്രമായ നയനങ്ങൾ! എങ്കിലും ഉത്തരക്ഷണത്തിൽ വികൃതമായ ഒരു പുഞ്ചിരി അയാളുടെ ചുണ്ടുകളിൽ കൂടി കടന്നുപോയി.

സിസ്റ്റർ ബെല്ലറ്റീനാ ധൈര്യമവലംബിച്ചു ആ ദുർജ്ജനനായ ആളുടെ അടുക്കൽ വന്നു. കൊണ്ടുവന്നിരുന്ന ഭക്ഷ്യങ്ങളും മരുന്നുകളും അയാളുടെ അടുത്തുവച്ചു അയാളെ പരിചരിക്കുന്നതിനും മുറിവു വച്ചുകെട്ടുന്നതിനും സ്നേഹസന്നദ്ധത കാണിച്ചു.

"ഈ ഭക്ഷ്യങ്ങളും മരുന്നുകളും സന്തോഷപൂർവ്വം ഞാൻ സ്വീകരിക്കുന്നു. എന്റെ മുറിവു ഞാൻതന്നെ വച്ചുകെട്ടിക്കൊള്ളാം. ഞാൻ എങ്ങനെയാണു നിങ്ങളെ സംബോധനചെയ്യേണ്ടതെന്നു ദയവായി പറഞ്ഞാലും." ആ മനുഷ്യൻ പറഞ്ഞു.

"എന്നെ 'സിസ്റ്റർ' എന്നു വിളിച്ചാൽ മതി."

"കൊള്ളാം സിസ്റ്റർ, നിങ്ങൾ എന്നെ വന്നു കണ്ടതിൽ എനിക്കു വളരെ സന്തോഷമുണ്ട്. നിങ്ങൾ ഇനിയും വരുമോ?"

"ആവശ്യംപോലെ ദിവസത്തിൽ രണ്ടോ മൂന്നോ തവണ വേണമെങ്കിൽ വന്നുകൊള്ളാം. എന്നാൽ ഇപ്പോൾ ഞാൻ പോകട്ടെ."

"വന്ദനം." അവർ വിരമിച്ചു.

* * *

മെക്സിക്കോ രാജ്യത്തിന്റെ അതിർത്തികളിൽ വളരെ വിശാലങ്ങളായ വിജനപ്രദേശങ്ങളുണ്ട്. അവയിൽക്കൂടി കടന്നുപോകുന്ന യാത്രക്കാരെയും പ്രാന്തങ്ങളിൽ താമസക്കാരായ ഗ്രാമവാസികളെയും കൊള്ളയടിച്ചു ജീവിതം നയിക്കുന്ന "ബില്ലി"കവർച്ചസംഘം വളരെ കുപ്രസിദ്ധമാണ്. ഭീകരമായ കൊള്ളകളും കൂട്ടക്കൊലകളും നടത്തുന്നതിനു അവർക്കു യാതൊരു സങ്കോചവുമില്ല. തദ്ദേശാധിപവൃന്ദങ്ങളും അവരെ വളരെ ഭയപ്പെട്ടിരുന്നു. ഈ സംഘത്തിലെ കരശമാണ് നിരാധാരനായ ആ ഇരുട്ടുമുറിയിൽ കിടന്നിരുന്നതു്. ഷ്നീഡർ എന്ന പേരിലാണ് അയാൾ അറിയപ്പെട്ടിരുന്നതും.

ബില്ലിസംഘത്തിൽപ്പെട്ട ജാക്കും ഷ്നീഡറും തമ്മിൽ ഏതോ കാരണവശാൽ വൈരമുണ്ടായി. രണ്ടുപേരും അതു പുറത്തു കാണിക്കാതെ, അടുത്തു കിട്ടുന്ന ഏറ്റവും പറ്റിയ അവസരത്തിൽ, പ്രതിയോഗിയെ കൊലപ്പെടുത്തണമെന്നു ദൃഢനിശ്ചയം ചെയ്തിരുന്നു. പക്ഷേ അപ്പോഴും അവർ ഒരുമിച്ചു യാത്രചെയ്യും; ഒരുമിച്ചു ഭക്ഷിക്കും; ഒരുമിച്ചുതന്നെ വിശ്രമിക്കും. ഇങ്ങനെ ദിവസങ്ങൾതന്നെ പലതു കടന്നുപോയി. ഒരു ദിവസം അവർ രണ്ടുപേരും ഒരുമിച്ചു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ, അതുതന്നെ അവസരമെന്നു കരുതി പ്രതിയോഗിയുടെ നേരെ രണ്ടുപേരും കൈത്തോക്കു നീട്ടിക്കഴിഞ്ഞു. ജാക്ക് മരിച്ചുപോയി. ഷ്നീഡറുടെ തുടയ്ക്കാണു ഉണ്ട കയറിയതു്. ഷ്നീഡറിനെ ട്രിനിഡാഡു നഗരത്തിനടുത്തു ഒഴിഞ്ഞുകിടന്ന ഒരു ഇരുട്ടുമുറിയിൽ കൊണ്ടിട്ടിട്ട് കൂട്ടുകാർ പോയി. പരിത്യക്തനും നിരാശ്രയനുമായ ഇയാളുടെ കഷ്ടസ്ഥിതിയെപ്പറ്റി കേട്ടപ്പോഴാണു ഉപവിയുടെ സഹോദരീസംഘത്തിൽപ്പെട്ട സിസ്റ്റർ ബെല്ലറ്റീനാ അയാളുടെ സഹായത്തിനു ഓടിയെത്തിയതു്.

ദിവസങ്ങൾ കഴിഞ്ഞു; ആഴ്ചകൾ കഴിഞ്ഞു; മാസങ്ങളും ചിലതു കടന്നുപോയി. സിസ്റ്റർ ബെല്ലറ്റീനായുടെ സ്നേഹസമ്പന്നമായ പരിചരണങ്ങൾ തുടർന്നുകൊണ്ടിരുന്നു. നിശ്ശബ്ദമായ സേവനം! ഒരു ദിവസം ശുശ്രൂഷകൾ കഴിഞ്ഞു സിസ്റ്റർ യാത്രയായി.

"സിസ്റ്റർ, ഇത്ര നാളായിട്ടും എന്താണ് നിങ്ങളുടെ മതത്തെപ്പറ്റി എന്നോടു ഒന്നും പറയാത്തതു്?" ഷ്നീഡർ ആരാഞ്ഞു.

സിസ്റ്റർ ബെല്ലറ്റീനാ അയാളുടെ മുഖത്തു നോക്കി അർത്ഥഗർഭമായി ഒന്നു പുഞ്ചിരിയിട്ടു മന്ദഹാസം ചെയ്തു.

ഷ്നീഡർ: "എനിക്കു സിസ്റ്ററോടു ചില കാര്യങ്ങൾ പറയുവാനുണ്ട്. സിസ്റ്റർ ആദ്യം ഇവിടെ വന്ന അവസരംതന്നെ എനിക്കു വളരെ ഉത്തേജകമായിരുന്നു. "ആ വെടിയുണ്ട നിങ്ങളുടെ മണ്ടയിൽ കയറാതിരുന്നതു ഭാഗ്യമായി" എന്നു സിസ്റ്റർ ആദ്യം പറഞ്ഞ ആ വാചകം ഞാൻ നല്ലപോലെ ഓർമ്മിക്കുന്നു. ആ വാചകമാണ് എന്നെ ഉന്മേഷവാനാക്കിയതു്. ഒരു ധർമ്മവ്യക്തിയാണ് എന്റെ മുമ്പിൽ നിൽക്കുന്നതെന്നു അപ്പോൾതന്നെ ബോദ്ധ്യപ്പെട്ടിരുന്നു. നേരെമറിച്ചു അന്നു സിസ്റ്റർ മതത്തെയോ അനുതാപത്തെയോ മോക്ഷത്തെയോ സംബന്ധിച്ചു എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ ആ ക്ഷണത്തിൽതന്നെ ഞാൻ നിങ്ങളെ പുറത്താക്കുമായിരുന്നു."

ഈ പ്രസ്താവം സിസ്റ്റർ ബെല്ലറ്റീനായ്ക്കു വളരെ പ്രത്യാശാസ്പദമായി. തന്റെ പതിവായ അതിവാത്സല്യപ്രദർശനമാണോ അയാൾക്കു മനസ്സുമാറ്റത്തിനു കാരണമായിത്തീർന്നതു എന്നുള്ള ആശങ്ക ഇതുവരെയും അവരെ അലട്ടിയിരുന്നു. ഇതികർത്തവ്യതാമൂഢയായി അന്നങ്ങനെ പറഞ്ഞു പറയണം. എങ്കിലും ദൈവാനുഗ്രഹം അതു അയാളെ ഉന്മേഷവാനാക്കിയല്ലോ എന്നോർത്തു ആത്മനാ അവർ ദൈവത്തിനു നന്ദിപറഞ്ഞു.

ഷ്നീഡർ ജിജ്ഞാസയോടുകൂടി ചോദിച്ചു:

"സിസ്റ്റർ, ദൈവം എന്നോടു ക്ഷമിക്കുമെന്നു സിസ്റ്റർ വിചാരിക്കുന്നുണ്ടോ?"

സിസ്റ്റർ ബെല്ലറ്റീനാ: "നിങ്ങളുടെ പാപങ്ങൾ കുന്നിനെപ്പോലെ ഉയർന്നതോ, കടൽത്തീരത്തിലെ മണൽത്തരിപോലെ എണ്ണിപ്പാടില്ലാത്തതോ ആയിരുന്നാലും എനിക്കു തിരിയുക, ഞാൻ അവയെല്ലാം ക്ഷമിക്കാം" എന്നല്ലേ കർത്താവു അരുളിച്ചെയ്തിട്ടുള്ളതു്?"

ഷ്നീഡർ: "പക്ഷേ, ഞാൻ ചെയ്തിട്ടുള്ള ചില ഭയങ്കരകൃത്യങ്ങൾ ഞാൻ സിസ്റ്ററോടു പറയാം. എന്നിട്ടു സിസ്റ്റർ പറയുക, ദൈവം എന്നോടു ക്ഷമിക്കുമോ എന്നു."

പരമാർത്ഥിയായ ഒരു പിഞ്ചുപൈതൽ അതിന്റെ പ്രവൃത്തികളെ സ്നേഹമുള്ള ഒരു മാതാവിന്റെ മടിയിലിരുന്നു പറയുംപോലെ അയാൾ തന്റെ ജീവിതചരിത്രം മുഴുവനും അവിടെ എണ്ണിയെണ്ണി വിവരിച്ചു. പഥികരെ വഴിതെറ്റിച്ചുകൊണ്ടുപോയി കവർച്ചനടത്തിയതും കൊലപ്പെടുത്തിയതും ഗ്രാമവാസികളുടെ ആട്ടുമാടുകളെ വിനോദത്തിനുവേണ്ടിപ്പോലും അപഹരിച്ചതും അവയുടെ ഉടമസ്ഥന്മാരായി ഏറ്റുമുട്ടിയതും ഇങ്ങനെ പല നീചസംഭവങ്ങൾ അയാൾക്കു പറയാനുണ്ടായിരുന്നു. ഉദ്വേഗത്തോടുകൂടി അവസാനമായി അയാൾ വീണ്ടും ചോദിച്ചു: "സിസ്റ്റർ. ഈ കുറ്റങ്ങളെല്ലാം ദൈവം എന്നോടു ക്ഷമിക്കുമോ?"

സിസ്റ്റർ: "ഹൃദയതാപത്തോടുകൂടി എനിക്കു തിരിയുക; ഞാൻ എല്ലാം ക്ഷമിക്കാം" എന്നല്ലേ കർത്താവു വാഗ്ദാനം ചെയ്തിട്ടുള്ളതു്?"

ഷ്നീഡർ: "എന്റെ പാപങ്ങളെല്ലാം ദൈവം ക്ഷമിക്കുമെന്നു സിസ്റ്റർ വിശ്വസിക്കുന്നു. എനിക്കതിൽ സംശയമില്ല. (അല്പം ആലോചിച്ചിട്ടു) എന്നാൽ എന്താണ് ദൈവം എന്നോടു ചെയ്യാൻപോകുന്നതെന്നു ഞാൻ പറയട്ടെ? പൈശാചികമായ എന്റെ പ്രവൃത്തികളെക്കുറിച്ചെല്ലാം മാപ്പുകൊടുക്കാൻ സിസ്റ്ററെ വഴിയായി എന്നെ പ്രേരിപ്പിക്കുകയാണു ദൈവം. എന്തിനാണെന്നറിയാമോ? വളരെ പണവും പണ്ടങ്ങളുമായി കൊണ്ടുപോയിരുന്ന യാത്രക്കാരെ ആകർഷിച്ചു വഴിതെറ്റിച്ചു ഞാൻ കൊള്ളയടിക്കുകയും ആ സാധുക്കളെ കൊലപ്പെടുത്തുകയും ചെയ്തതുപോലെ ദൈവവും എന്നെ ആകർഷിച്ചു ഉഴപ്പിച്ചു നരകത്തിലേക്കു തള്ളിയിടുവാനാണ്. മനസ്സിലായോ സിസ്റ്റർ!"

സിസ്റ്റർ: "അങ്ങനെ ഞാൻ ഒന്നു ചോദിക്കട്ടെ. ക്രിസ്തുവിന്റെ വലത്തുഭാഗത്തു കുരിശിൽ തൂങ്ങിക്കിടന്ന കള്ളൻ അവിടുത്തോടു "നിന്റെ രാജ്യത്തിലായിരിക്കുമ്പോൾ എന്നെ ഓർക്കണമേ" എന്നു അനുതാപത്തോടുകൂടി അപേക്ഷിച്ചപ്പോൾ അവിടുന്നു എന്താണു ചെയ്തതു്?"

ഷ്നീഡർ: "ഞാനോർക്കുന്നില്ല; സിസ്റ്റർ."

സിസ്റ്റർ: "ക്രിസ്തു അവന്റെ നേരെ തിരിഞ്ഞുകൊണ്ടു "ഇന്നു നീ എന്നോടുകൂടി പറുദീസയിലായിരിക്കും" എന്നാണു പറഞ്ഞതു്."

ഷ്നീഡർ: "ഓ, ഇതു മനോഹരമായിരിക്കുന്നു."

അയാൾ വീണ്ടും ചിന്തിച്ചു തുടങ്ങി. അല്പം കഴിഞ്ഞു വീണ്ടും പറഞ്ഞു:

"പക്ഷേ, എന്റെ സംഘക്കാർ ഇതറിയുമ്പോൾ എന്തു വിചാരിക്കും? ഞാൻ പശ്ചാത്താപം പ്രകടിപ്പിക്കുകയാണു്: ഏയ്. അതു ശരിയാകുകയില്ല. തീയിൽ ചാടേണ്ടിവന്നാലും അതില്ല!"

സിസ്റ്റർ: "അതു് അനുഭവിച്ചറിയേണ്ടതാണ്."

ഷ്നീഡർ: "ഇല്ല സിസ്റ്റർ, വേണമെങ്കിൽ പന്തയം വയ്ക്കാം."

സിസ്റ്റർ: "കൊള്ളാം. ഒരു ചെറിയ [illegible] നമുക്കൊന്നു പരീക്ഷിച്ചു നോക്കാം. (അടുത്തുണ്ടായിരുന്ന അലമാരിയിൽനിന്നു എരിയുന്ന ഒരു കർക്കരിക്കഷണം എടുത്തുകൊണ്ടുവന്നിട്ടു സിസ്റ്റർ പറഞ്ഞു) പത്തുമിനിട്ട്, വേണ്ട, പത്തു സെക്കണ്ടു നേരത്തേക്കു ഒരു വിരൽമാത്രം ചൂടിന്മേൽ വയ്ക്കൂ. അനുഭവമാകാമല്ലോ."

ഷ്നീഡർ: "ഈ കാര്യങ്ങളെക്കുറിച്ചു ഞാൻ ഒന്നുകൂടി സാവകാശം ചിന്തിക്കട്ടെ, സിസ്റ്റർ."

സിസ്റ്റർ ബെല്ലറ്റീനാ യാത്രപറഞ്ഞു പിരിഞ്ഞു. പിന്നീടു അതിനെപ്പറ്റി പറയുന്നതിനു അയാൾ ഇഷ്ടപ്പെട്ടതേയില്ല. പ്രലോഭനങ്ങൾ അയാളെ അലട്ടുന്നുണ്ടായിരിക്കാം.

* * *

ഷ്നീഡറുടെ സ്വന്തമതവിഭാഗത്തിൽപ്പെട്ട ഒരു ഉപദേശി അയാളുടെ പരിചരണങ്ങൾ സ്വയം ഏറ്റെടുത്തുകൊണ്ടു രംഗത്തുവന്നതോടെ സിസ്റ്റർ ബെല്ലറ്റീനാ അധികം അന്വേഷിച്ചില്ല. പ്രസ്തുത ഉപദേശകൻ അയാളെ സന്ദർശിച്ചിട്ടില്ല എന്നു കേട്ടു സിസ്റ്റർ വീണ്ടും അയാളെ തിരക്കിയിറങ്ങി. രോഗിയുടെ മുറിയിൽ യാതൊരു ശബ്ദവും കേൾക്കാനില്ലായിരുന്നു. എല്ലാം നിശ്ശബ്ദം. ശ്രദ്ധാപൂർവ്വം സിസ്റ്റർ വാതിലിൽ ഇന്നു അകത്തു പ്രവേശിച്ചു. ഭയാനകമായ ഒരു രംഗം! രോഗി കിടക്കയിൽ നിവർന്നുകിടക്കുന്നു. അയാളുടെ ദൃഷ്ടികൾ നേരെ മുകളിൽ ഉറപ്പിച്ചിരിക്കുന്നു. ഒരു കൈത്തോക്കു വലതുകരത്തിൽ ശിരസ്സിനു നേരെ ചൂണ്ടിപ്പിടിച്ചിരിക്കുന്നു. സംഭവിച്ചതു എന്തായിരിക്കാമെന്നു സിസ്റ്റർ തൽക്ഷണം മനസ്സിലാക്കി. മിന്നൽവേഗത്തിൽ തോക്കു കൈവശപ്പെടുത്തിക്കൊണ്ടു സഹജമായ വിനോദസ്വരത്തിൽ സിസ്റ്റർ പറഞ്ഞു: "ഛയ്യ്, കിടക്കയിൽ കിടന്നുകൊണ്ടു വെടി പരിശീലിക്കുക; അതു ശരിയല്ല."

ഷ്നീഡർ: "ഈ സമയത്തു സിസ്റ്റർ എവിടെനിന്നു വന്നു? ഇതത്ഭുതംതന്നെ!"

സിസ്റ്റർ അതേപ്പറ്റി ഒന്നും പരാമർശിച്ചില്ല. അയാൾക്കു ഭക്ഷണസാധനങ്ങളും മറ്റും വിളമ്പിക്കൊടുത്തു. പരിചരണം പതിവുപോലെ തുടർന്നു.

ഒരാഴ്ചകൂടി അങ്ങനെ കടന്നുപോയി. പതിവുള്ള സന്ദർശനം കഴിഞ്ഞു സിസ്റ്റർ ബെളർതീനാ യാത്രപറഞ്ഞപ്പോൾ രോഗി അവരോടു പറഞ്ഞു:

"സിസ്റ്റർ, ഞങ്ങളുടെ സംഘത്തലവനായ ബില്ലിയും പാർട്ടിയും അടുത്ത ശനിയാഴ്ച രണ്ടു മണിക്കു ഇവിടെ വരുന്നുണ്ട്. അതെന്തിനാണെന്നറിയാമോ? ഈ ട്രിനിഡാഡിലുള്ള നാലു ഡോക്ടർമാരുടെയും തല കൊണ്ടുപോകാനാണ്. ഞാൻ ഇത്ര നാളും ഇവിടെ കിടന്നിട്ടും അവരിൽ ആരും ഇവിടെ വന്ന് എൻറെ തുടയിൽ ഉള്ളിൽ കയറിയിട്ടുള്ള വെടിയുണ്ട എടുത്തുകളഞ്ഞു എന്നെ രക്ഷിക്കുന്നതിനു സന്മനസ്സു കാണിച്ചില്ലല്ലോ. അവരെ ഒരു പാഠം പഠിപ്പിക്കണം."

സിസ്റ്റർ: "ഇതറിഞ്ഞസ്ഥിതിക്കു ഞാൻ മൗനമായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?" ഉദ്വേഗസ്വരത്തിൽ ബെളർതീനാ പറഞ്ഞു.

ഷ്നീഡർ: "സിസ്റ്റർ അതിനെന്തു ചെയ്യും?"

സിസ്റ്റർ: "ശനിയാഴ്ച രണ്ടുമണിക്കു ബില്ലിസംഘത്തെ ഞാൻ നേരിട്ടു കാണും." (രോഗി പൊട്ടിച്ചിരിച്ചു)

ഷ്നീഡർ: "[illegible]യായ ബില്ലിക്കും സംഘത്തിനും സിസ്റ്ററെ കാണുന്നതു വലിയ സന്തോഷമായിരിക്കും. നിങ്ങളുടെ അപൂർവമായ ഈ സേവനങ്ങളെല്ലാം അവർ അറിഞ്ഞിട്ടുണ്ട്."

പ്രതീക്ഷിതമായ ആ ശനിയാഴ്ച സമാഗതമായി. കൃത്യസമയത്തു സിസ്റ്റർ ബെളർതീനാ സ്ഥലത്തെത്തി. രോഗിയുടെ ചുറ്റിലും ബില്ലി സംഘം അണിനിരന്നിരുന്നു. ഉഗ്രമൂർത്തികളായ യുവകേസരികൾ! ഉന്മേഷവാനായ ഷ്നീഡർ അവരെ സിസ്റ്ററിനു പരിചയപ്പെടുത്തിക്കൊടുത്തു.

ബില്ലി: "സിസ്റ്റർ, നിങ്ങളെ കണ്ടുമുട്ടുന്നതിനു ഇടയായതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. നിങ്ങൾക്കുവേണ്ടി എന്തെങ്കിലും സേവനം ചെയ്യുന്നതിനു എനിക്കു അതിയായ അഭിലാഷമുണ്ട്."

സിസ്റ്റർ: "കൊള്ളാം. എനിക്കുവേണ്ടി ഒരുപകാരം ചെയ്യാൻ നിങ്ങൾക്കു കഴിയും."

ബില്ലി: "ആ അഭീഷ്ടം ഇതാ സാധിച്ചിരിക്കുന്നു. എന്താണെന്നു പറഞ്ഞാലും."

സിസ്റ്റർ: "ട്രിനിഡാഡിലെ ഞങ്ങളുടെ ഡോക്ടർമാരെ ശിരച്ഛേദംചെയ്യുന്നതിനാണ് നിങ്ങൾ പുറപ്പെട്ടിരിക്കുന്നതെന്ന് എനിക്കറിയാം. ആ ഉദ്യമത്തിൽനിന്നു നിങ്ങൾ വിരമിക്കണം."

ഒരു വിഭ്രാന്തി അവിടെ പ്രത്യക്ഷമായി. ബില്ലി ഷ്നീഡരെ രൂക്ഷിച്ചു നോക്കി. അയാൾ അസ്വസ്ഥത പ്രകടിപ്പിച്ചു. എന്നാൽ ആ കവർച്ചത്തലവൻ സിസ്റ്ററുടെ നേരെ തിരിഞ്ഞു ഉച്ചസ്വരത്തിൽ പറഞ്ഞു: "സിസ്റ്റർ, ഇതു ഞാൻ ഉദ്ദേശിച്ചില്ല. എങ്കിലും എൻറെ വാഗ്ദാനമനുസരിച്ചു ഇതാ ആ ഉദ്യമത്തിൽനിന്നു ഞങ്ങൾ വിരമിക്കുന്നു. മാത്രമല്ല, സിസ്റ്റർ, എന്നെക്കൊണ്ടോ എൻറെ അനുയായികളെക്കൊണ്ടോ ഇനിയും എന്തെങ്കിലും സേവനം നിങ്ങൾക്കു വേണ്ടി ചെയ്യുന്നതിനു അവസരമുണ്ടായാൽ സസന്തോഷം ഞങ്ങൾ അതു നിർവ്വഹിക്കും. വന്ദനം."

കൊള്ളത്തലവനും അനുചരന്മാരും കന്യാസ്ത്രീയുടെ ഉററമിത്രങ്ങളായി മടങ്ങിപ്പോയി. ട്രിനിഡാഡിലെ ഡാക്ടർമാരുടെ ജീവൻ രക്ഷിക്കപ്പെട്ടു. സിസ്റ്റർ ബെളർതീനാ ദൈവത്തിനു കൃതജ്ഞത പറഞ്ഞുകൊണ്ടു മഠത്തിലേക്കു മടങ്ങിപ്പോയി. ഷ്നീഡരുടെ മുറിവു മാരകമായിരുന്നതുകൊണ്ട് ഏതാനും ദിവസങ്ങൾക്കുശേഷം അയാൾ മരണമടഞ്ഞു.

നിസ്വാർത്ഥസേവനത്തിൻറെ അത്ഭുതഫലങ്ങൾ!

ത്യാഗസന്നദ്ധയായ സിസ്റ്റർ ബെളർതീനാ നിസ്വാർത്ഥമായ നിരവധി സേവനങ്ങൾ അനുഷ്ഠിച്ചു 9 വയസ്സുവരെ ജീവിച്ചു. 1943-ൽ ഉപവിയുടെ സന്യാസിനികളുടെ മാതൃഭവനത്തിൽവച്ചു നിത്യവിശ്രാന്തിയടഞ്ഞു. എത്രയെത്ര കന്യാസ്ത്രീകൾ കർത്താവിൽ ഈദൃശ നിസ്വാർത്ഥസേവനം അനുഷ്ഠിച്ചു ലോകത്തെ പ്രകാശിപ്പിക്കുന്നില്ല!

(Adapted From Catholic Digest)

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### X

### കാർമ്മികൻ

ഇതുവരെയുള്ള പ്രതിപാദനത്തിൽനിന്നു പാപവിമോചനാധികാരം ക്രൈസ്തവസഭയിലെ സകല അംഗങ്ങൾക്കും പൊതുവിലുള്ള ഒന്നല്ലെന്നു വിശദമായിരിക്കുമല്ലോ. വിശ്വാസികളുടെ മനസ്സാക്ഷിയെ സ്പർശിക്കയും ഈശ്വരസമക്ഷം പാപങ്ങൾ പോക്കുകയും ചെയ്യുന്ന പ്രസ്തുത ശ്രേഷ്ഠാധികാരം ആത്മപിതൃസ്ഥാനീകരണാർത്ഥം ദൈവത്താൽ നിയുക്തരായവർക്കുമാത്രം സിദ്ധിക്കുന്നൊന്നാണെന്നു പ്രസ്പഷ്ടമാണ്. അതു കൈകാര്യംചെയ്യുന്ന ആൾക്കു രണ്ടു യോഗ്യതകൾ അവശ്യം ആവശ്യമാണ്—പൗരോഹിത്യവും ആത്മപാലനാധികാരവും.

മെത്രാന്മാർക്കും വൈദികന്മാർക്കും മാത്രമേ പാപങ്ങൾ വിമോചിക്കുവാനധികാരമുള്ളു. പ്രസിദ്ധമായ ത്രിദന്തീനോസ് സൂനഹദോസ് അദ്ധ്യവസാനം ചെയ്തിട്ടുള്ളതാണ് ഈ സിദ്ധാന്തം. പ്രസ്തുത സൂനഹദോസ് അരുളിച്ചെയ്യുന്നു (Ses. 14 Ch. 10.): "ചാവുദോഷത്തിലിരിക്കുന്ന പുരോഹിതന്മാർക്കു കൂടി പാപം അഴിക്കുവാനുള്ള അധികാരമില്ലെന്നോ, അഥവാ പട്ടക്കാർ മാത്രമല്ല പാപവിമോചനത്തിൻറെ കാർമ്മികരെന്നോ, 'നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും ബന്ധിക്കപ്പെടുമെന്നും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടു'മെന്നും ഓരോ ക്രിസ്തുവിശ്വാസിയോടുമാണ് പറയപ്പെട്ടിരിക്കുന്നതെന്നോ ശഠിക്കുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ."

പാപസങ്കീർത്തനത്തിൻറെ ദിവ്യസ്ഥാപനത്തെ സമർത്ഥിക്കുന്ന വിശുദ്ധഗ്രന്ഥവാക്യങ്ങളിൽനിന്നും, പാരമ്പര്യസാക്ഷ്യങ്ങളിൽനിന്നും രണ്ടു കാര്യങ്ങൾ സുസ്പഷ്ടം തെളിയുന്നുണ്ട്. ശ്ലീഹന്മാർക്കും അവരുടെ ന്യായമുറയ്ക്കുള്ള പിൻഗാമികൾക്കുമാണു ക്രിസ്തു പാപവിമോചനാധികാരം പ്രദാനം ചെയ്തതു; പ്രസ്തുതാധികാരമാകട്ടെ ന്യായവിധിമുറയിലാണു പ്രയോഗിക്കപ്പെടേണ്ടതു്. ന്യായവിചാരണാധികാരം സഭയിലെ ഭരണാധികാരികൾക്കല്ലാതെ, സഭാംഗങ്ങൾക്കു മുഴുവനുമുണ്ടെന്നു ആരും വാദിക്കയില്ലല്ലോ.

സഭാപിതാക്കന്മാർ ഉന്നയിപ്പറഞ്ഞിട്ടുള്ളതും അപ്പസ്തോലന്മാർക്കും അവരുടെ അനന്തരാവകാശികൾക്കും മാത്രമുള്ള ഒരു വിശേഷവരമാണ് പാപവിമോചനാധികാരമെന്നാണ്. മേലുദ്ധരിച്ച അവരുടെ സാക്ഷ്യങ്ങളിൽ ഇതു വ്യക്തമാകയാൽ അവ ആവർത്തിക്കേണ്ട ആവശ്യമില്ല. തെർത്തുല്യൻറെ ശിഷ്യനായിരുന്ന വി. സിപ്രിയാനോസ് "പാപസങ്കീർത്തനം" എന്ന തൻറെ ഗ്രന്ഥത്തിൽ പാപസങ്കീർത്തനം നടത്തുവാൻ പാപികളെ ഉൽബോധിപ്പിച്ചുകൊണ്ടു പറയുന്നു: "പുരോഹിതന്മാർ മുഖേനയുള്ള പ്രായശ്ചിത്തവും വിമോചനവും കർത്താവിൻറെ സമക്ഷം സ്വീകാര്യമാണ്."

പാപവിമോചനം സാധുവാകണമെങ്കിൽ പുരോഹിതപദവി മാത്രം പോരാ; ആത്മപരിപാലനാധികാരംകൂടി ആവശ്യമാണ്. ഇതാകട്ടെ തിരുസഭാദ്ധ്യക്ഷന്മാർ നല്കിയാലല്ലാതെ പൗരോഹിത്യസ്വീകരണംകൊണ്ടുമാത്രം ആർക്കും കൈവരുന്നതല്ല. അതിസ്വാഭാവികമായ അന്ത്യത്തിലെത്തിച്ചേരത്തക്കവിധം വിശ്വാസികളെ നയിക്കുവാനുള്ള അധികാരമാണല്ലോ സഭാസംബന്ധമായ ഭരണാധികാരം. അതിനു മൂന്നു വശങ്ങളുണ്ട്: നിയമനിർമ്മാണാധികാരം; നിർണ്ണയാധികാരം; ശിക്ഷണാധികാരം. പാപസങ്കീർത്തനം ന്യായവിചാരണാരീതിയിലാണു പരികർമ്മം ചെയ്യേണ്ടതു്. ആകയാൽ നിർണ്ണയാധികാരമാണ് അതിനു ആവശ്യം.

പാപസങ്കീർത്തനത്തിൻറെ സാധുതയ്ക്കു ഉദ്യോഗസഹജമായതോ, മേലധികാരിയാൽ പ്രത്യേകം അനുവദിക്കപ്പെട്ടതോ ആയ ആത്മപാലനാധികാരം അത്യാവശ്യമാണെന്നു ത്രിദന്തീനോസ് സൂനഹദോസ് നിസ്സംശയം പ്രഖ്യാപിക്കുന്നുണ്ട്. പ്രസ്തുത വ്യവസ്ഥയുടെ ന്യായയുക്തത ഗ്രഹിപ്പാൻ പ്രയാസമില്ല. പാപം പോക്കുവാനും പിടിക്കുവാനുമുള്ള അധികാരം ന്യായവിചാരണാഭാവത്തിലാണല്ലോ പ്രയോഗിക്കേണ്ടതു്. ആകയാൽ വിധിയാളൻറെ അധികാരത്തിനു കീഴ്പ്പെട്ടിട്ടുള്ളവരുടെയോ ശരിക്കുള്ള മേലധികാരിയാൽ കീഴ്പ്പെടുത്തപ്പെട്ടിട്ടുള്ളവരുടെയോമേൽമാത്രമേ അയാൾക്കു നിർണ്ണയാധികാരം പ്രയോഗിപ്പാൻ അവകാശമുള്ളു. ന്യായാധിപന്മാർ കണ്ടമാനം ആരുടെയും കേസുകൾ വിചാരണചെയ്തുതുടങ്ങിയാൽ നീതിന്യായക്രമം പാടേ തകരുമല്ലോ.

മാർപ്പാപ്പായ്ക്കു തിരുസഭയിലാസകലം സാർവ്വത്രികവും സമ്പൂർണ്ണവുമായ പരമാധികാരമുണ്ട്. മെത്രാന്മാർക്കും വികാരി ജനറാളന്മാർക്കും അതതു രൂപതകളിലും, വികാരിമാർക്ക് അവരുടെ ഇടവകകളിലും ഉദ്യോഗവശാലുള്ള ആത്മപരിപാലനാധികാരമുള്ളതിനാൽ അവരവരുടെ അധികാരാതിർത്തികളിൽ പാപസങ്കീർത്തനക്കൂദാശയെ അവകാശപൂർവ്വം പരികർമ്മം ചെയ്യാവുന്നതാണ്. [illegible]റയ്ക്കുള്ള അധികാരമാകയാൽ മെത്രാനും വികാരിയും സ്വന്തം പ്രജകളുടെ കുമ്പസാരം എവിടെയും കേൾക്കാം. മെത്രാനിൽനിന്നു കുമ്പസാരവരമുള്ള വൈദികന്മാർക്കു രൂപതയിലാസകലം പ്രസ്തുതവരം ഉപയോഗപ്പെടുത്താവുന്നതാണ്. മരണാപകടത്തിലകപ്പെട്ട ആർക്കും പാപവിമോചനം നല്കുവാനുള്ള അധികാരം എല്ലാ പുരോഹിതന്മാർക്കും തിരുസഭാമാതാവു സദയം അനുവദിച്ചിട്ടുണ്ട്.

(പി. കെ)

---

എറണാകുളം

## മെത്രാപ്പോലീത്താതിരുമനസ്സിലെ സന്ദേശം

ഇന്ത്യൻ റിപ്പബ്ലിക്കിൻറെ ഉൽഘാടനം പ്രമാണിച്ചു മലബാർ ലെയ്ക്കത്തോലിക്കാ വർക്കേഴ്സ് കോൺഫറൻസിൻറെ പ്രസിഡണ്ടു എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയുടെ പരിഭാഷയാണ് താഴെ ചേർക്കുന്നതു.

"പല കൊല്ലത്തെ വിദേശാധിപത്യത്തിനുശേഷം ഇന്ത്യൻ പരമാധികാര ഡെമൊക്രാറ്റിക്ക് റിപ്പബ്ലിക്ക് സംജാതമായിരിക്കുന്നതു ഓരോ ഇന്ത്യാക്കാരനും സന്തോഷജനകമായ ഒരു കാര്യമാണ്. സത്യത്തിൻറെ വിജയത്തിനുവേണ്ടി നിലകൊള്ളുന്ന ധർമ്മചക്രത്തോടുകൂടിയ ത്രിവർണ്ണപതാകയ്ക്കു സാർവ്വദേശീയാസംബന്ധങ്ങളിൽ ഇപ്പോൾ അഭിമാനകരമായ ഒരു സ്ഥാനം സംലബ്ധമാകും. വിദേശരാജ്യത്തു ചെല്ലുന്ന ഒരു ഭാരതീയ സന്ദർശകനെ കോൾമയിർക്കൊള്ളിക്കുന്ന ഒരു കാഴ്ചയായിരിക്കും ഇതു്. സ്ഥാനം ഒഴിഞ്ഞുപോകുന്ന ഗവർണ്ണർ ജനറൽ രാജാജിയുടെയും നമ്മുടെ ലോകാഭിവന്ദ്യനേതാവു പണ്ഡിതജിയുടെയും അദ്ദേഹത്തിൻറെ അക്ഷീണനായ സഹപ്രവർത്തകൻ സർദാർ പട്ടേലിൻറെയും സംരക്ഷണയിൽ സ്വാതന്ത്ര്യവുമായി നടത്തിയ രണ്ടു കൊല്ലക്കാലത്തെ പരീക്ഷണം മാതൃഭൂമിക്കു അകത്തും പുറത്തും ഉള്ള ഉദ്ദേശശുദ്ധിയോടുകൂടിയ എല്ലാ ജനങ്ങളുടെയും ദൃഷ്ടിയിൽ ഇന്ത്യയുടെ കീർത്തി ഉയർത്തിയിട്ടുണ്ട്. പ്രസിഡണ്ടു ബാബുരാജേന്ദ്രപ്രസാദിൻറെ കരങ്ങൾകൊണ്ടു ശിശുവായ ഈ റിപ്പബ്ലിക്ക് ശുശ്രൂഷിക്കപ്പെടുമെന്നുള്ളതു ചാരിതാർത്ഥ്യജനകമത്രെ. ന്യായയുക്തമായ അഭിവീക്ഷണത്തിനും ആദ്ധ്യാത്മികമായ മനോഭാവത്തിനും അദ്ദേഹം പ്രകീർത്തിതനാണ്. ഉത്തമത്യാഗപരമായ ആ സമാധാനത്തിൻറെ വഴി തെളിക്കുന്ന മാർഗ്ഗഭ്രംശിതരായ ശക്തികളുടെ പരപരത്ത വളർച്ചയെ ചെറുത്തു കൂടുതൽ വിരസപ്പെടുത്തുന്നതിനും മഹത്തായ ഒരു ഭാരം കരുപ്പിടിപ്പിച്ചുകൊണ്ടുവരുന്നതിനും "സത്യം ഏവ ജയതേ" എന്നു മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ള പ്രസ്തുത വിപ്ലവോപകരണങ്ങളും ജനപ്രതിനിധികളുടെയും സുശക്തനായ ഭരണാധികാരികൾ ഉപയോഗപ്പെടുത്തട്ടെ. ഞാനും എൻറെ പരിപാലനത്തിൻകീഴിലുള്ള റോമൻ കത്തോലിക്കാജനതയും ഇന്ത്യൻ ക്രിസ്ത്യൻ സമുദായവും എന്നുമെന്നപോലെ, അവരുടെ അചഞ്ചലമായ കൂറും ഹൃദയംഗമമായ സഹകരണവും വിശിഷ്ടമായ പ്രാർത്ഥനകളും അർപ്പിച്ചുകൊള്ളുന്നു."

---

## നെഹ്റുവിൻറെ സന്ദേശം

റിപ്പബ്ലിക്ക് ഉൽഘാടനാവസരത്തിൽ ഇന്ത്യയിലെ ജനങ്ങൾക്കായി പ്രധാനമന്ത്രി പണ്ഡിറ്റ്നെഹ്റു നൽകിയ ഒരു സന്ദേശത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

1950 ജനുവരി 26-ാം തീയതി ഇൻഡ്യക്കും ഇൻഡ്യയിലെ ജനങ്ങൾക്കും സുപ്രധാനമായ ഒരു ദിനമാകുന്നു. നമ്മുടെ ദീർഘമായ സമരത്തിൻറെ ഒരു പ്രധാനഘട്ടത്തിൻറെ സംപ്രാപ്തിയാണ് അതു കുറിക്കുന്നതു്. ആ യാത്ര അവസാനിക്കുകയും, പക്ഷേ കൂടുതൽ ക്ലേശകരമായ മറ്റൊരു യാത്രയ്ക്കു വഴി തുറക്കുകയും ചെയ്തിരിക്കുന്നു. ഒരു പ്രതിജ്ഞ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. പ്രതിജ്ഞയുടെ ഏതു പൂർത്തീകരണവും, സംതൃപ്തിയും ഭാവിയുദ്യമങ്ങൾക്കു ശക്തിയും നൽകുകയും ചെയ്യുന്നു.

ഈ ജനുവരി 26-ന് ഒരു പ്രത്യേക പ്രാധാന്യമുണ്ടായിരിക്കുന്നു. എന്തെന്നാൽ ഈ ദിനം വർത്തമാനത്തെ ഭൂതവുമായി ബന്ധിക്കുന്നു. ഈ വർത്തമാനകാലം ആ ഭൂതത്തിൽനിന്നു വളർന്നുപോലെ അനുഭവപ്പെടുകയും ചെയ്യുന്നു. 20 കൊല്ലം മുൻപ് നാം ആദ്യത്തെ സ്വാതന്ത്ര്യപ്രതിജ്ഞചെയ്തു. ആ 20 കൊല്ലത്തിനുള്ളിൽ സമരവും സംഘട്ടനവും പരാജയവും നേട്ടവും എന്താണെന്നു നാം അറിഞ്ഞു. പരാജയമെന്നു തോന്നിയതിൽക്കൂടി വിജയത്തിലേക്കു നമ്മെ നയിച്ചവർ ഇപ്പോൾ നമ്മോടുകൂടിയില്ല. എന്നാൽ അദ്ദേഹത്തിൻറെ പ്രയത്നഫലം ഇന്നു നമ്മുടേതായിരിക്കുന്നു. ഈ ഫലങ്ങളെ നാം എന്തു ചെയ്യുമെന്നതു നമ്മെത്തന്നെ ആശ്രയിച്ചിരിക്കുന്നു.

ഒരു രാജ്യത്തിൻറെ അഭിവൃദ്ധി പലപല കാര്യങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നതു്. അടിസ്ഥാനഘടകങ്ങൾ ഗാന്ധിജി അദ്ദേഹത്തിൻറെ ജീവിതകാലംമുഴുവൻ ഊന്നിപ്പറഞ്ഞിട്ടുള്ളവയാകുന്നു. സ്വഭാവം, മനഃശുദ്ധി, ഉദ്ദേശ്യശുദ്ധി, സഹിഷ്ണുത, സഹകരണം, തീക്ഷ്ണമായ [illegible] എന്നിവതന്നെ. നമ്മുടെ റിപ്പബ്ലിക്കൻ സ്വാതന്ത്ര്യം ഈ അടിസ്ഥാനസ്വഭാവവിശേഷങ്ങളിൽ സ്ഥാപിക്കണമെന്നും നമ്മുടെ മനസ്സിൽനിന്നു ഭീതിയും വിദ്വേഷവും ഒഴിക്കണമെന്നും ജനസാമാന്യത്തിൻറെ അഭിവൃദ്ധിയെപ്പറ്റി എപ്പോഴും ചിന്തിക്കണമെന്നും നമ്മുടെ ജനങ്ങളോട് നിർദ്ദേശിക്കുകമാത്രമേ ഞാൻ ചെയ്യുന്നുള്ളൂ.

ഇന്ത്യൻ റിപ്പബ്ലിക്കിൻറെ ഈ ഉദയം കാണുവാൻ സാധിച്ച നമ്മൾ ഭാഗ്യവാന്മാരാകുന്നു. നമ്മുടെ പിൻഗാമികൾ ഈ ദിനത്തെപ്പറ്റി നമ്മോട് അസൂയപ്പെടുകതന്നെ ചെയ്യും. എന്നാൽ ഭാഗ്യം നമ്മുടെ സംരംഭങ്ങളാൽ ബുദ്ധിപൂർവ്വം സൂക്ഷിക്കേണ്ട ഒരു ജാമ്യക്കാരനാകുന്നു. നമ്മുടെ യത്നങ്ങളെ മയപ്പെടുത്തുകയോ മറ്റു കാര്യങ്ങളിലേക്കു ശ്രദ്ധതിരിക്കുകയോ ചെയ്താൽ കൈയിൽനിന്നു വഴുതിപ്പോകുന്ന ഒരു സ്വഭാവം അതിനുണ്ടായിരിക്കുന്നു. ജയ്ഹിന്ദ്!

കർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്. ബ്രോഡ്‌വേ-എറണാകുളം.

ബോസ്കോബാലരംഗം

# പഠിക്കേണ്ടതെങ്ങനെ?

പ്രിയകുഞ്ഞുങ്ങളേ,

നിങ്ങൾക്കു് ഒരു ചെറിയ ഉപദേശം തരുന്നതിനെ ഇപ്രാവശ്യം വല്യച്ചൻ ഉദ്ദേശിക്കുന്നുള്ളു. അതു കേൾക്കാൻ താല്പര്യമുള്ളവരെല്ലാം കൈപൊക്കുക. പത്തുപതിനായിരം കുഞ്ഞുമക്കൾ കൈപൊക്കിയിരിക്കുന്നതിനെ വല്യച്ചൻ കാണുന്നു. അതുകൊണ്ടു് തുടങ്ങട്ടെയോ? "തുടങ്ങു്വല്യച്ചാ, ഞങ്ങൾ കേട്ടുകൊള്ളാം." എന്നാൽ തുടങ്ങാം.

"അപ്പോഴേക്കും ആ പരീക്ഷയും വന്നടുത്തു. ഇതു വല്ലവണ്ണം ഒന്നു കഴിഞ്ഞെങ്കിൽ മതിയായിരുന്നു", എന്നു നിങ്ങളിൽ പലരും ഈ ദിവസങ്ങളിൽ പറഞ്ഞുതുടങ്ങീട്ടുണ്ടാകും. ഇനി പരീക്ഷയ്ക്കു് ഒന്നരമാസമല്ലേയുള്ളു. "ഈ സമയംകൊണ്ടു് എങ്ങനെ ഇതെല്ലാം പഠിച്ചുകൂട്ടും?" എന്നു ചിലർ ചോദിക്കുന്നുണ്ടാകും. ചിലർ പറയും: "സാരമില്ല. പരീക്ഷയുടെ തലേരാത്രി ഒരിരുപ്പു ഇരുന്നാൽമതി. ഞാൻ ജയിച്ചുകൊള്ളാം." അങ്ങനെ ജയിക്കുന്ന ചുരുക്കംചിലരെ കണ്ടേക്കാം. അധികം പേരെക്കൊണ്ടും അതു സാധിക്കയില്ല. സാധിച്ചാൽത്തന്നെ എന്തുപ്രയോജനം? പരീക്ഷകഴിഞ്ഞു പിറ്റെദിവസം എല്ലാം മറന്നുപോകും. അങ്ങനെ, പഠിച്ചതും പഠിക്കാത്തതും ഒരുപോലെ ആയിത്തീരും. വിദ്യാഭ്യാസംകൊണ്ടു് ഉദ്ദേശിക്കുന്ന മാനസികവികാസം അവർക്കു ലഭിക്കയുമില്ല. വല്യച്ചൻ ഒരു കാര്യം ചോദിച്ചുകൊള്ളട്ടെ. പത്തുദിവസം പട്ടിണികിടന്നശേഷം എല്ലാംകൂടി ഒന്നിച്ചു് തിന്നാമെന്നുവച്ചാൽ അതുകൊണ്ടു് വല്ലഫലവുമുണ്ടോ? അങ്ങനെ ഒന്നിച്ചു തിന്നാൽ അതു ദഹിക്കുമോ? ആഹാരം നല്ലപോലെ ദഹിക്കയും ശരീരത്തിനു പുഷ്ടിലഭിക്കയും ചെയ്യണമെങ്കിൽ, ദിവസംതോറും ക്രമമായി ഭക്ഷിക്കണം. നല്ലവണ്ണം ചവച്ചിറക്കുകയും ചെയ്യണം. അതുപോലെയാണു് ബുദ്ധിയുടെ ആഹാരമായ അറിവു സമ്പാദിക്കേണ്ടതും. ദിവസവും വായിക്കണം. അതാതു ദിവസത്തെ പാഠങ്ങൾ അതാതുദിവസംതന്നെ പഠിക്കണം. ഓരോന്നും മനസ്സിരുത്തി വായിച്ചു മനസ്സിലുറപ്പിക്കണം. നിങ്ങളുടെ മഹല്ലന്മാർ, വായിക്കുന്നതു് Assimilate ചെയ്യണം എന്നെല്ലാം പറയുന്നതു നിങ്ങൾ കേട്ടിട്ടുണ്ടാകും. അതിന്റെ അർത്ഥമെന്താണു? ആഹാരസാധനങ്ങൾ ദഹിപ്പിച്ചു്, അവയിലുള്ള പോഷകാംശങ്ങൾ ശരീരത്തിൽ ലയിപ്പിക്കുന്നതിനെ ഉദ്ദേശിച്ചു ഭക്ഷണം assimilate ചെയ്യുക എന്നു പറയാറുണ്ടു്. അതുപോലെ വായിക്കുകയും കേൾക്കുകയുംമറ്റും ചെയ്യുന്ന സംഗതികളെപ്പറ്റി ആലോചിച്ചു്, അവയുടെ തത്വം ഗ്രഹിക്കണം. അപ്പോൾ അവയെ നിങ്ങളുടെ ബുദ്ധി assimilate ചെയ്യുന്നു പറയാം.

വല്യച്ചൻ പറഞ്ഞതിന്റെയൊക്കെ ചുരുക്കം മനസ്സിലായോ? പാഠങ്ങൾ പഠിക്കാൻ പരീക്ഷയുടെ തലേദിവസംവരെ കാത്തിരിക്കരുതെന്നു്. കൊല്ലത്തിന്റെ ആരംഭംമുതൽ മുടങ്ങാതെ ദിവസവും പഠിക്കണം. പക്ഷെ നിങ്ങളിൽ ചിലർ ചോദിക്കും: "അതിനിപ്പറഞ്ഞിട്ടു് എന്തു പ്രയോജനം വല്യച്ചാ? അഞ്ചാറുമാസം കഴിഞ്ഞില്ലേ? ഇനി കൂടിയാൽ രണ്ടു മാസമല്ലേ ബാക്കിയുള്ളു?" ശരിയാണു മക്കളെ വല്യച്ചൻ തോററുപോയെന്നു സമ്മതിച്ചേക്കാം. പക്ഷെ ഇനിയുള്ള ദിവസങ്ങളെങ്കിലും വേണ്ടപോലെ ഉപയോഗിച്ചുകൂടെ? അതുകൊണ്ടു ഇന്നുമുതൽ എല്ലാദിവസവും മുടങ്ങാതെ വായിക്കുക. എല്ലാററിനും ഒരു സമയംവയ്ക്കുക. രാത്രിമുഴുവനും ഉറക്കിളച്ചിട്ടു് ആവശ്യമില്ല. ഇത്രമണിവരെമാത്രമേ വായിക്കയുള്ളു എന്നു നിശ്ചയിച്ചു, അന്നന്നു പഠിക്കാനുള്ളതെല്ലാം അതിനകം പഠിച്ചുതീർക്കാൻ ശ്രമിക്കണം. രാത്രി ഉറക്കിളച്ച ശേഷം ക്ലാസ്സിൽ വന്നിരുന്നു് ഉറങ്ങുന്ന പലകുട്ടികളെയുംവല്യച്ചൻ കണ്ടിട്ടുണ്ടു്. ചിലർ പരീക്ഷാഹാളിലുമിരുന്നുറങ്ങും. അതിനൊന്നും ഇടയാക്കാതെ സൂക്ഷിക്കണം. സുഖക്കേടു വരുത്താതെയും നോക്കണം.

പഠിക്കേണ്ട വിധത്തെപ്പററി വേറേയും പലകാര്യങ്ങൾ പറവാനുണ്ടു്. തല്ക്കാലം അതിനുദ്യമിക്കുന്നില്ല. എന്നാൽ ഒരു കാര്യം പ്രത്യേകം ഓർപ്പിക്കുന്നു. പരീക്ഷയുടെ ബദ്ധപ്പാടുകൊണ്ടു് പതിവായി നടത്തിവരുന്ന പ്രാർത്ഥനകൾക്കുംമററും മുടക്കം വരുത്തരുതു്. നേരെമറിച്ചു് കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രാർത്ഥിക്കണം. ദൈവം എല്ലാ അറിവിന്റേയും ഉത്ഭവസ്ഥാനമെന്നു് അറിയാമല്ലോ. നിങ്ങൾ എല്ലാവരും പരീക്ഷയിൽ ജയിക്കാൻവേണ്ടി വല്യച്ചൻ പ്രാർത്ഥിക്കാം. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 ഇൻഡ്യൻ റിപ്പബ്ലിക്കിലെ പ്രസിഡണ്ടിന്റെ കാലാവധി എത്ര കൊല്ലമാണു്?

2 പ്രസിഡണ്ടു് മരണം, രാജി എന്നിത്യാദി ഏതെങ്കിലും കാരണത്താൽ ഉദ്യോഗം ഒഴിയേണ്ടിവന്നാൽ പുതിയ പ്രസിഡണ്ടു വരുന്നതുവരെ ഭരണം നടത്തേണ്ടതാരാണു്?

3 മന്ത്രിസഭ രൂപവൽക്കരിക്കുന്നതെങ്ങനെ?

4 ഇൻഡ്യൻ പാർലിമെന്റിൽ എത്ര മണ്ഡലങ്ങളുണ്ടു്? ഏതെല്ലാം?

5 ഓരോ മണ്ഡലത്തിലും എത്ര അംഗങ്ങൾ വീതമുണ്ടു്?

(ഉത്തരങ്ങൾ)

1 5 കൊല്ലം.

2 വൈസ് പ്രസിഡണ്ടു്.

3 പ്രസിഡണ്ടു് പ്രധാന മന്ത്രിയെ നിയമിക്കുന്നു. അനന്തരം പ്രധാനമന്ത്രിയുടെ ഉപദേശമനുസരിച്ചു് മററു മന്ത്രിമാരെ പ്രസിഡണ്ടു നിയമിക്കുന്നു.

4 2 മണ്ഡലങ്ങൾ. കൗൺസിൽ ഓഫ് സ്റ്റേററ്സ്, ഹൗസ് ഓഫ് ദി പീപ്പിൾ (ജനപ്രതിനിധിസഭ).

5 കൗൺസിൽ ഓഫ് സ്റ്റേററ്സിലെ അംഗങ്ങൾ 250-ൽ കൂടാൻ പാടില്ല. അവരിൽ 12 പേരെ പ്രസിഡണ്ടു നിയമിക്കുന്നതായിരിക്കും. ശേഷംപേരെ സ്റ്റേററ്സ് തിരഞ്ഞെടുത്തയക്കുന്നതാണു്. ജനപ്രതിനിധിസഭയിലെ അംഗങ്ങളുടെ എണ്ണം 500-ൽ കൂടരുതു്.

## ഇൻഡ്യൻ റിപ്പബ്ലിക്ക്

ഇൻഡ്യൻ റിപ്പബ്ലിക്കിൽ ആകെ 29 സ്റ്റേററുകളാണുള്ളതു്. അവയെ എ, ബി, സി, ഡി എന്നു 4 പട്ടികകളിലായി തരംതിരിച്ചിരിക്കുന്നു. പട്ടിക എ യിലെ സ്റ്റേററുകൾ മുൻപു പ്രോവിൻസുകൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നവയാണു്. അവയുടെ പേരുകൾ താഴെ ചേർക്കുന്നു: ആസാം, ബീഹാർ, ബോംബെ, മദ്ധ്യപ്രദേശം, മദ്രാസ്, ഒറീസ, പഞ്ചാബു്, യുണൈറഡ് പ്രോവിൻസ്, പശ്ചിമബംഗാൾ.

പട്ടിക ബി യിലെ സ്റ്റേററുകൾ നാട്ടുരാജ്യങ്ങളും നാട്ടുരാജ്യയൂണിയനുകളുമാണു്. ഹൈദ്രബാദ്, കാശ്മീർ, മദ്ധ്യഭാരത്, മൈസൂർ, പെപ്സ് (പട്യാല ആൻറ് ഈസ്റ്റ് പഞ്ചാബ് സ്റ്റേററ് യൂണിയൻ), രാജസ്ഥാൻ, സൗരാഷ്ട്ര, തിരു-കൊച്ചി, വിന്ധ്യപ്രദേശ് ഇവ ഈ പട്ടികയിൽപ്പെടുന്നു.

പട്ടിക സി യിൽ ഇൻഡ്യൻ ഭരണഘടന പ്രഖ്യാപിക്കപ്പെടുന്നതിനുമുമ്പു് ചീഫ് കമ്മീഷണർമാരുടെ കീഴിലായിരുന്ന സ്റ്റേററുകൾ ഉൾപ്പെടുന്നു. അവ താഴെ പറയുന്നവയാണു്: അജ്മീർ, ഭോപാൽ, ബിൽസാപ്പൂർ, കൂച്ചുബീഹാർ, കൂർഗ്, ഡൽഹി, ഹിമാചൽപ്രദേശം, കച്ച്, മണിപ്പൂർ, ത്രിപുരം.

പട്ടിക ഡി, ഇൻഡ്യാ ഗവമ്മെൻറു വക ആൻറമാൻസ് നിക്കോബാർ ദ്വീപുകളാണു്.

ഇൻഡ്യയിലെ ആകെ ജനസംഖ്യ 3380 ലക്ഷമാണു്. അവയിൽ 1740 ലക്ഷം പുരുഷന്മാരും 1640 ലക്ഷം സ്ത്രീകളുമുണ്ടു്. 21 വയസ്സായവർക്കെല്ലാം വോട്ടവകാശമുണ്ടായിരിക്കും.


മഞ്ഞുമ്മൽ ചെറുപുഷ്പമുദ്രാലയത്തിൽനിന്നു
പുറപ്പെടുന്ന പ്രസിദ്ധ കത്തോലിക്കാമാസിക
ചെറുപുഷ്പം
സാമൂഹ്യവും ആദ്ധ്യാത്മികവും ശാസ്ത്രീയവുമായ വിഷയങ്ങളെ പുരസ്കരിച്ചുകൊണ്ടുള്ള ലേഖനങ്ങളും ചെറുകഥകളും കവിതകളും സംഗീതങ്ങളും കറകളഞ്ഞ സാഹിത്യത്തിൽ ഉൾക്കൊള്ളുന്ന, മനോഹരമായ ഒരു മാസികാപ്രസൂനം. വരിസംഖ്യ 2—0—0
കൂടുതൽ വരിക്കാരെ ചേർക്കുന്നവർക്കു തക്കപ്രതിഫലം
മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ

# ജാത്യാഭിമാനവും സത്യവിശ്വാസവും പുലത്താൻ

(ഡാക്ടർ പ്ലാസിഡ്, സി. ഡി., ഡി. ഡി., ഡി. സി. എൽ. പിഎച്ച്. ഡി.)

ഒരു തികഞ്ഞ സാഹിത്യകാരനാണു് ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ. വിമർശകൻ, പണ്ഡിതൻ, ഗവേഷകൻ എന്നീ നിലകളിലെല്ലാം എല്ലാവർക്കും അദ്ദേഹം സുപരിചിതൻതന്നെ. അദ്ദേഹമിപ്പോൾ ചരിത്രരംഗത്തും പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ സാധാരണ ചരിത്രകാരന്മാരുടെ പ്രതിപാദനരീതിയല്ല അദ്ദേഹത്തിന്റേതു്.

ചരിത്രത്തിലും സാഹിത്യത്തിനു് ഗണ്യമായ സ്ഥാനമുണ്ടാകണമെന്നാണു് അദ്ദേഹത്തിന്റെ ദൃഢനിശ്ചയം. തന്നിമിത്തം ആഖ്യായികകളെഎന്നപോലെ ചരിത്രസംബന്ധമായ അദ്ദേഹത്തിന്റെ കൃതികളെ പൊതുജനങ്ങൾ സ്വാഗതംചെയ്തുവരുന്നു. സാധാരണന്മാരിൽപ്പോലും ചരിത്രജ്ഞാനമുളവാക്കാൻ ഇതുപററിയ മാർഗ്ഗം മറെറാന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ!



വിജയപുരം മെത്രാനായി നിയമിതനായിരിക്കുന്ന റവ. ഫാദർ അംബ്രോസ് ഒ. സി. ഡി.

ഇതിനുമുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള ചില ലേഖനങ്ങൾ കൂട്ടിച്ചേർത്തു് തയ്യാറാക്കിയതാണു് "ചരിത്ര ചർച്ച" എന്ന കൃതി.

സ്ഥലപുരാണങ്ങളിലും പാരമ്പര്യത്തിലും ഗ്രന്ഥകർത്താവു് പ്രത്യേകം ശ്രദ്ധപതിച്ചിട്ടുള്ളതു് ഒരു വലിയ സംഗതിയായി നാം കരുതേണ്ടതാണു്. ആധുനികചരിത്രകാരന്മാരിൽ പലരും സമകാലീനരേഖകളോ വസ്തുക്കളോ കാണാതെ ചരിത്രസംഭവങ്ങൾ യഥാർത്ഥങ്ങളായി സ്വീകരിക്കുന്നില്ല. സംഭവം നടന്ന സ്ഥലത്തു പരമ്പരയാ പറഞ്ഞുവരുന്ന വൃത്താന്തങ്ങൾ, സംഭവങ്ങളെ പാരമ്പര്യംവഴി ലക്ഷ്യപ്പെടുത്തുന്ന നടപടികൾ, ആദിയായ പലതിലും ചരിത്രകാരൻ ശ്രദ്ധപതിക്കേണ്ടതാണല്ലോ. ഈവക ഗുണങ്ങളായ പല ഗുണങ്ങളും ഈ കൃതിയെ അലങ്കരിക്കുന്നുണ്ടു്.

പാലയൂർ ഗ്രാമത്തെപ്പററി ഗ്രന്ഥകാരൻ നല്കുന്ന വിവരങ്ങൾ, തോമാശ്ലീഹാ അവിടെ മതപ്രസംഗം ചെയ്തു എന്ന നമ്മുടെ വിശ്വാസത്തെ സ്ഥിരീകരിക്കതന്നെ ചെയ്യുന്നു. സ്ഥലത്തു ചെന്നു അന്വേഷണങ്ങൾ നടത്തിയ ശേഷമാണു് ഈ വിവരങ്ങൾ ഗ്രന്ഥകർത്താവു് രേഖപ്പെടുത്തിയിട്ടുള്ളതു്. അതും അദ്ദേഹത്തിന്റെ സഹജമായ രീതിയിൽ!

പാലയൂർപാരമ്പര്യത്തെ ഈവിധം രേഖാമൂലം സജീവമാക്കിത്തീർത്തതിനു, കേരളീയർ എന്നും ഗ്രന്ഥകർത്താവിനോടു കടപ്പാടുള്ളവരായിരിക്കും.

പകലോമററം കുടുംബത്തെപ്പററിയുള്ള ലേഖനം കുടുംബപാരമ്പര്യത്തിൽ അഭിമാനംകൊള്ളുന്ന കത്തോലിക്കർക്കും അകത്തോലിക്കർക്കും ഒന്നുപോലെ ഹൃദ്യമായിരിക്കും.

കേരളസുറിയാനിസഭയുടെ കെടാവിളക്കുകളായി പരിലസിച്ചിരുന്ന അർക്കദിയാക്കോന്മാരെപ്പററി രസകരമായി പ്രതിപാദിച്ചിരിക്കുന്ന ഭാഗം അനവധി ചരിത്രസംഭവങ്ങളെ വെളിക്കുകൊണ്ടുവരുന്നുണ്ടു്.

"മാർ യൗസേപ്പും മാർ അബ്രാഹവും" പതിനാറാം ശതാബ്ദത്തിലെ സുറിയാനിസഭയുടെ യഥാർത്ഥാവസ്ഥ വെളിപ്പെടുത്തുന്നു. ഗീവറുഗീസ് അർക്കദിയാക്കോൻ, "മാർ സൈമൺറ ആഗമനം" ആദിയായവ ഈ കാലത്തു എല്ലാവരും വായിച്ചിരിക്കേണ്ടതാണു്. യഥാർത്ഥമായ ജാത്യാഭിമാനവുംസത്യവിശ്വാസവും പുലത്തുവാൻ "ചരിത്രചർച്ച" അത്യധികം പ്രയോജനകരമാണെന്നു നിസ്സംശയം പറയാവുന്നതാണു്.

ഇങ്ങനെ ഈ ഗ്രന്ഥത്തിലെ മറെറല്ലാം സംബന്ധിച്ചും ഓരോരോ പ്രത്യേകതകൾ എടുത്തു കാണിക്കുവാൻ കഴിയും.

എല്ലാം ഹൃദ്യമായ രീതിയിലും ആഹ്ലാദജനകമായ ഭാഷയിലും ഗ്രന്ഥകാരൻ വായനക്കാരുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു.

ഇപ്രകാരമുള്ള പ്രസിദ്ധീകരണങ്ങളാൽ നാട്ടുകാരെ ഇനിയും അനുഗ്രഹിക്കണമെന്നുമാത്രമേ...അഭ്യർത്ഥിക്കുവാനുള്ളു!

"ചരിത്രചർച്ച"—വില രൂ 1-12-0.
മാനേജർ, മാർ ലൂയിസ് പ്രസ്സ്
എറണാകുളം

——

വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ

## സന്ദേശം

റിപ്പബ്ലിക് ഉൽഘാടനം പ്രമാണിച്ചു് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനി ഇൻഡ്യൻ റിപ്പബ്ലിക് പ്രസിഡണ്ടിനു് താഴെ ചേർക്കുന്ന കമ്പിസന്ദേശം അയച്ചിരിക്കുന്നു.

Hearty Congratulations on your having been elected the First President of Indian Republic. With assurance of prayers for success and loyalty of myself and my people of Verapoly Archdiocese.

Archbishop Attipetty.

## നിര്യാതയായി

എറണാകുളം സെൻറ് മേരീസ് കന്മലമഠത്തിലെ അംഗമായിരുന്ന റവ. സിസ്റ്റർ ത്രേസ്യാമ്മ ടി. ഒ. സി. ഡി. വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം ജാനുവരി 31-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM, FEBUARY 1, 1950 || No. 23


# അവകാശസംരക്ഷണത്തിൽ ദത്തശ്രദ്ധരായിരിക്കണം

ഭാരതമാതാവിനു പരിപൂർണ്ണസ്വാതന്ത്ര്യം കൈവന്നുകഴിഞ്ഞു. പരമാധികാരത്തോടുകൂടിയ റിപ്പബ്ളിക് എന്ന നിലയിൽ ഏററവും സ്വതന്ത്രങ്ങളായ ലോകരാഷ്ട്രങ്ങളുടെ ഗണത്തിൽ സമുന്നതമായ സ്ഥാനം അവൾക്കു ലഭിച്ചിരിക്കുന്നു. ഭാരതമാതാവിന്റെ സൗഭാഗ്യകരമായ ഈ ഭാഗ്യോദയത്തിൽ അവളുടെ സന്താനങ്ങളായ കത്തോലിക്കർ, വൈദികാദ്ധ്യക്ഷന്മാരും വൈദികരും വിശ്വാസികളും, ആനന്ദംകൊള്ളുന്നു. അവളുടെ സർവതോമുഖമായ ഭാവിശ്രേയസ്സിനുവേണ്ടി ഏററവും വിശ്വസ്തതയോടുകൂടി സേവനംചെയ്യുവാൻ അവർ സന്നദ്ധരായിരിക്കുന്നു. "ഈ മാസം 26-ാംനു- ഇന്ത്യ ഒരു റിപ്പബ്ളിക്കായിത്തീരുന്നതോടുകൂടി ഒരു പുതിയ യുഗത്തിലേക്കു പ്രവേശിക്കുകയാണെന്നും, ഈ രാജ്യത്തിന്റെ സന്താനങ്ങളെന്നനിലയിൽ കത്തോലിക്കർ രാജ്യത്തോടു ഭക്തിയുള്ളവരായിരിക്കണമെന്നും," കർദ്ദിനാൾ ഗിൽറോയി തിരുമേനി അരുളിച്ചെയ്ത വാക്കുകൾ അവർ ശിരസാവഹിക്കുന്നതാണ്.

ഭാരതമാതാവിന്റെ സന്താനങ്ങളിൽ കത്തോലിക്കർ ഒരു ന്യൂനപക്ഷം മാത്രമാണ്. ആകെയുള്ളതിന്റെ ഏകദേശം ഒരുശതമാനമാണ് അവരുടെ ജനസംഖ്യ. എന്നുവരികിലും ഭൂരിപക്ഷസമുദായക്കാർ തങ്ങളോടു നീതിചെയ്യുമെന്നാണ് അവരുടെ വിശ്വാസം. പ്രത്യേക അവകാശങ്ങളൊന്നും അവർ ആവശ്യപ്പെട്ടിട്ടില്ല. ന്യൂനപക്ഷങ്ങളുൾപ്പെടെയുള്ള സകലരുടേയും ജന്മാവകാശങ്ങൾ, മതപരവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ പ്രത്യേകിച്ചും, ജാതിമതഭേദമെന്യേ സമാദരിക്കപ്പെടുന്നതാണെന്നു പുതിയ ഭരണഘടനയിൽ ഉറപ്പുനൽകിയിട്ടുള്ളതുകൊണ്ടുമാത്രം അവർ തൃപ്തരായിരിക്കുകയാണ്. മതേതരരാഷ്ട്രമെന്നനിലയിൽ ഭരണകർത്താക്കളും ഭൂരിപക്ഷസമുദായങ്ങളും ഈ ഉറപ്പുകളനുസരിച്ചുതന്നെ നവീനഭാരതത്തിൽ പ്രവർത്തിക്കുമെന്നാണ് അവരുടെ ദൃഢമായ പ്രതീക്ഷ. എന്നുവരികിലും കത്തോലിക്കർ കണ്ണടച്ചും കൈകെട്ടിയും അലസരായിരുന്നുകൂടാ. തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള അവകാശങ്ങൾ പ്രയോഗത്തിലും സമാദരിക്കപ്പെട്ടുകിട്ടണമെങ്കിൽ അവർ ഉണർവുള്ളവരായിരിക്കണം. അംഗീകരിക്കപ്പെട്ടിട്ടുള്ളതും അംഗീകരിക്കപ്പെടേണ്ടതുമായ തങ്ങളുടെ പൗരാവകാശങ്ങളെ അധികാരികളെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുകയും, പ്രത്യക്ഷമായോ പരോക്ഷമായോ അവയ്ക്കു ഭംഗംവരുത്തുന്ന സർക്കാർനടപടികളെ അപ്പഴപ്പോൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയും, വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യേണ്ടതു് കത്തോലിക്കരുടെ അനുപേക്ഷണീയമായ കർത്തവ്യമാകുന്നു.

### ചില അവകാശലംഘനങ്ങൾ

മതവും വിദ്യാഭ്യാസവും സംബന്ധിച്ചുള്ള അവകാശങ്ങളുടെ കാര്യത്തിലാണല്ലോ കത്തോലിക്കർക്കു സവിശേഷമായ നിഷ്കർഷയുള്ളതു്. അക്കാര്യങ്ങളിൽ അവർക്കുള്ള അവകാശങ്ങൾക്കു ഏതെങ്കിലുംവിധത്തിൽ ഭംഗംവരുത്തുന്ന നടപടികൾ അവർക്കേററം ദുസ്സഹങ്ങളാണ്. ഇപ്പോൾത്തന്നെ ഇത്തരം നടപടികൾ അങ്ങിങ്ങായും ഇടയ്ക്കിടയ്ക്കും അനുഭവപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ചില പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും മതപ്രചരണത്തെ നിയമനിർമ്മാണംകൊണ്ടു തടയുവാൻ ശ്രമങ്ങൾ നടക്കുകയുണ്ടായി. ഒരു ഡിസ്ട്രിക്ററ് മജിസ്ട്രേട്ടിന്റെ മുമ്പിൽ വച്ചല്ലാതെ മതപരിവർത്തനങ്ങൾ നടത്തപ്പെടുവാൻ പാടില്ലെന്നു ശിക്ഷയിൻകീഴ് നിരോധിക്കുന്ന ഒരു വ്യവസ്ഥ സെൻട്രൽ പ്രോവിൻസുകളിലേയും ബീറാറിലേയും 1947-ലെ പബ്ളിക് സേഫ്ററി ആക്ററിൽ കൊള്ളിച്ചിരുന്നതു് ഇതിനൊരു ദൃഷ്ടാന്തമാണ്. ക്രിസ്തീയസംഘടനകളുടെ നിരന്തരമായ നിവേദനങ്ങളുടെ ഫലമായി ഈ നിരോധനവ്യവസ്ഥ പിൻവലിക്കപ്പെട്ടതു് സന്തോഷകരംതന്നെ. എന്നാൽ ചില ചെറിയ നാട്ടുരാജ്യങ്ങളിൽ സുവിശേഷപ്രചാരണത്തെ നിരോധിച്ചിരുന്ന പഴയ ചട്ടങ്ങൾ, ആ നാട്ടുരാജ്യങ്ങൾ സെൻട്രൽ പ്രോവിൻസിലേക്കും ബീറാറിലേക്കും ലയിച്ചുകഴിഞ്ഞശേഷവും, പിൻവലിക്കപ്പെടാതാണിരിക്കുന്നതു്. മതപരമായ ഭ്രഷ്ടുകളെ (മഹറോൻ, നിരോധിക്കുന്ന ഒരു നിയമം ബോംബെപ്രവിശ്യയിൽ പാസാക്കിയതു് വേറൊരു ദൃഷ്ടാന്തമാണ്. ഈ നിയമം മതപരമായ അവകാശങ്ങളിൽ കൈകടത്തുന്നതും, ഇൻഡ്യൻ ഭരണഘടനയുടെ വ്യവസ്ഥകൾക്കു് അക്ഷരത്തിലും അർത്ഥത്തിലും വിപരീതവുമാണെന്നു് പറയേണ്ടതില്ലല്ലോ.

### ഹരിജനോദ്ധാരണശ്രമങ്ങളിൽ

ഹരിജനോദ്ധാരണസംബന്ധമായി മദ്രാസ് ഗവമ്മെൻറ് സ്വീകരിച്ചിരിക്കുന്ന നടപടിയും മതാവകാശലംഘനത്തോടു ബന്ധപ്പെട്ടതാകുന്നു. ഹരിജനങ്ങളെ സാമുദായികമായും സാമ്പത്തികമായും ഉദ്ധരിക്കേണ്ടതു് ഏററവും ആവശ്യകവും കാലോചിതവുമാണെന്നു് ക്രിസ്ത്യാനികൾ ഏററവും സന്തോഷത്തോടുകൂടി സമ്മതിക്കുന്നുണ്ട്. എന്നാൽ ഹരിജനോദ്ധാരണപദ്ധതികളുടെ ഗുണഫലം ഹിന്ദുക്കളായ ഹരിജനങ്ങൾക്കുമാത്രം സംവരണംചെയ്യുകയും, മുസ്ലീമങ്ങളോ ക്രിസ്ത്യാനികളോ ആയ ഹരിജനങ്ങളെ അതിൽനിന്നു പരിഛേദം ഒഴിച്ചുനിർത്തുകയുമാണ് മദ്രാസ് ഗവമ്മെൻറു ചെയ്തിരിക്കുന്നതു്. മതേതരരാഷ്ട്രത്തിന്റെ യഥാർത്ഥമായ സ്വഭാവത്തിനു കടകവിരുദ്ധമാണ് ഈ നടപടിയെന്നു സ്പഷ്ടമാണല്ലോ. ഹരിജനങ്ങൾ ഹിന്ദുക്കളായിരുന്നാലും അഹിന്ദുക്കളായിരുന്നാലും സാമുദായികവും സാമ്പത്തികവുമായ അവശതകളുടെ കാര്യത്തിൽ തുല്യരായിട്ടാണിരിക്കുന്നതു്. എന്നിട്ടും ഹിന്ദുക്കളായ ഹരിജനങ്ങൾക്കുമാത്രമേ അവശതാനിവാരണം ലഭിക്കുകയുള്ളുവെന്നു് നിശ്ചയിക്കുന്നതു് ഹിന്ദുമതത്തോടു കാണിക്കുന്ന പക്ഷപാതവും ഇതരമതങ്ങളോടു കാണിക്കുന്ന അനാദരവുമല്ലാതെ മറെറന്താണ്? നമ്മുടെ ഐക്യസംസ്ഥാനത്തു അനീതിപരമായ ഇത്തരം വ്യത്യസ്തഗണന സ്വീകരിക്കുവാൻ പാടുള്ളതല്ലെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. തദനുസരണം നീതിപരമായ തുല്യഗണന ഹിന്ദുക്കളും അഹിന്ദുക്കളുമായ ഹരിജനങ്ങളുടെ കാര്യത്തിൽ അംഗീകരിക്കപ്പെടുമെന്നുതന്നെ വിശ്വസിക്കാം.

### വിദ്യാഭ്യാസകാര്യത്തിൽ

വിദ്യാഭ്യാസവിഷയത്തിലും മദ്രാസ് ഗവമ്മെൻറിന്റെ ചില ചട്ടങ്ങളും നടപടികളും മൗലികാവകാശങ്ങൾക്കു ഭംഗംവരുത്തുന്നതായിട്ടാണു കാണുന്നതു്. പ്രൈവറേറ്ജൻസികളുടെ വിദ്യാഭ്യാസപരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം അധൈര്യപ്പെടുത്തുവാൻ ഇടയാകത്തക്കവിധത്തിൽ ഡിപ്പാർട്ടുമെൻറു് ഇടപെടുന്നതു് വിദ്യാഭ്യാസാവകാശങ്ങളുടെ ലംഘനമാണല്ലോ. പൊതുഗുണത്തെ ലക്ഷ്യമാക്കിയും ചില പ്രത്യേകസാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചും ഗവമ്മെൻറിടപെടേണ്ടതുതന്നെയെന്നു സമ്മതിക്കാം. അതിൽ കവിഞ്ഞുള്ള ഇടപെടൽ അന്യായമായിരിക്കും. വിദ്യാലയങ്ങളുടെ ഭാവിനടത്തിപ്പിനു് ഉറപ്പുണ്ടാകുവാൻ തക്കവണ്ണം പ്രൈവറേറ്ജൻസികൾ എൻറൗമെൻറുകൾ നൽകേണ്ടതാണെന്നുള്ള മദ്രാസ് ഗവമ്മെൻറിന്റെ നിർബന്ധം ഇങ്ങനെയുള്ളതായിരുന്നു. നിവേദനങ്ങളുടെ ഫലമായി ആ നിർബന്ധത്തിന്റെ കാഠിന്യം വളരെയധികം കുറച്ചിട്ടുണ്ടെന്നു സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. എന്നുവരികിലും 1948ലോ അതിനുശേഷമോ സ്ഥാപിക്കപ്പെട്ടിട്ടുള്ള സകല വിദ്യാലയങ്ങൾക്കും ലഘൂകരിക്കപ്പെട്ടിട്ടുള്ള തോതിലെങ്കിലും എൻറൗമെൻറു് വേണമെന്നുള്ള നിർബന്ധം അനാവശ്യകമാകുന്നു. പുതിയ സ്കൂളുകളുടെ സ്ഥാപനത്തിൽ പ്രൈവറേറ്ജൻസികളെ വിമുഖരാക്കുവാൻമാത്രമേ ഈ നിർബന്ധം പ്രയോജനപ്പെടുകയുള്ളു. അപ്രകാരംതന്നെ വിദ്യാഭ്യാസകെട്ടിടങ്ങളും മററുവകകളും തല്ക്കാലത്തേക്കെങ്കിലും പിടിച്ചെടുക്കുവാൻ ഗവമ്മെൻറിനധികാരം ഉണ്ടായിരിക്കണമെന്നുള്ള നിർബന്ധവും ഏററവും അനാവശ്യകവും അന്യായവുമാകുന്നു. ഇതു പ്രൈവററു് വിദ്യാസ്ഥാപനകാര്യങ്ങളുടെ നേരെയുള്ള ഗൗരവാവഹമായ ഒരു ഭീഷണിയാണ്. അതിനും പുറമെ സ്വകാര്യസ്വത്തവകാശങ്ങളുടെ പരസ്യമായ ലംഘനവുമാണതു്.

### പ്രബുദ്ധരായിരിക്കണം

മതപരവും വിദ്യാഭ്യാസപരവുമായ മൗലികാവകാശങ്ങളെ പരിപൂർണ്ണമായും ആദരിക്കുന്നതാണ് ഇന്ത്യയിലെ പുതിയ ഭരണഘടനയെന്നുവരികിലും, മതവ്യത്യാസമോ സമുദായവ്യത്യാസമോ യാതൊരുവിധത്തിലും പരിഗണിക്കാതെ സകല പൗരന്മാരുടേയും മൗലികാവകാശങ്ങൾ വകവച്ചുകൊടുക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, മേൽ സൂചിപ്പിച്ച ചില പ്രവിശ്യകളിലേയും നാട്ടുരാജ്യങ്ങളിലേയും നിയമങ്ങളും ചട്ടങ്ങളും അവയ്ക്കെതിരായിട്ടാണല്ലോയിരിക്കുന്നതു്. അവയിൽ ചിലതു് പിൻവലിക്കപ്പെടുകയും ലഘൂകരിക്കപ്പെടുകയും ചെയ്തതു് ക്രിസ്തീയസംഘടനകളുടെ നിവേദനങ്ങളും ക്രിസ്തീയ പത്രങ്ങളുടെ വിമർശനങ്ങളും മുഖാന്തിരമാണെന്നു് നമുക്കറിയാം. ഭരണഘടനയിലെ വ്യവസ്ഥകൾ എത്ര നന്നായിരുന്നാലും അവയെ പ്രവൃത്തിയിൽവരുത്തുന്നതു് അതാതുകാലത്തുവരുന്ന അധികാരികളുടെ സ്വഭാവമനുസരിച്ചായിരിക്കും. തന്മൂലം അതാതുകാലത്തെ ഭരണാധികാരികളുടെ സ്വഭാവം നാം സൂക്ഷിച്ചുകൊണ്ടിരിക്കണം. ഭരണഘടനയിലെ തത്വങ്ങൾക്കു ചേരാത്തതായി അവർ ഏർപ്പെടുത്തുന്ന ചട്ടങ്ങളേയും സ്വീകരിക്കുന്ന നടപടികളേയും ഉടനടി പ്രതിഷേധിക്കുകയും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽക്കൂടി അവയെ പിൻവലിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യത്തക്കവണ്ണം നാം പ്രബുദ്ധരായിരിക്കേണ്ടതാണ്. ഈ പ്രബുദ്ധത യഥാർത്ഥമായ സ്വദേശഭക്തിയുടെ ഒരു പ്രകാശനംമാത്രമായിട്ടേ സുബുദ്ധിയുള്ളവർ പരിഗണിക്കുകയുള്ളൂ.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി
5 ഞാ: 70-ാം ഞായർ
6 തി: ഡൊറോത്തേയ
7 ചൊ: റോമുവാൾഡോസ്
8 ബു: മാത്തായിലെ യോഹന്നാൻ
9 വ്യാ: അപ്പളോനീയാ
10 വെ: സ്കോളാസ്തിക്ക
11 ശ: മാതാവു ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതു്


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## പ്രസാധകക്കുറിപ്പുകൾ

### സഭയോടു സഹകരിക്കണം

ലണ്ടനിലെ ഒരു പ്രമുഖവാരികയായ "സൺഡെ എക്സ്പ്രസ്സ്" എന്ന അകത്തോലിക്കാ പത്രം, കത്തോലിക്കാസഭ കമ്മ്യൂണിസത്തെ നേരിടുന്നതിൽ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയെ പ്രശംസിച്ചുകൊണ്ടും, സഭയുടെ ഈ സദുദ്യമത്തിൽ സകലവിധ സഹായസഹകരണങ്ങളും പ്രദാനംചെയ്യുന്നതിനു് എല്ലാ ക്രിസ്തീയവിഭാഗങ്ങളേയും ആഹ്വാനംചെയ്തുകൊണ്ടും ഒരു മുഖപ്രസംഗമെഴുതിയിരിക്കുന്നു. ഇക്കാര്യത്തിൽ സഭ വിജയം വരിക്കുന്നില്ലെങ്കിൽ, യൂറോപ്പു തീർച്ചയായും നാശഗർത്തത്തിൽ നിപതിക്കുന്നതാണെന്നും പ്രസ്തുത പത്രം പ്രസ്താവിക്കുന്നു. "The Martyr Church" (രക്തസാക്ഷിണിയായ സഭ) എന്നത്രെ മുഖപ്രസംഗത്തിനു നല്കിയിരിക്കുന്ന ശീർഷകം. ആ ലേഖനം ഇങ്ങനെ തുടരുന്നു: "ഒരുപക്ഷെ പരിഷ്കാരത്തേയും തജ്ജന്യമായ സ്വാതന്ത്ര്യങ്ങളേയും ഏററവും ഗൗരവമായ വിധത്തിൽ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നതു കമ്മ്യൂണിസം മതത്തിനെതിരായി സ്വീകരിച്ചിരിക്കുന്ന മർദ്ദനനയമാണ്. മനുഷ്യരുടെ ബുദ്ധിയിൽനിന്നും ഹൃദയത്തിൽനിന്നും ദൈവവിശ്വാസം നിഷ്കാസനം ചെയ്തും തൽസ്ഥാനത്തു ഒരു ഭൗതികവിഗ്രഹം— കാക്കസസ് പോലെ ശൈത്യമേറിയതും മണലാരണ്യങ്ങൾപോലെ ഫലശൂന്യവുമായ ഒരു രൂപം— പ്രതിഷ്ഠിക്കയും ചെയ്തില്ലെങ്കിൽ ലോകം മുഴുവൻ അടക്കിഭരിക്കാൻ തങ്ങൾക്കു സാധിക്കയില്ലെന്നു ക്രെമിലിനിലെ ആ പതിമൂന്നു നേതാക്കന്മാർക്കറിയാം."

### പ്രധാനപങ്കുവഹിക്കുന്നു

"ഈ ആക്രമണത്തെ നേരിടുന്നതിൽ പ്രധാനപങ്കുവഹിക്കുന്നതു കത്തോലിക്കാസഭയാണ്. ഈ സഭയെ സഹായിക്കാൻവേണ്ടി, ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരും അങ്ങനെ സ്വയം സംബോധനചെയ്യുന്നവരും, ഭൗതികത്വത്തിനും ആദ്ധ്യാത്മികമൂല്യങ്ങളുടെ അധഃപതനത്തിനും എതിരായുള്ള ഏക രക്ഷാമാർഗ്ഗം വിശ്വാസമാണെന്നു് ബോദ്ധ്യമുള്ളവരും അണിനിരക്കേണ്ടിയിരിക്കുന്നു. ഹംഗറിയിലെ പ്രൈമററായ കാർഡിനൽ മിൻസെൻറിയുടെ വിസ്താരം ഇപ്പോഴും സജീവമായി നമ്മുടെ സ്മൃതിപഥത്തിൽ നിലകൊള്ളുന്നുണ്ടു്. നോർഫോക്പ്രഭു അതിനെ ഒരു "ദൈവദോഷം" എന്നാണു വിളിച്ചതു്. ഇതരമതസ്ഥരും അദ്ദേഹത്തോടു യോജിക്കയുണ്ടായി."

### പുത്തരിയല്ല

"ഇത്തരം വിസ്താരങ്ങളും മർദ്ദനങ്ങളും നമ്മുടെ ഈ ആധുനികലോകത്തിനും പ്രത്യേകതരമായ നമ്മുടെ ഈ പരിഷ്കാരത്തിനും പുത്തരിയല്ല. ഇക്കാര്യത്തിൽ ഹിററ്ലർ സ്റ്റാലിനു വഴിതെളിച്ചു. അയാളുടെ സ്വേച്ഛാധിപത്യത്തിനു, മനുഷ്യരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന ദൈവവിശ്വാസം ഒരു പ്രതിബന്ധമായിരുന്നു. ക്രിസ്തുവിന്റെ സമജർമ്മൻകാരുടെ മനസ്സിൽ ഭരണം നടത്തുന്നിടത്തോളംകാലം അയാളുടെ ആധിപത്യം സമ്പൂർണ്ണമാകയില്ലായിരുന്നു. ആകയാൽ അയാൾ ജർമ്മനിയിലെ റോമൻ കത്തോലിക്കാസഭയെ പീഡിപ്പിച്ചു. അയാൾ പുരോഹിതരെ ബന്ധനസ്ഥരാക്കുകയും തടങ്കൽപ്പാളയങ്ങളിൽ വസിപ്പിക്കുകയും ചെയ്തു. അനേകായിരങ്ങൾ അങ്ങനെ മരണത്തിനു, പലപ്പോഴും ഭയങ്കരമൃത്യുവിനുതന്നെ, അധീനരായി. സ്റ്റാലിനാകട്ടെ ഹിററ്ലരുടെ പാദമുദ്രകളെ അനുഗമിക്കുകയും ചെയ്തിരിക്കുന്നു..............."

### മുന്നണിയിൽ

"റോമൻ കത്തോലിക്കാസഭ ഇന്നിതാ മുന്നണിയിൽ നില്ക്കുന്നു. നാളെ മറേറതെങ്കിലും സഭയോ, മതമോ, അതിനു കൂട്ടായിച്ചെന്നേക്കാം. നിങ്ങൾ ഒരു ആംഗ്ളിക്കനായിക്കൊള്ളട്ടെ. ഒരു നോൺകൊൺഫോർമിസ്റ്റ് ആയിക്കൊള്ളട്ടെ. മനുഷ്യനും അവന്റെ കാര്യങ്ങളും ഇവിടെ ആരംഭിക്കയും ഇവിടംകൊണ്ടു് അവസാനിക്കയും ചെയ്യുന്നില്ല എന്നതൊഴികെ, നിങ്ങൾക്കു പ്രത്യേക വിശ്വാസാചാരങ്ങളൊന്നുമി

ല്ലെന്നുമിരുന്നുകൊള്ളട്ടെ. അങ്ങനെ നിങ്ങൾ ഏതു വിഭാഗത്തിൽ പെട്ടിരുന്നാലും നിങ്ങളുടെ കത്തവ്യം സുവ്യക്തമാണു്. നിങ്ങളുടെ സ്വയരക്ഷതന്നെ നിങ്ങളുടെ കത്തവ്യം എന്തെന്നു അനുശാസിക്കുന്നു. ഈ തിന്മയോടു പോരാടാതെ നിവൃത്തിയില്ല. കത്തോലിക്കാസഭ അതിൻെറ പീഡനകാലങ്ങളിൽ സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യണം. അതു വിജയശ്രീലാളിതമാകുന്നില്ലെങ്കിൽ— ദൈവം അതിനു ഇടവരുത്താതിരിക്കട്ടെ—മററു വിപത്തുകളും സംഭവിക്കും."

ആത്മഹത്യാപരമാണു്

സംസ്കാരവും പരിഷ്കാരവും ആദ്ധ്യാത്മികമൂല്യങ്ങളും സംരക്ഷിക്കുന്നതിനു കത്തോലിക്കാസഭയ്ക്കുള്ള കഴിവുകൾ അന്യാദൃശങ്ങളാണെന്നു കാര്യവിവരമുള്ളവർ മനസ്സിലാക്കുന്നു. എന്നാൽ മുൻവിധിയുടേയും വസ്തുസ്ഥിതികളെ നിരീക്ഷണംചെയ്യുന്നതിൽ പ്രദർശിപ്പിക്കുന്ന അനാസ്ഥയുടേയും ഫലമായി ഒരു ഭാഗം ജനങ്ങൾക്കു സഭയെപ്പററി തെററിധാരണകളാണുള്ളതു്. തൽക്കാരണത്താൽ അവർ സഭയുടെ പ്രവത്തനമാർഗ്ഗങ്ങളിൽ പ്രതിബന്ധങ്ങൾ വലിച്ചിടുന്നതിൽ ഉത്സുകരായി കാണപ്പെടുന്നു. അതു് ആത്മഹത്യാപരമാണെന്നു അവർ മനസ്സിലാക്കുന്നില്ല. ജനസമുദായത്തിൻെറ സവ്വതോമുഖമായ ക്ഷേമം പുലത്തണമെന്നു ആഗ്രഹിക്കുന്നവർ, മനുഷ്യൻെറ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള സംരംഭങ്ങളിൽ സഭയോടു സഹകരിച്ചു പ്രവത്തിക്കുകയാണു വേണ്ടതു്.

## പ്രത്യേക

# ശ്രദ്ധിക്കുക്

ഈ ലക്കത്തിൽ 3-ം 10-ം പേജുകളുടെ സ്ഥാനം അന്യോന്യം മാറിപ്പോയിട്ടുണ്ടു്. ആകയാൽ പേജുനമ്പറുകൾ കൃത്യമായി നോക്കി വായിപ്പാനപേക്ഷ.

## പ്രാദേശികവാത്തകൾ

അങ്കമാലി സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറയും മരിയാസഖ്യത്തിൻെറയും സംയുക്തവാർഷികം ശ്രീ വി. എ. ജോസഫ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ ശ്രീ തോമസ് പാറായിൽ ബി. എ. ബി. എൽ., ശ്രീമതി കെ. എസ്. മേരി ബി. എ. ബി. ടി. എന്നിവർ പ്രസംഗിച്ചു.

—കിടങ്ങൂർ മരിയാസഖ്യത്തിൻെറ 5-ാം വാർഷികയോഗം ജാനുവരി 8-ാംനു റവ. ഫാ. ജയിംസ് വെമ്പിളി ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ ടി. ടി. പോൾ എം. എ. എൽ. ടി. പ്രസംഗിച്ചു.

—വൈററില സെൻറ് ജയിംസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ 13-ാം വാർഷികം ജാനുവരി 15-ാംനു റവ. ഫാ. മൈക്കിൾ പനയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ടി. ആർ. എബ്രാഹം ബി. എ. എൽ. ടി., ശ്രീ തോമസ് പുളിക്കൽ ബി. എ. എന്നിവർ പ്രസംഗിച്ചു.


—സുപ്രസിദ്ധ കഥാപ്രസംഗകൻ ശ്രീ ജോസഫ് കൈമാപറമ്പൻ ഫാത്തിമാനാഥയുടെ ആഗമനാവസരത്തിൽ തൊടുപുഴവച്ചും വാഴൂർ വായനശാലയുടെ ധനശേഖരത്തിനായി ജാനുവരി 11-ാംനു വാഴൂർ സെൻട്രൽ ഹാളിൽവച്ചും ഓരോ കഥാപ്രസംഗം നടത്തിയതായറിയുന്നു.

—പെരുമാനൂർ ലൂർദ്ദ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ വാർഷികയോഗം ജാനുവരി 22-ാംനു മി. ഇ. പി. ഐസക് ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ എ. ജി. അഗസ്റ്റിൻ ബി. എ. പ്രസംഗിച്ചു. യോഗാനന്തരം തിരിക്കാലുകൾ, പരമാത്ഥം എന്നീ പ്രഹസനങ്ങൾ അഭിനയിക്കപ്പെട്ടു.

—ഫാത്തിമാമാതൃസ്വരൂപത്തിനു് കററാനത്തു ഭക്തിദ്യോതകമായ ഒരു വമ്പിച്ച സ്വീകരണം നല്കിയതായറിയുന്നു. വന്ദ്യ ദിവ്യ ശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ പ്രതിമ ഏററുവാങ്ങി. പ്രാത്ഥനാകമ്മങ്ങൾക്കുശേഷം റവ. ഫാ. ജോസഫ് താഴത്തെവീട്ടിൽ ബി. എ. ബി. ടി. ഒരു പ്രസംഗംചെയ്തു. മാതൃസന്ദശനസ്മാരകമായി പണികഴിക്കാൻ പോകുന്ന ജപമണ്ഡപത്തിൻെറ ശിലാസ്ഥാപനം മോൺ. മാക്സ് ദോസ് സാന്തോസ് നിവ്വഹിച്ചു.

—അന്തിക്കാട്ടുപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ പ്രഥമ വാർഷികസമ്മേളനം ജാനുവരി 22-ാംനു വെരി റവ. ഫാ. ജോൺ ചിറയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. ആൻറണി മാളിയേക്കൽ ബി. എ. ഒരു പ്രസംഗം ചെയ്തു.

—ആനക്കല്ലിലെ വിവിധഭക്തസംഘടനകളുടെ സംയുക്തവാർഷികം വെരി റവ. ഫാ. വില്യം ടി. ഒ. സി. ഡി. എം. എ, എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മെ ജയിംസ് കെ. സി. മണിമല, വി. എം. അഗസ്റ്റിൻ ബി. എസ് സി. എന്നിവർ പ്രസംഗിച്ചു. രാത്രി സെൻറ് ആൻറണിസ് നടനസമിതി "മഗ്ദലേമറി" എന്ന ഗദ്യനാടകം അഭിനയിച്ചു.



ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ പ്രഥമപ്രസിഡണ്ടു് ബാബു രാജേന്ദ്രപ്രസാദ്

—ഉപ്പുതറ പള്ളിവകയായി തേണിത്തടി എന്ന സ്ഥലത്തു് പുതുതായി ഫാത്തിമാമാതാവിൻെറ നാമത്തിൽ പണിചെയ്തിരിക്കുന്ന കപ്പേളയുടെ ഉൽഘാടനം വികാരി ബ. വെള്ളാപ്പാട്ടു മത്തായിഅച്ചൻ നിവ്വഹിച്ചിരിക്കുന്നു.

—ഫാത്തിമാനാഥയ്ക്കു് കോവിൽത്തോട്ടം ഇടവകക്കാർ മഹത്തായ ഒരു സ്വീകരണം നല്കിയിരിക്കുന്നു. രാവിലെ മുതൽ രാത്രിവരെ അനേകായിരം പേക്കു് അന്നദാനം ചെയ്തവിവരം പ്രത്യേകം പ്രസ്താവ്യമാണു്.

—തിരുവനന്തപുരം മാർ ഈവാനിയോസ് കോളെജ് കാത്തലിക് വിദ്യാത്ഥിസംഘടനയുടെ (P x Roman) ഒരു വിശേഷാൽയോഗം റവ. ഫാ. ഫിലിപ്പ് സി. പന്തോളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റവ. ഫാ. തിയോഫിലസ്, മി. കെ. സി. ജോൺ എന്നിവർ പ്രസംഗിച്ചു.

—ജാനുവരി 21-ാംനു ഫാത്തിമാമാതൃസ്വരൂപം പുതുക്കുറിച്ചിയിൽനിന്നും ബോട്ടുമാർഗ്ഗം മുരുക്കുംപുഴ എത്തി. പള്ളിയുടെ മുൻവശത്തു് പ്രത്യേകം സജ്ജമാക്കിയിരുന്ന പീഠത്തിൽ മാതൃസ്വരൂപം പ്രതിഷ്ഠിതമായി. ഒരു മണിക്കൂർ നേരത്തെ പ്രാത്ഥനാദികമ്മങ്ങൾക്കുശേഷം തീത്ഥകകന്യക ബോട്ടുമാർഗ്ഗം വെട്ടിയതുറ, പുത്തൻതോപ്പ്, സെൻറ് ആൻഡ്രൂസ്, തുമ്പ മുതലായ സ്ഥലങ്ങളിലേക്കു് ആനയിക്കപ്പെട്ടു.

—എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെയും സെൻറ് സ്റ്റനിസ്ലാവോസ് ബാലസമാജത്തിൻെറയും സി. വൈ. എം. എ. യുടെയും അൾത്താരബാലസംഘത്തിൻെറയും സംയുക്തവാർഷികം ജാനുവരി 29-ാംനു റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. കെ. ടി. എബ്രഹാം എം. എ പ്രസംഗിച്ചു. യോഗാനന്തരം "ജീവാർപ്പണം" എന്ന പ്രഹസനം സഖ്യാംഗങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിച്ചു.

—കാഞ്ഞൂർ സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ സാഹിത്യസമാജത്തിൻെറ വാർഷികയോഗം ജാനുവരി 28-ാംനു റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി എച്ച്. ഡി., ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ ഇ. പി. ഐസക് ബി. എ. ബി. ടി. പ്രസംഗിക്കുകയും ചെയ്തു.

[താമസിച്ചു കിട്ടുന്ന വാത്തകൾ പ്രസിദ്ധപ്പെടുത്തുന്നതല്ല.]

# "കാരുണ്യം യാചിക്കണേ!"

(കേക)

(പി. എം. പൈലി, സാഹിത്യവിശാരദ്)

ഞാനേററം സ്നേഹിക്കുമെൻ ദേഹിദേഹങ്ങൾതമ്മി-
ലന്ത്യയാത്രയെച്ചൊല്ലും സന്താപസന്ദർഭത്തിൽ,
ശോകമൂർഛയാലിഷ്ടബന്ധുക്കൾ ചുററുംനിന്നു
രോദനംചെയ്യാൻമാത്രം പോരുന്ന സന്ദർഭത്തിൽ,
എങ്കലേക്കാനന്ദത്തിൻ പൂങ്കതിർ വിതറിയ
തിങ്കളും താരങ്ങളും പൂക്കളും ഖഗങ്ങളും
സർവവും മറഞ്ഞുടൻ മാഞ്ഞുപോം സന്ദർഭത്തിൽ
എൻജീവചരിത്രത്തിന്നന്ത്യമാം മുഹൂർത്തത്തിൽ
വാനവെൺമേഘങ്ങളിൽ, വാനവർനാഥൻ നീതി-
രൂപനാമീശൻ, വന്നിപ്പാപിയെ വിധിക്കുമ്പോൾ;
തിന്മയല്ലാതെയൊന്നും, നന്മയായ് ചെയ്യാത്തയ-
ന്നാത്മാവു ഭയാമൂലം സംഭ്രമംകൊണ്ടീടുമ്പോൾ;
എന്നെക്കൊണ്ടെനിക്കൊന്നും ചെയ്യുവാനാകാത്തതാം
അമ്മഹാമുഹൂർത്തത്തിലീയെന്നെ രക്ഷിക്കുവാൻ
പാപികൾക്കാലംബമേ, മേരീ! നീയല്ലാതാരും
ഇല്ലെനിക്കമ്മേ! തുണ നൽകുവാനന്നേരത്തിൽ
അംബികേ! ജഗന്മാതേ! സ്വർഗ്ഗത്തിൻ മഹാറാണീ!
നീയെനിക്കീശൻമുമ്പിൽ കാരുണ്യം യാചിക്കണേ!

## വിവാഹം

എറണാകുളം മെത്രാപ്പോലീത്തൻ പള്ളിഇടവക ചൂളയ്ക്കൽ പുത്തൻവീട്ടിലെ ശ്രീ ഔസേപ്പിൻെറ മകൾ മിസ് അന്നവും പാപ്പൂർ പള്ളി ഇടവകയിലെ കുണ്ടുകുളങ്ങര കുടുംബാംഗവും തൃശ്ശിനാപ്പള്ളിയിലെ സെൻറ് ജോസഫ്സ് കോളെജിലെ ലക്ചററുമായ ശ്രീ ആൻറണിയും തമ്മിലുള്ള വിവാഹം ജാനുവരി 18-ാംനു എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽവച്ചു നടന്നിരിക്കുന്നു. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണു് വിവാഹം ആശീവ്വദിച്ചതു്. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. വിവാഹത്തിൻെറ മഹനീയലക്ഷ്യങ്ങളെ പുരസ്കരിച്ചു് ഒരു പ്രസംഗംചെയ്തു.

—എറണാകുളം മെത്രാപ്പോലീത്തൻ പള്ളി ഇടവക ഓപ്ററിഷൻ മി. സി. കെ. കുര്യൻ അവർകളുടെ പുത്രി മിസ് തങ്കവും റിട്ടയേർഡ് ചീഫ് സിക്രട്ടറി ശ്രീ ടി. ചാണ്ടിയുടെ പുത്രൻ മി. തോമസ് ചാണ്ടിയും തമ്മിലുള്ള വിവാഹം ജാനുവരി 23 ാംനു മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു നടന്നിരിക്കുന്നു. മെത്രാപ്പോലീത്താ തിരുമേനി വിവാഹം ആശീവ്വദിച്ചു റവ. ഫാ. ജോസഫ് മേനാച്ചേരി ബി. എ. പ്രഭാഷണം നടത്തി. ശ്രീ കുര്യൻെറ വകയായി എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ അരമനയിൽവച്ചു നടത്തിയ വിരുന്നുസല്ക്കാരത്തിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും സംബന്ധിക്കുകയുണ്ടായി.

## ചരമം

പരിയാരം, പുതിശേരി ശ്രീ ദേവസ്സി മകൾ റോസക്കുട്ടി 27-ാമത്തെ വയസ്സിൽ ജാനുവരി 27-ാംനു ഹൃദ്രോഗം നിമിത്തം നിര്യാതയായിരിക്കുന്നു.

*Permissu Ecclesiastico*
Printed & Published by
K L. Varkey
at the Mar Louis Memorial Press
Ernakulam




ഡോക്ടർ: തൻെറ സൂക്കേടെന്തെന്നു നോക്കീട്ടു് മനസ്സിലാകുന്നില്ലല്ലോ. കള്ളുകുടിയാണു കാരണമെന്നു തോന്നുന്നു.

രോഗി: എന്നാൽ ഏമാനൻ കുടിക്കാത്ത നേരം നോക്കി വരാം. നാളെ കാലത്തുതന്നെ വരട്ടേ?

* * *

ജോലിക്കായി അപേക്ഷ അയച്ചിരുന്ന യുവാവിനോടു് മദാമ്മ: "പറഞ്ഞാൽ കേൾക്കുന്ന ഒരാളെയാണു് എനിക്കു് ആവശ്യം. പോസ്റ്റാഫീസിൽ പോകാൻ പറഞ്ഞാൽ ഉടനെ പോകണം. വിളിച്ചാൽ ഉടനെ വിളി കേൾക്കണം. എന്നോടു തട്ടത്തരം പറയരുതു്. അത്തരം ഒരാളെയാണു വേണ്ടതു്."

"എന്നാൽ മദാമ്മയ്ക്കു് ഒരുവരനെയാണാവശ്യമായിരിക്കുന്നതു്. വേലക്കാരനെയല്ല." ജോലി അന്വേഷിച്ചുവന്നയാൾ പ്രതിവചിച്ചു.

* * *

"മണവാളച്ചെറുക്കൻെറ വലത്തേ കൈയിലെ വിരലെല്ലാം എവിടെപ്പോയി?"

"അതോ പറയാം. അവൻ കാള വാങ്ങിക്കാൻ പോയപ്പോൾ കാളയ്ക്കു പല്ലു് എത്ര ഉണ്ടെന്നറിയാൻ കൈ അതിൻെറ വായിലിട്ടു."

"എന്നിട്ടോ?"

"അവൻെറ കൈയ്ക്കു് എത്ര വിരലുണ്ടെന്നറിയാൻ കാള വാ അടച്ചു കൂട്ടി."

* * *

വരൻ മൂന്നാക്കാരനോടു്: "ആ 20000 രൂപ സ്ത്രീധനത്തോടുകൂടി പെണ്ണിൻെറ ഫോട്ടോകൂടി ഒന്നയച്ചു തരരുതോ?"

മൂന്നാക്കാരൻ: "10000 രൂപയിൽ കൂടുതൽ സ്ത്രീധനമുള്ള പെൺകുട്ടികളുടെ ഫോട്ടോകൾ മുൻകൂട്ടി ചെറുക്കന്മാരെ കാണിക്കാറില്ല."

* * *

A motorist going down a country road accidentally killed a pig. No sooner had he stopped than an angry farmer came running up.

"Don't get exited," said the motorist, "I'll replace your pig."

"Ye cain't," growled the farmer; "ye ain't fat enough."

## രാജിവച്ചു

വത്തിക്കാനിൽ അമേരിക്കൻ ഐക്യനാടുകളുടെ പ്രതിനിധിയായിരുന്ന മി മൈറൺടെയ്ലർ തൽസ്ഥാനം രാജിവച്ചിരിക്കുന്നു.

# ക്രിസ്തുമതം പരാജയമടഞ്ഞോ?

(കെ. എം. ജോസഫ് ബി. എസ്‌സി. ബി. എൽ.)

പാശ്ചാത്യരുടെ ആദ്ധ്യാത്മികപാപ്പരത്തത്തിൽ നിന്നാണ് ക്രിസ്തുമതം പരാജയപ്പെട്ടോ എന്ന ചോദ്യം പൊന്തിവന്നതു്. ഇതിനു് ചെസ്റ്റർട്ടൻ പറയുന്ന ഉത്തരം പ്രത്യേകം ശ്രദ്ധേയമാണ്. "നോക്കിയപ്പോൾ ക്രിസ്തുമതം കുറച്ചു പ്രയാസം; അതുകൊണ്ടു് അതു പരീക്ഷിച്ചു നോക്കിയതേ ഇല്ല."

ക്രിസ്തുമതം പരാജയമടഞ്ഞു എന്നു പറയുമ്പോൾ എന്താണു് ഈ ക്രിസ്തുമതം? ഇതിനെ രണ്ടുകൂട്ടത്തിൽ കണക്കിൽ കൊള്ളിക്കാവുന്നതാണ്.

ഒന്നു്. ചിലർക്ക് ക്രിസ്തുമതം എന്നു പറഞ്ഞാൽ അവ്യക്തമായ ഒരു സഹോദരത്വമാണു്. ക്രിസ്തുവിന്റെ പാഠങ്ങളെ പലതരത്തിലും പരസ്പരവിരുദ്ധമായും വ്യാഖ്യാനിക്കാം; അങ്ങനെ ക്രിസ്തുമതത്തിൽതന്നെ മതങ്ങൾ പലതാകാം. ഇവയെല്ലാം സമുദായസേവനത്തിലും അവ്യക്തമായ ഒരു സഹോദരത്വത്തിലും വിശ്വസിക്കണമെന്നു മാത്രം. സമുദായം പൊതുവേ അംഗീകരിക്കുന്നിടത്തോളം മാത്രമേ ക്രിസ്തുവിന്റെ പാഠങ്ങൾ ഇവർ സ്വീകരിക്കുകയുള്ളു. ഉദാഹരണത്തിനു് ക്രൈസ്തവരല്ലാത്തവരായ ക്രിസ്തുവിന്റെ വിവാഹമോചന അനുകൂലികളും, പക്ഷേ വിവാഹമോചനത്തെ നിരോധിക്കുന്ന കല്പന അവർ കൂട്ടാക്കുകയില്ല.

രണ്ടു്. ചരിത്രപരമായ ക്രിസ്തുമതം, ക്രിസ്തുവിന്റെ കാലം മുതൽ ഏകാധികാരത്തിൻകീഴുള്ള ക്രിസ്തുമതം. ക്രിസ്തുവിന്റെ പാഠങ്ങൾക്കു് വെട്ടിച്ചുരുക്കലോ അഭേദമോ അനുവദിച്ചിട്ടില്ല. അവയുടെ വ്യാഖ്യാനങ്ങളും പലതില്ല ഒന്നുമാത്രം. ആരംഭിച്ചിട്ടു് എന്നും ഒരു സത്യം തന്നെ പഠിപ്പിക്കുന്നു. പഴയ ക്രൂരന്മാർ തന്നെ അതു ചെയ്തുപോരുന്നു. ആചാരം നോക്കാതെ അധികാരത്തോടുകൂടെയാണു് അതു സംസാരിക്കുന്നതു്. ഇതാണു് ദൈവികമായ ക്രിസ്തുവിന്റെ സഭ. ഇതാണു് കത്തോലിക്കാസഭയെന്നു് അറിയപ്പെടുന്ന "പഴഞ്ചൻ" സഭ. പരിഷ്കാരങ്ങൾ വരികയും പോകുകയും ചെയ്യുന്നതു് സഭ കണ്ടിട്ടുണ്ടു്. സംസ്കാരങ്ങൾ മുളയ്ക്കുകയും തകരുകയും ചെയ്യുന്നതു് അതിന്റെ മുമ്പിലാണു്. സാമ്രാജ്യങ്ങൾ ഉയർന്നതും അസ്തമിച്ചതും അതിന്റെ ചരിത്രത്തിലുണ്ടു്. രാജാവു മാറുന്നതും മരണം വരുന്നതും അതിന്റെ പരിചയമാണു്. ശാസ്ത്രങ്ങൾ വളരുന്നതും വഴിപിഴയ്ക്കുന്നതും നേർവഴിക്കു വരുന്നതും അതിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടു്. പക്ഷേ ഒന്നും അതിനെ അത്ഭുതപ്പെടുത്താറില്ല ഒട്ടും പരിഭ്രമിക്കാറുമില്ല.

രാജവാഴ്ചയിൽ കത്തോലിക്കാസഭ ഉണ്ടായിരിക്കും. അരാജകത്വത്തിലും അതു നിലനില്ക്കും. ജനാധിപത്യത്തിലും അതു് അങ്ങനെ. മുതലാളിഭരണത്തിലും അതു പാലെ തന്നെ തൊഴിലാളിഭരണത്തിലും വിശേഷമൊന്നുമില്ല. യഥാസ്ഥിതമായ ഈ യഥാസ്ഥിതികത്വത്തിനു കാരണം സഭയുടെ മൂലം ഇതിൽ ഒന്നും അല്ലാത്തതുതന്നെ. മറെറാരു കാരണംകൂടി പറയാം: സഭ മതങ്ങളെ മയക്കുന്നില്ലെന്നുള്ളതാണതു്.

ക്രിസ്തുമതം പരാജയപ്പെട്ടോ? ഇനി ചോദ്യത്തിനു് സമാധാനമുണ്ടു്. ദൈവികമായ സ്ഥിരതയില്ലാത്ത ഒരു സഹോദരത്വമാണു് നിങ്ങളുടെ ക്രിസ്തുമതമെങ്കിൽ അതു പരാജയപ്പെട്ടു. ഈ പരാജയത്തിനുള്ള കാരണങ്ങൾ പലതാണു്. പാശ്ചാത്യസംസ്കാരവും അതിന്റെ മതങ്ങളും മാറിക്കൊണ്ടിരിക്കുന്ന ഒരു സമുദായവ്യവസ്ഥയിലാണു് അടിസ്ഥാനമിട്ടിരുന്നതു്. കാലത്തിനൊത്ത മതം അതിനൊത്തു് കാലംചെയ്യുകയും വേണം. ഒരു കാലത്തെ ആവശ്യങ്ങൾ നിർവഹിക്കുവാൻമാത്രം ഉതകുന്ന മതം അടുത്ത കാലത്തു പരാജയപ്പെടുന്നതാണു്.

കഴിഞ്ഞകാലത്തു് വ്യക്തികളിലായിരുന്നു ലോകത്തിന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരുന്നതു്. ഇന്നാകട്ടെ മനുഷ്യൻ സമുദായജീവിയാണെന്നു പ്രസംഗിക്കുകയും വ്യക്തിയെക്കാൾ കാര്യമായി സമുദായത്തെ വീക്ഷിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടിശേഷത്തിലെ ചോദ്യം "നമ്മൾ" രക്ഷപ്പെടുവാൻ എന്തുചെയ്യണം എന്നാണു്. അതുകൊണ്ടു് ലോകത്തിന്റെ ഈ പുതിയ ചിന്താഗതിയിലും വിളിപിടിക്കാനൊന്നുമില്ല. പക്ഷേ വ്യക്തികളെക്കുറിച്ചുമാത്രം ചിന്തിച്ചുകൊണ്ടിരിക്കുന്ന മതം പരാജയപ്പെടുമെന്നുള്ളതു് നിശ്ചയമാണു്.

പാശ്ചാത്യരുടെ മതം ഭൗതികവുമായി ഒത്തുതീർപ്പുണ്ടാക്കിയതാണു് അതിന്റെ പരാജയത്തിന്റെ മുഖ്യഹേതു. അവരുടെ മതം ക്രിസ്തുവിന്റെ മതപാഠങ്ങളോടു് ഒത്തുപോകുന്നതിനല്ല, ലോകവുമായി കൈകോർത്തുപോകുന്നതിനാണു് അത്യധികം ശ്രദ്ധപ്പെട്ടതു്. ഈ ഒരു രാഷ്ട്രത്തിന്റെയോ ഭരണകൂടത്തിന്റെയോ ഫലമായി മതത്തിന്റെ അധികാരവും അതിന്റെ ദൈവികതത്വങ്ങളും അതിനു നഷ്ടപ്പെട്ടു. ജർമ്മനിയിലെ ക്രിസ്തുമതം ജർമ്മനിക്കു കൊള്ളാം; അമേരിക്കയിലെ ക്രിസ്തുമതം അമേരിക്കക്കു്. രണ്ടും ഇംഗ്ലണ്ടിനു കൊള്ളുകയില്ല ഇതാണു് ഏതാണ്ടെല്ലാം സംസ്കാരവുമായി ഏകീഭവിക്കുന്ന മതത്തിന്റെ സ്ഥിതി. യഥാർത്ഥത്തിൽ ക്രിസ്തു ഒന്നുമാത്രമായിരുന്നു. അവിടുന്നു ചരിച്ച കരിശും ഒന്നുമാണു്. രക്ഷകന്റെ സുവിശേഷം എല്ലാവർക്കും ഒന്നുതന്നെ. അവയെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുവാൻ ആർക്കും അധികാരമില്ല. ഒന്നുകിൽ അവിടുത്തെ സുവിശേഷം സ്വീകരിക്കുക, അല്ലെങ്കിൽ ഉപേക്ഷിക്കുക. ഇതിൽ ഒത്തുതീർപ്പിനോ പരിഷ്കാരത്തിനോ മാർഗ്ഗമൊന്നുമില്ല.

ക്രിസ്തുമതം പരാജയമടഞ്ഞു! ഏതു ക്രിസ്തുമതം? ക്രിസ്തുവിന്റെ അല്ലാത്ത ക്രിസ്തുമതം, പരിഷ്കാരത്തിനു ചേരുവാൻ ദൈവികതത്വങ്ങളെ ബലികഴിച്ച ക്രിസ്തുമതം, ഒരു കാലത്തെയോ ദേശത്തെയോ മനുഷ്യർക്കു മാത്രം സ്വീകാര്യമായിരുന്ന ക്രിസ്തുമതം പരാജയപ്പെട്ടു.

ക്രിസ്തുവിന്റെ സഭ പരാജയപ്പെട്ടിട്ടില്ല. പരാജയപ്പെട്ട മതങ്ങൾ ശരിയായിരുന്നെന്നു് അവർ ഒരിക്കലും സമ്മതിച്ചിട്ടുമില്ല. കഴിഞ്ഞ നാനൂറു വർഷങ്ങളായി എഴുന്നുവന്ന മതങ്ങളെല്ലാം മുഖ്യമായും ഉണ്ടായ കൊണ്ടിരുന്ന സംസ്കാരത്തിന്റെ കീഴ്മേൽ മറിച്ചിലുകളും സഭ അതിജീവിച്ചു. സഭ പഴഞ്ചനാണെന്നു പലരും കുറ്റപ്പെടുത്തി. രാജാക്കന്മാരും പ്രഭുക്കളും സഭയിൽനിന്നു പിരിഞ്ഞു. പക്ഷേ സഭയുടെ ശക്തി ക്ഷയിച്ചില്ല. പരിഷ്കാരത്തിന്റെ ആവശ്യം ഇന്നും അവർക്കു നേരിട്ടിട്ടില്ല. ഇതാണു് ചരിത്രപരമായ ക്രിസ്തുമതം, അതായതു് കത്തോലിക്കാസഭ. ഈ സഭ പരാജയപ്പെടുകയുമില്ല.

—

## കൊച്ചി-വാർത്തകൾ

ഐക്യസംസ്ഥാനത്തിനുള്ളിൽ കിടക്കുന്ന ഇൻഡ്യൻ യൂണിയൻ പ്രദേശങ്ങളായ അഞ്ചെങ്ങു്, തങ്കശേരി, പാനായിക്കുളം, തേനറി, അംവന്നൂർ, പെരുമ്പ, കൂല്ലൂർ ഏലപ്പുള്ളി, എലവഞ്ചേരി, പനയൂർ, പാലത്തുള്ളി എന്നീ സ്ഥലങ്ങൾ ഐക്യസംസ്ഥാനത്തിനു വിട്ടുകിട്ടിയിരിക്കുന്നു. ഇതിനു പകരമായി ചിററൂർ താലൂക്കിൽപ്പെട്ട 50 ഏക്കർ സ്ഥലം മദ്രാസ് സ്റ്റേററിനു വിട്ടുകൊടുത്തിട്ടുണ്ടു്.

—തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിനു് തിരുവിതാംകൂർ കൊച്ചി സ്റ്റേററു് എന്നു പേരു മാററിയിരിക്കുന്നു.

—തിരുവിതാംകൂർ കൊച്ചി ഹൈക്കോർട്ടിലെ ജഡ്ജിമാരുടെ പേരുകൾ താഴെ ചേർക്കുന്നു: (1) സി. കുഞ്ഞിരാമൻ, (ചീഫ് ജസ്റ്റിസ്) (2) കെ. ശങ്കരൻ (3) എ. പി. ഗോവിന്ദപ്പിള്ള (4) എസ്. ഗോവിന്ദമേനോൻ (5) കെ. എ. ഗംഗാധരമേനോൻ (6) കെ. ടി. കോശി. ജഡ്ജിമാരായ മി. സൈമൻ, മി. ഹമീബും പെൻഷനു പ്രാരംഭമായ അവധിയിൽ പ്രവേശിച്ചിരിക്കുന്നു. മി. മാത്യു മുരിക്കൻ അവധി അനുവദിച്ചിരിക്കയാണു്. അദ്ദേഹത്തിനും ഇപ്പോഴത്തെ ശമ്പളത്തോടുകൂടിയ വേ...

---

## വില്പാറാൻ തയ്യാർ

| | വില |
|---|---|
| ഇത്താക്കന്മാരോടു (മി. ജോസഫ് മീനാട്ടൂർ). അവതാരിക കെ. ന. പമി. കെ. ജെ. അഗസ്റ്റിൻ എം. എ., എൽ. ടി. | 0-4-0 |
| രക്തസാക്ഷിണി (മി. ജയിംസ് കെ. സി. മണിമല) | 0-12-0 |
| മതപാഠം (റവ. ഫാ. ജോസഫ് പി. വിതയത്തിൽ) | 1-8-0 |
| ആധുനികലോകം (മോൺ. ഫുൾട്ടൺ ജെ. ഷീനിന്റെ The Cross and the Crisis എന്ന ഗ്രന്ഥത്തിന്റെ സ്വതന്ത്രവിവർത്തനം) | 1-8-0 |
| കന്യാസ്ത്രീ (ഒരു വിമർശഗ്രന്ഥം) (മി. എം. ഒ. ജോസഫ്, നെടുങ്കുന്നം) | 0-8-0 |
| മാർത്തോമ്മാ ശ്ലീഹായും മലങ്കരയും (മി. ആൻറണി ജെ. മുക്കാടൻ) | 0-8-0 |

മാനേജർ

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം

---

...ന്നു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതായി പറയപ്പെടുന്നു. മെ. ജോസഫ് വിതയത്തിൽ, ടി. എം. മഹാദേവയ്യർ എന്നിവരുടെ പേരുകളും ജഡ്ജിസ്ഥാനത്തേക്കു് ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം സിദ്ധിച്ചിട്ടില്ലെന്നാണു പറയപ്പെടുന്നതു്.

## ഇൻഡ്യാ-വാർത്തകൾ

ഇൻഡ്യയുടെ പുതിയ ഭരണഘടന ജനുവരി 28 ാംനു ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പ്രഥമ പാർലമെൻറു് സമ്മേളനം ജനുവരി 30 ാംനു ന്യൂഡൽഹിയിൽ വച്ചു കൂടുകയുണ്ടായി. തദവസരത്തിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ നിർവഹിക്കപ്പെട്ടു.

## For favours received.



K. C. J. Peringhad.

## പുതിയ വിശുദ്ധന്മാർ

വിശുദ്ധവർഷത്തിൽ വിശുദ്ധരെന്നും ധന്യരെന്നും നാമകരണം ചെയ്യപ്പെട്ടവർ:

### വിശുദ്ധർ

1) ഫ്രാൻസിലെ രാജ്ഞി ലൂയി 12-ാമന്റെ പത്നിയായ ഭാഗ്യപ്പെട്ട ജോവാൻ ഓഫ് വാലോയി—മംഗലവാർത്താ സഭയുടെ സ്ഥാപക—നാമകരണം മേയ് 28.

2) ഭാഗ്യപ്പെട്ട മറിയാഗൊരേത്തി—48 വർഷം മുൻപു് റോമിനടുത്തു് നെത്തൂണോ എന്ന സ്ഥലത്തുവച്ചു ചാരിത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി വധിക്കപ്പെട്ട 12 വയസ്സുള്ള ഒരു ബാലിക—നാമകരണം ജൂൺ 13.

3) ഭാഗ്യപ്പെട്ട മേരി എമിലി ഡി റോഡാറ്റു്—തിരുക്കുടുംബ കന്യാസ്ത്രീസഭയുടെ സ്ഥാപക—നാമകരണം ഏപ്രിൽ 28

4) ഭാഗ്യപ്പെട്ട ബർത്തലോമിയ കാപ്പിത്താനിയോ—ഇററലിയിൽ ഉപവിയുടെ സഹോദരികൾ എന്ന സഭയുടെ സ്ഥാപക—നാമകരണം മേയ് 18.

5) ഭാഗ്യപ്പെട്ട വിൻസെൻഷ്യാ ജെറോസാ—ഉപവിയുടെ സഹോദരികൾ എന്ന സഭയുടെ സഹസ്ഥാപക—മേയ് 18

6) ഭാഗ്യപ്പെട്ട വിൻസെൻറ് സ്ട്രാമ്പി—13 ാം ലെയോ മാർപ്പാപ്പായുടെ വിശ്വസ്തോപദേഷ്ടാവും മെസെൻറിനോയിലെ ബിഷപ്പും ആയിരുന്നു—ജൂൺ 25.

7) ഭാഗ്യപ്പെട്ട അന്തോനി ഡിയാനെല്ലി—ഇററലിയിലെ പ്രൊവിദെയോ ശ്രുപതയുടെ മെത്രാൻ—ജൂൺ 25.

8) ഭാഗ്യപ്പെട്ട മറിയാനാ ഡി ജീസസ് പരദേസ്—ഉപവിയുടെ അപ്പസ്തോല എന്നു് ഇക്വഡോറിൽ പ്രഖ്യാതൻ—ജൂലൈ 9.

9) ഭാഗ്യപ്പെട്ട അന്തോനി ക്ലാറററ്—സ്പെയിനിലെ ക്ലാരെൻഷ്യൻ സഭയുടെ സ്ഥാപകൻ—ജൂൺ 11.

രണ്ടു വിശുദ്ധരുടെ പേരു് പ്രസിദ്ധീകൃതമായിട്ടില്ല. നാമകരണങ്ങൾ ജൂലൈ 9.

### ധന്യർ

1) ജനുവരി 22—വിൻസെൻറു് പല്ലോത്തി—കത്തോലിക്കാപ്രേഷിതസഖ്യത്തിന്റെ സ്ഥാപകൻ. (ഇദ്ദേഹത്തിന്റെ നാമകരണം കഴിഞ്ഞു.)

2) ഫെബ്രുവരി 5—മരിയാ ഡെ മത്തെയോ—മരിയസേവാസഖ്യത്തിന്റെ സ്ഥാപക.

3) ഫെ. 19—വിൻസെൻസാ മരിയാ ലോപ്പസ് വിക്കുന—അമലോത്ഭവമരിയയുടെ എന്ന സഖ്യത്തിന്റെ സ്ഥാപക.

4) മാർച്ചു് 5—ഡോമിനിക് സാവ്യോ—വിശുദ്ധ ജോൺ ബാസ്കോയുടെ ശിഷ്യൻ—മരണം 15-ാമത്തെ വയസ്സിൽ

5) മാർച്ചു് 19—പവോളാ എലിസബത്തു് ചിറിയോളി—തിരുക്കുടുംബ സഹോദരീസഖ്യത്തിന്റെ സ്ഥാപക.

## രോഗശയ്യയിൽ

ഹാർത്തിമാർത്ഥികസംഘത്തിൽപ്പെട്ട ഭക്താത്മാ മരിയ തെരേസാ പെരുമ്പാടൻ കുഞ്ഞോ എന്ന മഹതിയുടെ പിതാവു രോഗശയ്യാവലംബയായിരിക്കുന്നതായി കേബിൾ കിട്ടിയതനുസരിച്ചു് ആ മഹതി ജനുവരി 28 ാംനു തിരുവനന്തപുരത്തുനിന്നും വിമാനമാർഗ്ഗം സ്വദേശത്തേക്കു പുറപ്പെട്ടിരിക്കുന്നു.

## കർദ്ദിനാൾ ഗിൽറോയി

കർദ്ദിനാൾ ഗിൽറോയി തിരുമേനി ജനുവരി 27-ാംനു ബോംബെയിൽനിന്നും കപ്പൽമാർഗ്ഗം ലണ്ടനിലേക്കു യാത്രതിരിച്ചിരിക്കുന്നു. തിരുമനസ്സുകൊണ്ടു് ഇംഗ്ലണ്ട്, ഐർലണ്ടു് എന്നീ രാജ്യങ്ങൾ സന്ദർശിച്ച ശേഷം റോമിലേക്കു പുറപ്പെടുന്നതാണു്.

## ഇററലിയൻ മന്ത്രിസഭ

ഇററലിയിലെ ക്രിസ്ത്യൻ ഡിമോക്രാററ്സ്, റിപ്പബ്ലിക്കൻസ്, സോഷ്യൽ ഡിമോക്രാററ്സ് എന്ന മൂന്നു കക്ഷികളിൽനിന്നുമായി ഒരു കൂട്ടുമന്ത്രിസഭ സിഞ്ഞോർ ഡി ഗസ്പാരി രൂപീകരിച്ചിരിക്കുന്നു. മന്ത്രിസഭയിലെ ഭൂരിപക്ഷം അംഗങ്ങളും ക്രിസ്ത്യൻ ഡെമോക്രാററ് പാർട്ടിയിൽ പെട്ടവരാണു്.

## ചോദ്യോത്തരപംക്തി

(തുടർച്ച)

രക്ഷ കൃപയാലാണെന്നും കൃപ പ്രാപിക്കുന്നതു വിശ്വാസംവഴിമാത്രമാണെന്നും പ്രവൃത്തികളാലല്ലെന്നും, തന്മൂലം പ്രവൃത്തികളായി പരിഗണിക്കപ്പെടാവുന്ന കൂദാശകൾ രക്ഷപ്രാപിക്കുന്നതിന് ആവശ്യമില്ലെന്നുമായിരുന്നു വി. പൗലോസിൻെറ പ്രസ്താവങ്ങളെ ആധാരമാക്കി, ചോദ്യകാരൻ വാദിച്ചിരുന്നതു്. അതിനു മറുപടിയായി, രക്ഷക്കു നിദാനമായ കൃപാവരം പ്രാപിക്കുന്നതിനു വിശ്വാസംമാത്രം പോരെന്നും, പശ്ചാത്താപവും മററും വേണമെന്നും, വിശിഷ്യ സൽകർമ്മങ്ങൾ ചെയ്യുക ഒരു ക്രിസ്ത്യാനിയുടെ അപരിത്യാജ്യകടമയാണെന്നും, സജീവവിശ്വാസം പ്രവൃത്ത്യനുരൂപമാണെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. "പ്രവൃത്തികൾ" ആവശ്യമില്ലെന്നു വി. പൗലോസ് പറയുന്നിടത്തു "പ്രവൃത്തികൾ" എന്ന ശബ്ദത്താൽ ഉദ്ദേശിക്കപ്പെടുന്നതു മൂശയുടെ നിയമം അനുശാസിക്കുന്ന കൃത്യങ്ങളാണെന്നും ആകയാൽ പ്രസ്തുതപ്രസ്താവത്തെ ആധാരമാക്കി കൂദാശകൾ ആവശ്യമില്ല എന്നു അനുമാനിച്ചുകൂടെന്നും സമർത്ഥിച്ചിരുന്നു. ഇപ്രാവശ്യം ഉദ്ധരിക്കാൻ പോകുന്നതു കൂദാശകളെപ്പററിയുള്ള വി. പൗലോസിൻെറ പ്രകടസാക്ഷ്യങ്ങളാണ്. എന്നാൽ അവ ഉദ്ധരിക്കുന്നതിനു മുമ്പായി, കൂദാശകൾ ഏതുതരം പ്രവൃത്തികളാണെന്നതിനെപ്പററി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു.

### ക്രൂദാശകൾ ഏതുതരം പ്രവൃത്തികളാണ്?

ദാനധർമ്മം, പരസേവനം, തപോനുഷ്ഠാനം ആദിയായവപോലെ, പ്രവൃത്തി ചെയ്യുന്ന ആളുടെ (Ex opere operantis = കാരകകർമ്മണാ) ഉദ്ദേശശുദ്ധി, തീക്ഷ്ണത, അദ്ധ്വാനം, ദൈവസ്നേഹം ആദിയായവയെ ആസ്പദമാക്കി മാത്രം ഫലം പുറപ്പെടുത്തുന്ന പ്രവൃത്തികളല്ല കൂദാശകൾ. ഇവ "കൃതകർമ്മണാ" (ex opere operato), അതായതു കൃത്യം സാധുവായി നിർവ്വഹിക്കപ്പെടുന്നതിനാൽത്തന്നെ അപ്രമാദമായി വരപ്രസാദമാകുന്ന ഫലം പുറപ്പെടുവിക്കുന്നതിനു ശക്തിയുള്ള അർത്ഥസൂചകമായ ചില പ്രവൃത്തികൾ (Symbolic Actions) ആണ്. ഏവംവിധം ഫലമുളവാക്കുവാനുള്ള ശക്തി പ്രസ്തുത കർമ്മങ്ങൾക്കു മിശിഹാ നല്കിയിരിക്കുന്നു. ആകയാൽ, കൂദാശ സാധുവായി നല്കപ്പെടുമ്പോൾ, അതു സ്വീകരിക്കുന്ന ആളുടെ ഭാഗത്തുനിന്നു തടസ്സങ്ങൾ (ഉദാ: പ്രായമായ ആളുടെ ജ്ഞാനസ്നാനത്തിൽ മനസ്താപത്തിൻെറ അഭാവം) ഇല്ലാത്തിടത്തോളം കാലം അയാൾക്കു വരപ്രസാദം ലഭിക്കുന്നു. വേദശാസ്ത്രസംബന്ധമായ ഈ സംഗതി വിശദമാക്കിയ ശേഷം, കൂദാശകൾ ആവശ്യമില്ലെന്നു് വി. പൗലോസ് പഠിപ്പിക്കുന്നുണ്ടോ എന്നു അന്വേഷിക്കാം.

മാമ്മോദീസ, മുമ്പിലത്തെ ഒപ്പുശുമ, വി. കുർബാന, തിരുപ്പട്ടം, വിവാഹം എന്നീ കൂദാശകളെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ വിശുദ്ധ പൗലോസിൻെറ പ്രസ്താവങ്ങളിലുണ്ടു്. അവയെല്ലാം ഫാദർ പ്രാ എസ്. ജെ. "The Theology of St. Paul" എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു (Volume II, Page 254 "The Sacrament" എന്ന അദ്ധ്യായം). ഇവിടെ ചുരുക്കം ചില സംഗതികൾ പരാമർശിച്ചുകൊള്ളട്ടെ.

### ജ്ഞാനസ്നാനം

വി. പൗലോസുതന്നെ കർത്താവിൻെറ നിർദ്ദേശപ്രകാരം ജ്ഞാനസ്നാനം സ്വീകരിക്കയുണ്ടായി. (നടപടി അദ്ധ്യായം 9). റോമാക്കാർക്കുള്ള ലേഖനം 6-ാം അദ്ധ്യായത്തിൽ വി. ശ്ലീഹാ, ജ്ഞാനസ്നാനകർമ്മം മിശിഹായുടെ മരണത്തിൻെറയും പുനരുത്ഥാനത്തിൻെറയും സാദൃശ്യമാണെന്നു സമർത്ഥിക്കുന്നു; തീത്തൂസ് 3.5-ൽ മാമ്മോദീസായെക്കുറിച്ചു് "പുനർജ്ജന്മത്തിൻെറ സ്നാനം" എന്നും അപ്പസ്തോലർക്കുള്ള ലേഖനം 5,26-ൽ ക്രിസ്തു സഭയെ "ജലത്തിലുള്ള സ്നാനംകൊണ്ടും വചനംകൊണ്ടും ശുദ്ധീകരിച്ചു"വെന്നും എഴുതിയിരിക്കുന്നു. (കൂടാതെ, 1 കൊറി. 6.11; കൊല. 2,12 ആദിയായവയും നോക്കുക.) വി. പൗലോസിൻെറ അഭിപ്രായത്തിൽ ജ്ഞാനസ്നാനം ആവശ്യമില്ലാത്ത ഒരു കർമ്മമാണെങ്കിൽ അദ്ദേഹം ഈദൃശപ്രസ്താവങ്ങൾ ചെയ്യുകയും സൂചനകൾ നല്കുകയും ചെയ്യുമായിരുന്നോ? മാമ്മോദീസായുടെ ആവശ്യകതയെ കാണിക്കുന്ന മത്തായി 28,19; യോഹന്നാൻ 3,5; മർക്കോസ് 16,16 ആദിയായ വേദവാക്യങ്ങളും നോക്കുക.

### മുമ്പിലത്തെ ഒപ്പുശുമ

അപ്പസ്തോലന്മാർ ജ്ഞാനസ്നാനപ്പെട്ടശേഷം വി. പൗലോസ് അവരുടെ മേൽ കൈവച്ചു് പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്നുണ്ടു്. (നടപടി 19,6). (നടപടി 8,17—ം നോക്കുക). 1 കൊറി. 1:21,22; 1 കൊറി X 1, 13 എന്നിവയിലും സ്ഥൈര്യലേപനത്തെപ്പററി സൂചനങ്ങൾ ഉള്ളതായി വേദപുസ്തകവ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ടു്.

### വി. കുർബ്ബാന

1 കൊറി. 11,23 –25-ൽ പരിശുദ്ധ കുർബാനയെപ്പററിയുള്ള സാക്ഷ്യം ഏററവും സ്പഷ്ടമാണ്. "ഞാൻ നിങ്ങൾക്കു് ഏല്പിച്ചുതന്നിട്ടുള്ളതു് നമ്മുടെ കർത്താവിൽനിന്നു എനിക്കു കിട്ടീട്ടുള്ളതാകുന്നു. അതെന്തെന്നാൽ നമ്മുടെ കർത്താവായ ഈശോ, താൻ ഒററിക്കൊടുക്കപ്പെട്ട ആ രാത്രിയിൽ, അപ്പമെടുത്തു്, ആശീർവ്വദിച്ചുമുറിച്ചിട്ടു: നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ; ഇതു നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു; എൻെറ ഓർമ്മയ്ക്കായിട്ടു് ഇപ്രകാരം നിങ്ങൾ ചെയ്യുവിൻ എന്നരുളിച്ചെയ്തു. ഇപ്രകാരംതന്നെ അവർ അത്താഴംകഴിച്ചശേഷം അവൻ പാനപാത്രവും കൊടുത്തിട്ടു്: ഈ പാനപാത്രം എൻെറ രക്തംകൊണ്ടുള്ള പുതിയ നിയമമാകുന്നു; നിങ്ങൾ പാനംചെയ്യുമ്പോഴെല്ലാം എൻെറ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ എന്നരുളിച്ചെയ്തു." പരിശുദ്ധ കുർബാനയെന്ന കൂദാശയെപ്പററിയുള്ള വിവരങ്ങൾ ക്രിസ്തുവിൽനിന്നു പൗലോസിനു കിട്ടീട്ടുള്ളതും വി. ശ്ലീഹാ കൊറിന്തിയാക്കാർക്കു ഏല്പിച്ചുകൊടുത്തിട്ടുള്ളതുമാണെന്നു അദ്ദേഹം എടുത്തുപറയുന്ന സംഗതി പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു (See also I Cor. 10 15-21).

### തിരുപ്പട്ടം

"ആരുടെമേലും വേഗത്തിൽ കൈവെക്കരുതു്" (1 തിമോ: 5,22); "എൻെറ കൈവെപ്പുമൂലം നിന്നിലുള്ളതായ ദൈവദാനം നീ ഉണർത്തണമെന്നു് നിന്നെ ഞാൻ ഓർമ്മപ്പെടുത്തുന്നു." (II തിമോ. 1,6) ആദിയായ പ്രസ്താവങ്ങൾ തിരുപ്പട്ടം എന്ന കൂദാശയുടെ അസ്തിത്വത്തിനു സാക്ഷ്യം വഹിക്കുന്നു.

### വിവാഹം

"പുരുഷൻ സ്വപിതാവിനേയും സ്വമാതാവിനേയുംവിട്ടു് തൻെറ ഭാര്യയോടു ചേരും. അവർ ഇരുവരും ഒരു ജഡമാകുകയും ചെയ്യും. ഈ രഹസ്യം വലുതാകുന്നു." (അപ്പ. 5-31) എന്നു് വിവാഹത്തെക്കുറിച്ചു വി. ശ്ലീഹാ പ്രസ്താവിക്കുന്നതിനുപുറമെ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരിപാവനബന്ധത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തോടു താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. ഈദൃശ പ്രസ്താവങ്ങൾ വിവാഹമെന്ന കൂദാശയുടെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്നു. മററു രണ്ടു കൂദാശകളെക്കുറിച്ചു് വി. പൗലോസ് ഒന്നും പ്രസ്താവിക്കാത്തതു് അവയെക്കുറിച്ചു്, പ്രത്യേകം എടുത്തു പറയുന്നതിനു സന്ദർഭം വരാഞ്ഞതുകൊണ്ടായിരിക്കണം. പക്ഷെ വേദപുസ്തകത്തിൻെറ ഇതരഭാഗങ്ങളിൽ പ്രസ്തുത കൂദാശകളുടേ സ്ഥാപനത്തെക്കുറിക്കുന്ന സാക്ഷ്യങ്ങൾ ഉണ്ടു് എന്ന സംഗതി സുസ്പഷ്ടമാണ്.

മേൽപ്പറഞ്ഞ കൂദാശകളെല്ലാം ഒരുപോലെ നിത്യരക്ഷയ്ക്കാവശ്യമാണെന്നു വി. പൗലോസ് പഠിപ്പിക്കുകയോ കത്തോലിക്കരങ്ങനെ വിശ്വസിക്കയോ ചെയ്യുന്നില്ല. നിത്യരക്ഷയ്ക്കു് ഏററവും ആവശ്യമായ കൂദാശ മാമ്മോദീസയാണ്. യാതൊരു കൂദാശയും ആവശ്യമില്ലെന്നു വി പൗലോസ് പഠിപ്പിക്കുന്നുവെന്ന ചോദ്യകാരൻെറവാദം അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുന്നതിനു് മേലുദ്ധരിച്ച സാക്ഷ്യങ്ങൾ വേണ്ടുവോളം മതിയായിരിക്കുന്നു.

* 1 കൊറി. 5, 18-ൽ പാപസങ്കീർത്തനം എന്ന കൂദാശയെപ്പററി സൂചനയുള്ളതായി ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.



അഗോളവ്യാപകമായ ഒരു സന്യാസസഭയാണു് സെൻറ് ജോസഫ്സ് സിസ്റ്റേഴ്സ് ഓഫ് ക്ളൂനി. നാലായിരം ശാഖകളോടുകൂടിയ ഈ സഭയുടെ തലസ്ഥാനം ഫ്രാൻസിലും, ഭാരതത്തിൽ ടിൻഡിവനത്തുമാണ്.

ചിത്രത്തിൽ കാണുന്നതു്. ഇരിക്കുന്നവർ: (ഇടത്തുനിന്നു്) റവ: മദർ പ്രൊവിൻഷ്യാൾ. സിസ്റ്റർ മരിയ എലിസ (സിസിലി) കുന്നപ്പിള്ളിൽ (ഈ സഹോദരി മേക്കുന്നേൽ ബ: പൗലോസച്ചൻെറ സഹോദരിപുത്രിയാണ്), റവ. മദർ സുപ്പീരിയർ. നില്ക്കുന്നതു്. Sr. മരിയ എലിസയുടെ മാതാപിതാക്കളും സഹോദരനുമാണ്.

---

ഐക്യസംസ്ഥാനത്തിൽ

## ഡോക്ടർമാരുടെ ക്ഷാമം

ഐക്യസംസ്ഥാനത്തു സ്ഥാപിക്കുവാനുദ്ദേശിക്കുന്ന മെഡിക്കൽ കോളെജിൻെറ ശിലാസ്ഥാപനം ജാനുവരി 26-ാംനു രാജപ്രമുഖൻ നിർവ്വഹിച്ചിരിക്കുന്നു. തലസ്ഥാനനഗരിയിൽനിന്നു 5 മൈൽ വടക്കായി സ്ഥിതിചെയ്യുന്ന ഉള്ളൂർ കുന്നിലാണ് മെഡിക്കൽ കോളെജ സ്ഥാപിക്കുവാൻ പോകുന്നതു്. അതിനോടനുബന്ധമായി 400 രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഒരു ജനറൽ ആശുപത്രിയും പണിചെയ്യുന്നതാണ്. അങ്ങനെ ഇപ്പോഴവിടെയുള്ള അവിട്ടംതിരുനാൾ ആശുപത്രിയോടുകൂടി 700 രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരിക്കും.

കോളെജിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതിനു രാജപ്രമുഖനോടഭ്യർത്ഥിച്ചുകൊണ്ടും സദസ്സിനു സ്വാഗതമരുളിക്കൊണ്ടും മന്ത്രി ശ്രീ എ. ജെ. ജോൺ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി:

ഒരു മെഡിക്കൽ കോളെജ് സ്ഥാപിക്കുന്നതിനുള്ള വ്യക്തമായ പദ്ധതി തയ്യാറാക്കാൻ ഗവമ്മെൻറു 1948 ഫെബ്രുവരിയിൽ ഒരു മെഡിക്കൽ കോളെജ് കമ്മിററി രൂപീകരിച്ചു. ഇൻഡ്യയുടെ നാനാഭാഗങ്ങളിലുള്ള 9 മെഡിക്കൽ കോളെജുകളും പ്രമുഖമായ ആശുപത്രികളും സന്ദർശിച്ചശേഷം ഈ കമ്മിററി 1949 മേയ് മാസത്തിൽ ഒരു വിലയേറിയ റിപ്പോർട്ടു സമർപ്പിച്ചു. ഇവിടെ നല്ലനിലയിലുള്ള ഒരു മെഡിക്കൽ കോളെജ് സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയും സാദ്ധ്യതകളും ഈ റിപ്പോർട്ടു കാണിച്ചിരുന്നു. തിരുവിതാംകൂറിൽ 13,000 പേർക്കേ ആധുനിക വൈദ്യശാസ്ത്രത്തിൽ ശരിയായ യോഗ്യതയുള്ള ഒരു ഡോക്ടർ ഉള്ളു എന്നും എന്നാൽ ഇൻഡ്യയുടെ മിക്കഭാഗങ്ങളിലും 6000 മുതൽ 7000 വരെ ജനങ്ങൾക്കു ഒരു ഡോക്ടർ വീതം ഉണ്ടെന്നും പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിനു എട്ടു ലക്ഷം പേർക്കു ഒരാളെ വീതമേ അയക്കുന്നുള്ളു എന്നും, മിക്ക സംസ്ഥാനങ്ങൾക്കും നാട്ടുരാജ്യങ്ങൾക്കും ചുരുങ്ങിയതു് ലക്ഷം പേർക്കു ഒരാളെ വീതം മെഡിക്കൽ വിദ്യാഭ്യാസത്തിനു അയക്കാൻ സൗകര്യമുണ്ടെന്നുകൂടി റിപ്പോർട്ടിൽ പറഞ്ഞിരുന്നു. ലക്ഷം പേർക്കു ഒരാളെ വീതം മെഡിക്കൽ വിദ്യാഭ്യാസത്തിനു അയച്ചാൽത്തന്നെയും 5000 പേർക്കു ഒരു ഡോക്ടർ വീതം ഉണ്ടാക്കാൻ 20 കൊല്ലം വേണ്ടിവരുമെന്നും ഇംഗ്ലണ്ടിൽ ആയിരം പേർക്കു ഒരു ഡോക്ടർ വീതം ഉണ്ടെന്നും ഇന്ത്യയിൽ രണ്ടായിരം പേർക്കു ഒരു ഡോക്ടർ വീതം ഉണ്ടാകുക എന്നുള്ളതാണു ലക്ഷ്യമായി ഭോർ കമ്മിററിയിൽ പറഞ്ഞിട്ടുള്ളതെന്നും വ്യക്തമാക്കിയിരുന്നു. ഒരു പൂർണ്ണ മെഡിക്കൽ കോളെജിൻെറ ആവശ്യകതയെപ്പററിയുള്ള പൂർണ്ണബോദ്ധ്യത്തോടുകൂടി തിരുവിതാംകൂർ ഗവമ്മെൻറു 1948 ഒക്ടോബർ മാസത്തിൽ കോളെജ് പദ്ധതി അനുവദിക്കുകയും 1951 ജൂലൈ മാസത്തിൽ കോളെജ് ആരംഭിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു.

---


### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

N. K. Joseph, Thuravoor.



WANTED Physics Chemistry and maths. Graduates. Pay Rs. 100/- and ever rising To 250/- Apply Catholic Educational Institute, Vasco De Gama (Goa.)


## ദൈവസാന്നിദ്ധ്യം വിസ്മരിക്കരുത്

രാജാജിയുടെ ഉൽബോധനം

ഗവണർ ജനറൽ പദം ഒഴിഞ്ഞുപോകുന്ന ശ്രീ രാജഗോപാലാചാരിക്കു് ഗവമ്മെൻറ് സ്റ്റാഫ്ഹൗസിലെ അംഗങ്ങൾ ഒരു യാത്രയയപ്പുസൽക്കാരം നൽകിയിരിക്കുന്നു. അതിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ടു രാജാജി ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി: "ദൈവം നിങ്ങളോടുകൂടിയുണ്ടെന്നും അവിടുത്തെ വഞ്ചിക്കുവാൻ സാദ്ധ്യമല്ലെന്നും സ്മരിക്കുക. തൽക്കാലം നിങ്ങൾക്കു വഞ്ചിക്കുവാൻ സാധിച്ചാലും പിന്നീടു് ഇരട്ടി പലിശയോടുകൂടി അതിൻെറ ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവരും... നിങ്ങൾ നിരന്തരമായി പ്രയത്നിക്കുക. സർവ്വസംഭവങ്ങൾക്കും സാക്ഷിയായ ഈശ്വരൻ നിങ്ങളോടുകൂടി എപ്പോഴുമുണ്ടെന്ന വിശ്വാസത്തോടുകൂടി വർത്തിക്കുക. ഇതുമാത്രമാണ് എനിക്കു നിങ്ങളോടു പറവാനുള്ളതു്."

പ്രഭാഷണം

# വസ്ത്രധാരണം

“സ്ത്രീകൾ യോഗ്യമായ വസ്ത്രത്താൽ ലജ്ജാശീലത്തോടും പരിപാകത്തോടും കൂടി തങ്ങളെ അലങ്കരിക്കട്ടെ. (1. തിമോ. 2—9)

വസ്ത്രധാരണത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം എന്താണെന്നു ഇന്നത്തെ പരിഷ്കൃതലോകം മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തെത്തുടർന്നു മനുഷ്യപ്രകൃതിക്കു അനുഭവപ്പെട്ട ഒരാവശ്യമായിരുന്നു വസ്ത്രധാരണം (സൃഷ്ടി 3-7). ആ ആവശ്യമാകട്ടെ, വിനയത്തിനായി മനുഷ്യനിൽ അപ്പോഴും അവശേഷിച്ചിരുന്ന സുന്ദരമായ വാസനയിൽനിന്നു ഉത്ഭവിച്ചതായിരുന്നു. അതിനാൽ വസ്ത്രം പുണ്യജീവിതത്തിന്റെ പ്രാഥമികവും സർവ്വപ്രധാനവുമായ ഒരു പരിരക്ഷയാണ്. കാലാവസ്ഥയുടെ പ്രാതികൂല്യങ്ങളിൽനിന്നു ശരീരത്തെ സംരക്ഷിക്കുക എന്നുള്ള ആശ്രിതപരമായ അതിന്റെ ഉദ്ദേശ്യവും, ശരീരത്തിന്റെ ഭൂഷണമെന്ന നിലയിൽ അതിനുള്ള ആലങ്കാരികമായ സ്ഥാനവും പിന്നീടുമാത്രം വരുന്നവയാണ്. തന്നിമിത്തം ദ്വിതീയങ്ങളായ ഈ ഉദ്ദേശ്യങ്ങൾ പ്രാഥമികമായ ഉദ്ദേശ്യത്തെ ഗ്രസിച്ചുകളയുവാനോ പരാജയപ്പെടുത്തുവാനോ, തദ്വാരാ കാര്യങ്ങളുടെ ക്രിസ്തീയവും യുക്തിയുക്തവുമായ ശൃംഖലാബന്ധവും ക്രമാനുക്രമവും തകിടം മറിക്കുവാനോ ഒരിക്കലും അനുവദിച്ചുകൂടാ. എന്നാൽ പരിഷ്കൃതവും പുരോഗമനോന്മുഖവുമെന്നു സ്വയം അഭിമാനിക്കുന്ന ഇന്നത്തെ ലോകം വസ്ത്രധാരണത്തിന്റെ പ്രാഥമികോദ്ദേശ്യത്തെ മാറ്റിവെച്ചുകൊണ്ട്, ശരീരത്തിന്റെ ഒരു ഭൂഷണമായിമാത്രമേ അതിനെ പരിഗണിക്കുന്നുള്ളൂ. ഈ ലൗകായതികമനസ്ഥിതി വർദ്ധിച്ചുവന്നതോടുകൂടി വസ്ത്രധാരണത്തിൽ പല അപാകതകളും നുഴഞ്ഞുകയറി. ഇവ പ്രചരിപ്പിക്കുവാനും അടക്കമില്ലായ്മയെ പരസ്യമായി പ്രകടിപ്പിക്കുവാനും നാടകവേദികളും ചലച്ചിത്രങ്ങളും മുന്നോട്ടുവന്നു; പത്രപരസ്യങ്ങളിലും ചിത്രവാരികകളിലും വിജ്ഞാപനബോർഡുകളിലും മറ്റും അല്പവസ്ത്രധാരികളായ സ്ത്രീരൂപങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതിനു മുമ്പൊരിക്കലും ഫാഷനുകൾക്കു ഇത്ര പ്രചാരം ലഭിക്കുകയോ അവ ഇത്ര ആകർഷകവും മാന്യവുമായ വേഷത്തിൽ പ്രദർശിപ്പിക്കയോ ചെയ്യപ്പെട്ടിട്ടില്ല. ഈ നവീനരീതികളിൽപ്പെട്ട് നിത്യമായി നശിച്ചുപോകുന്ന ആത്മാക്കളെത്രയെന്നു ആർക്കു തിട്ടപ്പെടുത്തുവാൻ കഴിയും!

ക്രിസ്തുവിനുമുമ്പ് പേഗനിസം സ്ത്രീത്വത്തെ അധഃപതനത്തിന്റെ അഗാധത്തിലേക്കു ചവിട്ടിത്താഴ്ത്തി. എന്നാൽ കത്തോലിക്കാസഭയാകട്ടെ സ്ത്രീയെ കൈക്കൊണ്ടുയർത്തി ഉൽകൃഷ്ടപദത്തിൽ പ്രതിഷ്ഠിച്ചു. എന്നാൽ ഇന്നാകട്ടെ വീണ്ടും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പേഗനിസം — അക്രൈസ്തവപ്രസ്ഥാനങ്ങൾ — സ്ത്രീത്വത്തെ വഷളാക്കുവാനായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾതന്നെ സ്വമേധയാ ഈ സ്ഥാനഭ്രംശത്തിനു സമ്മതിച്ചുകൊടുക്കുന്നുവെങ്കിൽ സമുദായത്തിനു് അവരിലുള്ള അഭിമാനത്തെ ഭദ്രമാക്കുന്ന നിയന്ത്രണംപോലും നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. പിന്നെയും, സംയമനം എന്തിനെപ്പറ്റിയുള്ള ബോധം മനുഷ്യപ്രകൃതിക്കു ഒരിക്കൽ നഷ്ടപ്പെട്ടുപോയാൽ അതു സർവ്വവിധവഷളത്തങ്ങളുടേയും അടിത്തട്ടിൽ ആണ്ടുപോകാതിരിക്കയില്ലെന്നുള്ള തത്വം അത്ഭുതകരമായ അനുഭവംകൊണ്ടു് ലോകം ഇന്നു പഠിച്ചുകൊണ്ടിരിക്കുകയാണു്. വിനയവും സങ്കോചവും പുനരുജ്ജീവിച്ചു കാണുവാൻ മനസ്സാക്ഷിയും സന്മനസ്സുമുള്ള സർവ്വരും ഇന്നു് ആഗ്രഹിച്ചുതുടങ്ങിയിട്ടുണ്ടു്.

“നിങ്ങളുടെ വിനയം എല്ലാ മനുഷ്യർക്കും അറിയപ്പെടട്ടെ” എന്നു് വി. പൗലോസും, “ശരീരഭൂഷണവും, ദന്തങ്ങളുടെ ചിരിയും, ആളിന്റെ നടപടിയും ഒരുവൻ എങ്ങനെയുള്ളവനാണെന്നു വെളിപ്പെടുത്തുന്നു” എന്നു വി: പ്രഭാഷകനും (19-27) പറയുന്നു. സ്ത്രീകളുടെ അടക്കം, വിശേഷിച്ചും വസ്ത്രധാരണത്തിലുള്ള അടക്കം, കത്തോലിക്കാസഭയുടെ ശ്രദ്ധയെ എല്ലാകാലത്തും അർഹിച്ചിട്ടുണ്ടു്. കാരണം വിനയം സ്ത്രീകളുടെ വിശിഷ്ടഭൂഷണവും പ്രധാനപുണ്യവുമാണ്. വിനയവും അടക്കവും സ്ത്രീത്വത്തോടു ഇത്ര ഗാഢമായി ബന്ധിക്കപ്പെടുവാൻ ഇടയായതു് കേവലം യാദൃച്ഛികമായിട്ടോ കൃത്രിമമായിട്ടോ അല്ല. സ്ത്രീയുടെ മനശ്ശാസ്ത്രംതന്നെ അവളുടെ സംരക്ഷണത്തിനും അലങ്കാരത്തിനുമായി അതു് ആവശ്യപ്പെടുന്നു. പുംസ്ത്രീവർഗ്ഗങ്ങളെ സൃഷ്ടിച്ചപ്പോൾ സ്രഷ്ടാവുതന്നെ സ്ത്രീക്കു, അവളുടെ പ്രത്യേകാവകാശവും ഗുണലക്ഷണവുമായി, പ്രകൃതിയുടേയും പ്രസാദവരത്തിന്റെയും മൂല്യങ്ങളായ ചില വൈശിഷ്ട്യങ്ങൾ പ്രദാനം ചെയ്തിട്ടുണ്ടു്. ഈ അമൂല്യനിക്ഷേപങ്ങൾ സംരക്ഷിക്കപ്പെടുകയോ പരിപൂർണ്ണമാക്കുകയോ ചെയ്യണമെങ്കിൽ സ്ത്രീകളുടെ ബാഹ്യമായ നടത്ത, വസ്ത്രധാരണം, പെരുമാറ്റം എന്നിവയെ സമൂലം സംബന്ധിക്കുന്ന ചില നിയന്ത്രണങ്ങൾക്കു് അവർ വിധേയരായേ കഴിയൂ. എന്നാൽ ഈ ത്യാഗങ്ങളെയെല്ലാം അർഹിക്കുന്നവയാണു് പ്രസ്തുതനിക്ഷേപങ്ങൾ. അതിനാൽ വിനയത്തെ സംബന്ധിക്കുന്ന നിയന്ത്രണങ്ങളിൽ സ്ത്രീകൾ തികച്ചും അഭിമാനം കൊള്ളേണ്ടതാണു്; കാരണം, അവ അവശതയെയല്ല, പ്രത്യുത, മാന്യതയെയാണു് കാണിക്കുന്നതു്. കൂടാതെ സ്ത്രീക്കു സമുദായത്തിലുള്ള സ്ഥാനവും അതിനോടു അവൾക്കുള്ള കടമകളും വിനയം അഭ്യസിക്കുന്നതിനു് അവളെ പ്രേരിപ്പിക്കുന്നു. ഒരു വിധം പറഞ്ഞാൽ മനുഷ്യജാതിയുടെ സദാചാരത്തിന്റെ കടിഞ്ഞാൺ അവളുടെ കരങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. ധാർമ്മികശക്തികൊണ്ടു അവൾ ലോകത്തെ ഭരിക്കുന്നു. സമുദായത്തിന്റെ ആരംഭവും ഉറവയും കേന്ദ്രവുമായ കുടുംബത്തിന്റെ കാര്യത്തിൽ ഇതു തികച്ചും വാസ്തവമാണു്. എപ്പോൾ സ്ത്രീത്വം അധഃപതിക്കുന്നുവോ അപ്പോൾ കുടുംബവും സമുദായവും അധഃപതിക്കുന്നുവെന്നുള്ളതിനു ലോകചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. സ്ത്രീകളുടെ വിനയത്തെപ്പോലെ നന്മയിലേക്കു മറ്റുള്ളവരെ ആകർഷിക്കുന്നതായി ചുരുക്കം ചില സംഗതികൾ മാത്രമേയുള്ളൂ. അതുപോലെതന്നെ സ്ത്രീകളുടെ അടക്കമില്ലായ്മയെപ്പോലെ അത്രയധികം ഉതപ്പു നല്കുന്ന മറ്റൊന്നും ഇല്ലതാനും. അതുകൊണ്ടാണു് വി. പൗലോസ്, “സ്ത്രീകൾ യോഗ്യമായ വസ്ത്രത്താൽ ലജ്ജാശീലത്തോടും പരിപാകത്തോടും കൂടി തങ്ങളെ അലങ്കരിക്കട്ടെ” എന്നു പറയുന്നതു്. അതുകൊണ്ടുതന്നെയാണു് സ്ത്രീകളുടെ വസ്ത്രധാരണത്തിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകളെ ചൂണ്ടിക്കാണിക്കുവാനും തിരുത്തുവാനുംവേണ്ടി കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാർ നാലുകൊല്ലം മുമ്പു് ഒരു സംയുക്തലേഖനം പ്രസിദ്ധപ്പെടുത്തിയതും.

വസ്ത്രധാരണത്തിന്റെ പ്രാഥമികമായ ഉദ്ദേശ്യത്തെ അഗണ്യമാക്കിക്കൊണ്ടുള്ള ഇന്നത്തെ വിനയരഹിതമായ വസ്ത്രധാരണരീതിയെ ഉച്ചാടനംചെയ്യുന്നതിനുള്ള ഗൗരവമേറിയ ചുമതല മാതാപിതാക്കന്മാരിൽ — പ്രത്യേകിച്ചു് മാതാക്കളിൽ — ആണു് നിക്ഷിപ്തമായിരിക്കുന്നതു്. ഇക്കാര്യത്തിൽ മെത്രാന്മാരുടെ നിർദ്ദേശം അനുസരിക്കുന്നതായിരിക്കും അപകടരഹിതമായ മാർഗ്ഗം. “തൊണ്ടക്കുഴിയിൽനിന്നും രണ്ടുവിരൽ വീതിയിൽ കൂടുതൽ താഴെ നിൽക്കുന്നതും, മുട്ടുകൾവരെയെങ്കിലും കൈത്തണ്ടുകൾ മറയ്ക്കാത്തതും, മുട്ടുകാലുകൾക്കു സ്വല്പം താഴെവരെ കവിച്ചു് എത്തുന്നതുമായ വസ്ത്രം വിഹിതമായതാണെന്നു പറയുവാൻ നിവൃത്തിയില്ലെന്നുള്ള സംഗതി നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. മാത്രമല്ല, നിഴൽ കാണത്തക്കവണ്ണം തീരെ മൃദുലവും നേരിയതുമായ വസ്ത്രങ്ങളും അടക്കത്തിനു യോജിച്ചതല്ല.” (ഇടയലേഖനം). ഗുണവതികളും ഭക്തകളുമായ ചില സ്ത്രീകൾപോലും ഇന്നത്തെ പരിഷ്കാരത്തിന്റെ സ്വേച്ഛാപ്രഭുത്വത്തിനു അടിപ്പെട്ടുപോകുന്നില്ലേ? കേരളത്തിലെ കത്തോലിക്കാവനിതകളുടെ ജാതീയവസ്ത്രം വളരെ വിനയജനകമാണു്. എന്നാൽ പരിഷ്കാരഭ്രമത്തിൽ അവർ അക്രൈസ്തവവസ്ത്രങ്ങളെ അനുകരിക്കുവാൻ ആകാംക്ഷ പ്രദർശിപ്പിക്കുന്നതു് പരിതാപകരംതന്നെ. ക്രിസ്തീയവിനയത്തെ ജീവിതത്തിൽ പകർത്തിയവർ — പരി. കന്യകയുടേയും, വി. ആഗ്നസിന്റെയും, വി. എലിസബത്തിന്റെയും, വി. ചെറുപുഷ്പത്തിന്റെയും കൂട്ടത്തിൽ പെട്ടവർ — വസ്ത്രധാരണത്തിന്റെ മാതൃക അന്വേഷിച്ചുകൊണ്ടു് ബഹുഭാര്യാത്വവും കൂട്ടകല്യാണവും, സംബന്ധവും വിമോചനവും സങ്കോചമെന്യേ നടത്തുന്ന ഇതരമതാനുയായികളെ സമീപിക്കുന്നതെന്തിനു്? മെത്രാന്മാരുടെ കല്പനയുള്ളതുകൊണ്ടും കൂദാശകൾ നിഷേധിക്കപ്പെടാതിരിപ്പാൻ വേണ്ടിയും പള്ളിയിൽ വരുമ്പോൾമാത്രം വിനയമുള്ള വസ്ത്രങ്ങൾ മക്കളെ ധരിപ്പിക്കയും, പൊതുസ്ഥലങ്ങളിലും സമ്മേളനങ്ങളിലും മുതിർന്ന ആൺകുട്ടികളുള്ള മിശ്രവിദ്യാലയങ്ങളിലും പോകുമ്പോൾ വിനയരഹിതമായ വസ്ത്രങ്ങൾ അവരെ ധരിപ്പിക്കയും ചെയ്യുന്ന മാതാക്കൾ അല്പനേരം ഇങ്ങനാലോചിക്കട്ടെ. വീടുകളിലും വിനയമുള്ള വസ്ത്രങ്ങൾ ആവശ്യമല്ലേ? പുരുഷന്മാരായ കുടുംബാംഗങ്ങളും ജോലിക്കാരും വീടുകളിലില്ലേ? കൃത്രിമമായ ഒരു വെച്ചുകെട്ടുപോലെ വിനയം പള്ളിയുടെ അകത്തു മാത്രം മതിയോ? വിനയമില്ലാത്ത വസ്ത്രങ്ങൾ മകളെ അണിയിച്ചുകൊടുക്കുമ്പോൾ അമ്മ വിചാരിക്കുന്നു: “എന്റെ മകളെ എല്ലാവരും ഒന്നു കാണട്ടെ.” തന്റെ നവവധു “പരിഷ്കാര”വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് ഇറങ്ങിപ്പോകുന്നതു കാണുമ്പോൾ യുവാവായ വരൻ വിചാരിക്കുന്നു: “എന്റെ ഭാര്യയുടെ സൗന്ദര്യവും അലങ്കാരമോടിയും എല്ലാവരും ഒന്നു കാണട്ടെ.” എന്നാൽ ആ കാഴ്ച എത്രതരത്തിലുള്ള കാഴ്ചയായിരിക്കും! സ്ത്രീയുടെ സാക്ഷാൽ സൗന്ദര്യവും ഭൂഷണവും അടക്കമുള്ള വസ്ത്രാലങ്കാരങ്ങളാണെന്നു മാതാപിതാക്കന്മാർ അറിഞ്ഞിരിക്കട്ടെ. പത്തും പന്ത്രണ്ടും വയസ്സാകുമ്പോൾ ബാലികമാർ അതിശീഘ്രത്തിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കും. എന്നാൽ അതനുസരിച്ചു വസ്ത്രങ്ങൾ സ്വയം വളരുകയില്ലല്ലോ. തന്നിമിത്തം മൂന്നും നാലും കൊല്ലങ്ങൾക്കു മുമ്പു് മകൾക്കു തുന്നിച്ച വസ്ത്രങ്ങൾ ഇന്നും, അവൾ വളർച്ച പ്രാപിച്ചിട്ടുണ്ടെന്നുള്ള വാസ്തവം മറന്നുകൊണ്ടോ അല്ലെങ്കിൽ പിശുക്കുകൊണ്ടോ അവളെ ധരിപ്പിക്കയാണെങ്കിൽ അവളുടെ വസ്ത്രധാരണം തീരെ അനുചിതമായിരിക്കും. ബാലികമാർക്കു അവശ്യം വേണ്ടതായ ലജ്ജാശീലം വിനയരഹിതമായ വസ്ത്രധാരണംനിമിത്തം നശിച്ചുപോകുമെന്നും മാതാപിതാക്കന്മാർ സ്മരിക്കട്ടെ. സമുദായത്തിൽ വിനയത്തിന്റെ മാനദണ്ഡം നിശ്ചയിക്കേണ്ടവർ ക്രൈസ്തവവനിതകളാണു്. അവർ ഒത്തൊരുമിച്ചുകൊണ്ടു് ക്രിസ്തീയവിനയത്തെ ഉയർത്തിക്കാണിക്കട്ടെ. നീതിയുടെ കണ്ണാടിയും വിനയത്തിന്റെ മൂർത്തീകരണവുമായ പരി. ജനനി അവർക്കു മാതൃകാദീപമായിരിക്കട്ടെ.

(ജെ. ചെമ്മണൂർ)

---

## ഫാത്തിമായിലെ കുട്ടികൾ

(11-ാം പേജ് തുടർച്ച)

ട്ടികൾ സ്ത്രീയെ കണ്ടതായി അദ്ദേഹം വിശ്വസിക്കുന്നില്ലേ?”

വൃദ്ധൻ അല്പം ശങ്കിച്ചു. പിന്നീടു് കുരിശിന്റെ അടയാളം വരച്ചുകൊണ്ടു സാവധാനവും ഭക്തിപൂർവ്വവും പറഞ്ഞു: “ഞങ്ങളുടെ ആത്മീയ ഇടയൻ വളരെ കരുതലോടെ പ്രവർത്തിക്കയാണു്. സഭാശത്രുക്കൾ അദ്ദേഹത്തെ കൂടുതലായി വിമർശിക്കുന്നതിനു തക്കംനോക്കിയിരിക്കയാണെന്നു് അദ്ദേഹത്തിനറിയാം.”

അയാൾ പറഞ്ഞതു വാസ്തവമാണു്. ഒറേമിലെ മേയർതന്നെ പറയുന്നതു് “ഇതെല്ലാം ഇടവകപ്പള്ളിയിലേക്കു കാശുണ്ടാക്കാൻ കരുതിക്കൂട്ടി ചെയ്യുന്ന സൂത്രങ്ങളാണു്; ഇനിമുതൽ കോവയിൽ വരുന്ന തീർത്ഥയാത്രക്കാർക്കു് ഒരു തലവരി നിശ്ചയിച്ചു പണം പിരിക്കാനും മടിക്കയില്ല; കണ്ടോളൂ” എന്നൊക്കെയാണു്.

ഫാദർ ഫെറയിറായ്ക്കും കോവയിലെ ദർശനത്തെപ്പറ്റി ക്രമേണ വിശ്വാസം തോന്നിത്തുടങ്ങി. പാപികളുടെ മാനസാന്തരത്തിനും മറ്റും വേണ്ടി ഈ മൂന്നു് ഇടയക്കുട്ടികളെയും ഉപകരണമായി ദൈവമാതാവു തിരഞ്ഞെടുത്തിരിക്കയാണെന്നു് അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടു് അദ്ദേഹത്തിനും കോവ സന്ദർശിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്. എങ്കിലും പട്ടണത്തിലുള്ള അപവാദങ്ങൾ ഭയന്നു് അദ്ദേഹം അവിടെ പോകാത്തതാണു്. ഏതായാലും ഒരു ഔദ്യോഗിക പ്രഖ്യാപനമുണ്ടാകണമെങ്കിൽ തന്നെ അതു മെത്രാനച്ചൻ തിരുമനസ്സിൽനിന്നു വേണം. അതിനു്, കാര്യബോധമുള്ള വൈദികർ പോയി അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. ഇതിനെല്ലാം കാലതാമസം വരാതെയിരിക്കുകയില്ല.

എന്നാൽ അധികം താമസിയാതെ തന്നെ സൂക്ഷ്മമായ അന്വേഷണം ആരംഭിക്കയാണുണ്ടായതു്.

സെപ്തംബർ 27-ാംതീയതി—സ്ത്രീയുടെ അഞ്ചാമത്തെ സന്ദർശനത്തിനുശേഷം രണ്ടാഴ്ച കഴിഞ്ഞു്—ലിസ്ബൺ സെമ്മിനാരിയിലെ ദൈവശാസ്ത്രപ്രൊഫസ്സറായ ഒരു വൈദികൻ ലൂസിയുടെ വീട്ടിൽ ചെന്നു.

“ആദ്യമായി ലൂസിയോടു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. അവളിവിടെയുണ്ടോ?” അദ്ദേഹം മരിയ സാന്തോസിനോടു ചോദിച്ചു.

വീട്ടുജോലികളിൽ ഏർപ്പെട്ടിരുന്ന ലൂസിയുടെ അമ്മ അമ്പരന്നു. ലൂസി വീട്ടിലില്ലായിരുന്നു. ഒരു മൈൽ ദൂരത്തുള്ള അവരുടെ വക ഒരു പുരയിടത്തിൽ അവൾ മുന്തിരിങ്ങാ പറിക്കാൻ പോയിരിക്കയായിരുന്നു.

“ലൂസി ഇപ്പോളിവിടെയില്ലെങ്കിൽ, എനിക്കു ഫ്രാൻസിസിനെയും ജസിന്തയേയും കണ്ടു സംസാരിക്കാൻ കഴിഞ്ഞേക്കുമല്ലോ. അവർ ഇവിടെ അടുത്തല്ലേ താമസിക്കുന്നതു്?” പ്രൊഫസ്സർ ചോദിച്ചു.

മരിയ റോസ തലകുലുക്കി. കുട്ടികളെ വിളിച്ചുകൊണ്ടുവരാൻ അവൾ ശ്വാസംപോലും വിടാതെ ജസിന്തയുടെ വീട്ടിലേക്കു ഓടി. കുറെ ആളുകളായി അപരിചിതന്മാർ വന്നു് കുട്ടികളുമായി സംസാരിക്കാൻ അനുവാദം ചോദിക്കുക പതിവായിരുന്നു. പക്ഷേ അവരെല്ലാം കുട്ടികളുടെ നാവിൽനിന്നുതന്നെ സ്വർഗ്ഗീയസ്ത്രീയെപ്പറ്റി കേൾക്കുവാൻ ജിജ്ഞാസുക്കളായ വെറും സാധാരണ ഗ്രാമീണരായിരുന്നു. ഇപ്പോളാകട്ടെ, ഒരു വൈദികൻ — പണ്ഡിതനായ ഒരു സെമ്മിനാരി പ്രൊഫസ്സർ — വന്നിരിക്കുന്നു! ഇത്തരം സന്ദർശകന്മാർ വരുന്നതുകൊണ്ടു് കുട്ടികൾക്കു പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതായി അവർ തന്നെ താനെ തെളിഞ്ഞേക്കും. അങ്ങനെ അവർ തീരെ ദുരാശരായിപ്പോകാനും മതി. മരിയ റോസയുടെ ഹൃദയത്തിൽക്കൂടി ഈവക ചിന്തകൾ പാഞ്ഞുകയറി.

“എന്റെ പരിശുദ്ധ ദൈവമാതാവേ, ലൂസിയെ [illegible] അടുത്താട്ടു വിടേണ്ടായിരുന്നു. അവളെ എങ്ങും വിടാതെ വീട്ടിൽ പിടിച്ചുനിറുത്തിയിരുന്നെങ്കിൽ, സ്വർഗ്ഗീയസ്ത്രീയെ സംബന്ധിച്ചുള്ള ഈ കോലാഹലങ്ങളൊന്നും കോവയിലുണ്ടാകയില്ലായിരുന്നു.” മരിയറോസ മനഃക്ലേശത്തോടെ ചിന്തിച്ചു.

## കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യ

ഭാരതകത്തോലിക്കാ യൂണിയന്റെ വാർഷികയോഗം അടുത്ത മാർച്ചുമാസത്തിൽ ആജ്മീറിൽവച്ചു് നടത്തുന്നതാണു്. തദവസരത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയങ്ങൾ കാലേകൂട്ടി താഴെപറയുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണു്.

General Secretary
Major Albert da Costa
Chateau d'Emilia
Nagpur 1. C. P.

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 9

## കോവയിൽ പുതിയ ജനക്കൂട്ടം


രാവിലെ നടന്ന അത്ഭുതസംഭവത്തെപ്പററി മരിയ റോസ ദസ്ന്റാന്തോസിനോടു പറഞ്ഞപ്പോൾ അവർ അതു മുഴുവൻ വിശ്വസിച്ചില്ല. എങ്കിലും, ലൂസി കൊണ്ടുവന്ന കൊമ്പിന്നു് അത്ഭുതകരമായ ഒരു സുഗന്ധമുണ്ടെന്നു് അവർ സമ്മതിച്ചു. സ്നേഹിതന്മാരും അയല്ക്കാരും ഇതിനു സാക്ഷ്യം വഹിച്ചു. സ്ത്രീയുടെ വാലിനോസു് സന്ദർശനവാർത്ത ഫാത്തിമാ മുഴുവൻ വ്യാപിച്ചു.

"സ്ത്രീ വാലിനോസിൽ പ്രത്യക്ഷപ്പെടാൻ പോകുന്നകാര്യം നിങ്ങളറിഞ്ഞിരുന്നല്ലോ. എന്നിട്ടെന്തുകൊണ്ടു് ഞങ്ങളോടു പറഞ്ഞില്ല? ഞങ്ങൾക്കും വാലിനോസിൽ പോകാൻ കഴിയുമായിരുന്നല്ലോ." ഒരു വൃദ്ധസ്ത്രീ നൈരാശ്യത്തോടെ പരാതിപ്പെട്ടു.

"അവിടെ എന്തെങ്കിലും വിശേഷമായി സംഭവിക്കാൻ പോകുന്നെന്നു ഞങ്ങളറിഞ്ഞിരുന്നില്ല. സ്ത്രീയുടെ വാലിനോസ് സന്ദർശനം തികച്ചും അവിചാരിതമായിരുന്നു." ലൂസി വൃദ്ധയെ സമാധാനപ്പെടുത്തി.

"അടുത്തമാസവും സ്ത്രീ അവിടെത്തന്നെ വരുമായിരിക്കും, ഇല്ലേ?"

"ഇല്ല, ഇല്ല. സെപ്റ്റംബറിൽ സ്ത്രീ കോവയിൽത്തന്നെ വരും, പതിവുപോലെ."



സെപ്റ്റംബർ 13-ാംതീയതി സമീപിച്ചതോടുകൂടി കോവയിലെ ദർശനങ്ങളിലുള്ള താൽപര്യം പോർട്ടുഗലിൽ സർവ്വത്രവർദ്ധിച്ചുവന്നു. കോവയിലെ അത്ഭുതസംഭവങ്ങളെക്കുറിച്ചു വർത്തമാനപ്പത്രങ്ങളിലും മാസികകളിലും ധാരാളം ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടു. അതുവരെ അപ്രസിദ്ധമായിരുന്ന ഫാത്തിമാ കുഗ്രാമം എല്ലാവരുടെയും സംസാരവിഷയമായി. ഭക്തജനങ്ങൾ അവിടെയെത്തുവാനുള്ള മാർഗ്ഗങ്ങളും ഉപാധികളും ആരാഞ്ഞുകൊണ്ടിരുന്നു. മററു ചിലർ ലിസ്ബണിൽനിന്നു അറുപതോളം മൈൽ ദൂരമുള്ള ആ ഗ്രാമത്തിൽ ചെന്നു് ഏതെങ്കിലും ഒരു വ്യാപാരത്തിലേർപ്പെടുവാൻ—ഒരു ഹോട്ടലോ ഒരു കടയോ തുറക്കുവാൻ—ആഗ്രഹിച്ചു.

"അങ്ങനെയാണെങ്കിൽ വേഗം തുടങ്ങണം. ഫാത്തിമാ ഒരു രണ്ടാംലൂർദ്ദായിത്തീർന്നേക്കാം." അവർ തമ്മിൽ തമ്മിൽ പറഞ്ഞു.

ഫാത്തിമായിലേക്കുള്ള റോഡുകളെല്ലാം തീർത്ഥയാത്രക്കാരെക്കൊണ്ടു നിറഞ്ഞു. കാൽനടയായും വാഹനങ്ങളിലായും മുപ്പതിനായിരത്തോളം ജനങ്ങൾ കോവയിൽ ചെന്നെത്തി. ഭൂരിപക്ഷംപേർ—പള്ളിയിലെപ്പോലെ പുരുഷന്മാർ തലയിൽ തൊപ്പി വയ്ക്കാതെയും, സ്ത്രീകൾ പോർട്ടുഗീസ് ഡിസ്ട്രിക്ടുകളിലെ പതിവനുസരിച്ചു് പലനിറത്തിലുള്ള തലമുണ്ടിട്ടും—മുട്ടുകുത്തി ജപമാലയെത്തിച്ചുകൊണ്ടിരുന്നു.

കുട്ടികൾ വന്നെത്തിയ ഉടനെ ജനക്കൂട്ടം എഴുന്നേററുനിന്നു് അവരെ ഉപചരിച്ചു. ജനക്കൂട്ടത്തിന്റെ ആദരവും അഭിനന്ദനസൂചകമായ കടാക്ഷങ്ങളും രഹസ്യസംഭാഷണങ്ങളും കുട്ടികൾ ശ്രദ്ധിച്ചില്ല. ഏതാനും മിനിട്ടുകൾക്കുള്ളിൽ അവരുടെ സ്വർഗ്ഗീയസ്നേഹിതയെ കാണാമെന്നുള്ള ഏകവിചാരത്താൽ അവരുടെ ഹൃദയങ്ങൾ നിറഞ്ഞിരുന്നു. അവർ ഓക്കുവൃക്ഷത്തിനു സമീപം പതിവായി മുട്ടുകുത്തി പ്രാർത്ഥിക്കാറുള്ള സ്ഥലത്തു ചെന്നു് മുട്ടുകുത്തി.

"നിങ്ങൾ പ്രാർത്ഥിക്കണം. തീവ്രമായി പ്രാർത്ഥിക്കണം." ലൂസി ജനാവലിയെ ഉൽബോധിപ്പിച്ചു. തൽക്ഷണം ജനക്കൂട്ടം മുട്ടുകുത്തി പ്രാർത്ഥിക്കാൻതുടങ്ങി. ചിലർ കണ്ണീരൊഴുക്കി. ചിലർ കുട്ടികൾക്കു കൈവന്നിരിക്കുന്ന ഭാഗ്യത്തെയും, അവർവഴിയായി സ്ത്രീയിൽ വിശ്വസിച്ചു് കോവയിൽവരുന്ന തീർത്ഥയാത്രക്കാർക്കു ലഭിക്കാവുന്ന അനുഗ്രഹങ്ങളെയും കുറിച്ചു ചിന്തിച്ചു.

"ആ കുട്ടികളുടെ മുഖത്തേക്കു നോക്കൂ; അതു് കാപട്യമുള്ളവരുടെ മുഖമാണെന്നു് ആരും പറയുകയില്ല." ലിസ്ബണിൽനിന്നു വന്ന ഒരു യുവതി അവളുടെ ഭർത്താവിനോടു മന്ത്രിച്ചു. ഭർത്താവും അതു സമ്മതിച്ചു. കൂടുതൽ ഭക്തിയോടുകൂടി കൊന്തമണികൾ ഉരുട്ടുവാനും തുടങ്ങി. പക്ഷേ അയാൾ ഒരു രഹസ്യം ചൊല്ലിത്തീരുംമുമ്പായി അത്ഭുതം സംഭവിക്കയായി!

ഏതാനും സെക്കൻറുമുമ്പുവരെ ഒരു ആഗ്നേയഗോളംപോലെ, മേഘങ്ങളൊന്നുമില്ലാതെ തെളിഞ്ഞിരുന്ന നീലാകാശത്തിൽ, ജ്വലിച്ചിരുന്ന സൂര്യൻ ക്രമേണ നിറംമങ്ങി ഒരു മഞ്ഞത്തകിടായി മാറി.

"സ്ത്രീ കുട്ടികൾക്കു കാണപ്പെടാറായെന്നാണു് ഇതു സൂചിപ്പിക്കുന്നതു്." ലിസ്ബൺകാരി യുവതി വീണ്ടും പറഞ്ഞു: "സ്ത്രീയുടെ സാന്നിദ്ധ്യത്തിൽ സൂര്യൻ നിഷ്പ്രഭമാകത്തക്കവിധം സ്ത്രീ അത്രമാത്രം പ്രഭാവതിയും മനോഹാരിണിയുമാണു്."

അവളുടെ ഭർത്താവു് മറുപടി പറയുന്നതിനുമുമ്പായി വലിയൊരു ശബ്ദകോലാഹലം കോവയിലുയർന്നു. "അതാ, സ്ത്രീ! സ്ത്രീ!! സ്ത്രീ വരുന്നു, അവിടെ നോക്കൂ!"

ആ യുവദമ്പതികൾ ദീർഘനിശ്വാസത്തോടെ തിരിഞ്ഞുനോക്കി. ഒരു ചെറിയ വെൺമേഘം കിഴക്കുനിന്നു പടിഞ്ഞാറോട്ടുനീങ്ങി കീഴോട്ടുതാണു് ഓക്കുവൃക്ഷത്തെ ആവരണം ചെയ്തു. കുട്ടികളുടെ മുഖകമലങ്ങൾ ആനന്ദതുന്ദിലങ്ങളായി പ്രകാശിച്ചു. ജനക്കൂട്ടത്തിനു ദർശനം കാണാൻ കഴിഞ്ഞില്ലെങ്കിലും സ്ത്രീ അവരുടെ കുഞ്ഞുചങ്ങാതിമാരുടെ അടുക്കൽ വന്നിരിക്കുന്നു എന്നു് എല്ലാവർക്കും തോന്നി.

"ആ കുട്ടികൾമൂന്നുപേരും ഇപ്പോൾ തീർച്ചയായും സ്ത്രീയെ കാണുകയാണു്! സ്ത്രീ പറയുന്നതു് യാതൊന്നും ആ ആൺകുട്ടി കേൾക്കുന്നില്ല. ഇളയപെൺകുട്ടി കേൾക്കുന്നുണ്ടെങ്കിലും അവളൊന്നും പറയുന്നില്ല. പക്ഷേ മൂത്തപെൺകുട്ടി!—ഹാ! അവളുടെ നേരെ നോക്കൂ—മുപ്പതിനായിരം ജനങ്ങൾ അവളുടെ ചേഷ്ടകളോരോന്നും സൂക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള കാര്യംതന്നെ അവൾ മറന്നുപോയിരിക്കുന്നു. അവൾ സ്ത്രീയെ മാത്രം കാണുകയും കേൾക്കുകയും ചെയ്യുന്നു." ലിസ്ബൺകാരി യുവതി അവളുടെ ഭർത്താവിനോടു പറഞ്ഞു.

"ഞങ്ങൾ എന്തുചെയ്യണമെന്നാണു് അങ്ങു് ആഗ്രഹിക്കുന്നതു്?" ലൂസി തിടുക്കത്തിൽ ചോദിച്ചു.

സ്ത്രീയുടെ കണ്ണുകൾ ഗൗരവയുക്തങ്ങളായിരുന്നു.

"പതിവായി ജപമാല ചൊല്ലുക; പ്രത്യേകിച്ചു് യുദ്ധം വേഗം അവസാനിക്കാൻ വേണ്ടി."

"ഇവിടെ വരുന്ന രോഗികളെ അങ്ങു സുഖപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?"

"കുറെപ്പേരെ സുഖപ്പെടുത്താം: പക്ഷേ എല്ലാവരെയുമില്ല. കാരണം, കർത്താവു് എല്ലാവരിലും സംപ്രീതനല്ല. അടുത്തമാസത്തിൽ ഞാൻ തനിച്ചായിരിക്കയില്ല വരുന്നതു്. വിശുദ്ധ യൗസേപ്പും ഉണ്ണീയീശോയും എന്റെകൂടെയുണ്ടായിരിക്കും. അന്നു തീർച്ചയായും നിങ്ങളിവിടെ വരുമെന്നു വാഗ്ദാനംചെയ്യുവാൻ ഞാനാവശ്യപ്പെടുന്നു."

ലൂസി സമ്മതഭാവത്തിൽ തലകുലുക്കി:–"ഉവ്വ്; അന്നു ഉച്ചയ്ക്കു ഞങ്ങൾ മൂന്നു പേരും ഇവിടെ വരും."

ഈ വാക്കുകൾ സ്ത്രീയെ സംപ്രീതയാക്കിയതുപോലെ കാണപ്പെട്ടു. പിന്നീടു് അവൾക്കൊന്നും പറയാനുണ്ടായിരുന്നില്ല. കുട്ടികളെ ഒരിക്കൽക്കൂടി വാത്സല്യപൂർവ്വം കടാക്ഷിച്ചിട്ടു് സ്ത്രീ വായുവിൽ മറയുവാൻ തുടങ്ങി. ദർശനം അവസാനിച്ചതിലുള്ള ഖേദത്തോടെ ലൂസി ജനതതിയുടെ നേരെ തിരിഞ്ഞു.

"സ്ത്രീ മറഞ്ഞുപോകയാണു്." അവൾ പറഞ്ഞു.

ലൂസി ഈ വാക്കുകൾ ഉച്ചരിക്കുമ്പോൾത്തന്നെ വെൺമേഘം ഓക്കുവൃക്ഷത്തിൽനിന്നുയർന്നു് കിഴക്കോട്ടുനീങ്ങി മറഞ്ഞുപോകയും ചെയ്തു. അതേസമയം തന്നെ ആകാശത്തുനിന്നും വെളുത്ത പുഷ്പദളങ്ങൾ ധാരാളമായി കുട്ടികളുടെ ദേഹത്തും വൃക്ഷത്തിലും പൊഴിഞ്ഞുവീണു.

"നോക്കു്! സ്വർഗ്ഗത്തിൽനിന്നും പൂക്കൾ!" ജനക്കൂട്ടം ഏകസ്വരത്തിൽ വിളിച്ചുകൂവി.

"പിടിച്ചെടുക്കു്; അതു പിടിച്ചെടുക്കു്." ജനാവലി വീണ്ടും ആർത്തുവിളിച്ചു.



"നോക്കു്! സ്വർഗ്ഗത്തിൽനിന്നും പൂക്കൾ!"

ജനങ്ങൾ ആവേശംപൂണ്ടു തിക്കിത്തിരക്കി പാഞ്ഞടുത്തു. പക്ഷേ അതിൽ ഒരു പൂവുപോലും കരസ്ഥമാക്കുവാൻ ആർക്കും കഴിഞ്ഞില്ല. തറയിൽനിന്നും ഏതാനും അടി ഉയരത്തിൽവച്ചു് ആ ദളങ്ങൾ നിമിഷനേരംകൊണ്ടു വായുവിൽ അലിഞ്ഞുപോയി.

"ആരും ഇളകിവശാകരുതു്. കുട്ടികളുടെ മാതാപിതാക്കൾ ഒപ്പിച്ചുവച്ച സൂത്രംമാത്രമാണതു്." ഭംഗിയായി വസ്ത്രധാരണം ചെയ്തിരുന്ന ഒരു മാന്യൻ പ്രസ്താവിച്ചു.

ജനക്കൂട്ടത്തിൽനിന്നു പ്രതിഷേധശബ്ദങ്ങളുയർന്നു.

"സൂത്രമോ? അല്ല; ഒരിക്കലും അങ്ങനെ പറയരുതു്."

"എന്തുകൊണ്ടു്? വലിയ പ്രസിദ്ധീകരണം ലഭിക്കുന്നതിനുവേണ്ടി ആളുകൾ പലപ്പോഴും ഇങ്ങനെയൊക്കെ ചെയ്യാറുണ്ടു്. ഞാൻ ഒരു പത്രപ്രവർത്തകനാണു്. എനിക്കിതൊക്കെ അറിയാം."

അല്പനേരത്തേക്കു് എല്ലാവരും നിശ്ശബ്ദരായിരുന്നു. ഒടുവിൽ ഒരു വൃദ്ധനായ ആട്ടിടയൻ മുമ്പോട്ടുകടന്നുവന്നു് ആ അപരിചിതന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ടു ചോദിച്ചു: "നമ്മുടെ മാതാവു് ഇവിടെ പ്രത്യക്ഷപ്പെട്ടകാര്യം നിങ്ങൾക്കറിഞ്ഞുകൂടേ? കോവ ഇപ്പോൾ ഒരു വിശുദ്ധ സ്ഥലമായിരിക്കുന്നു എന്നു കാണിക്കാൻ വേണ്ടി ദൈവം ആ വെള്ളപ്പൂക്കൾ വർഷിച്ചതാണു്."

പത്രപ്രവർത്തകൻ പൊട്ടിച്ചിരിച്ചു: "കൊള്ളാം, സ്നേഹിതാ, മാതാവു് ഇവിടെ പ്രത്യക്ഷപ്പെടുകയും, അങ്ങനെ ഇതൊരു വിശുദ്ധസ്ഥലമാകയും ചെയ്തെങ്കിൽ ഇവിടത്തെ ഇടവകവികാരി ഇന്നു് ഇവിടെ വരാഞ്ഞതെന്തുകൊണ്ടു്? അദ്ദേഹത്തെക്കണ്ടു ചില കാര്യങ്ങൾ ചോദിച്ചറിയാമെന്നു കരുതിയാണു് ഞാൻ വന്നതു്."

"ഫെറയിറാച്ചനു പിടിപ്പതുജോലിയുണ്ടു്. ഫാത്തിമായെപ്പോലെയുള്ള ഒരു നാടൻ ഇടവകപ്പള്ളിയിൽ ധാരാളം ചുമതലകൾകാണും." വൃദ്ധൻ പറഞ്ഞു.

"അല്ലാ! അദ്ദേഹം വന്നിട്ടില്ല, അല്ലേ? അദ്ദേഹം മുമ്പിലത്തെ സന്ദർശനങ്ങൾക്കും വന്നിട്ടില്ലേ?"

"ഇല്ല; ഒരു സന്ദർശനങ്ങൾക്കും അദ്ദേഹം വന്നിട്ടില്ല."

ഇതുകേട്ടു് പത്രപ്രവർത്തകൻ ദീർഘനേരം ഉറക്കെ ചിരിച്ചു.

"എന്റെ സ്നേഹിതാ, വളരെ ഉപകാരം. ഇവിടത്തെ സംഗതികൾ ഞാൻ വേണ്ടുവോളം മനസ്സിലാക്കിക്കഴിഞ്ഞു. ഇനി നഗരത്തിൽചെന്നു് ഇതെല്ലാം പത്രത്തിൽ എഴുതിവിടണം."

"ഇവിടെ നടക്കുന്നതിനെ സംബന്ധിച്ചു് പരിഹാസമായി ഒന്നും പത്രത്തിലെഴുതിപ്പിടിപ്പിക്കരുതു്. ഇതൊരു പരിശുദ്ധസ്ഥലമാണു്." വൃദ്ധൻ പത്രലേഖകനു് ഒരു താക്കീതുനല്കി. "അതുപോലെ ഞങ്ങളുടെ വികാരിയച്ചൻ മററുള്ളവരെപ്പോലെതന്നെ പരിശുദ്ധകന്യകയെ കൂടുതലായി സ്നേഹിക്കുന്നുമുണ്ടു്."

"അങ്ങനെയെങ്കിൽ അദ്ദേഹം ജനങ്ങളോടൊന്നിച്ചു പ്രാർത്ഥിക്കാൻ ഇവിടെ വരാത്തതെന്താണു്? സ്ത്രീയുടെ ദർശനത്തിൽ അദ്ദേഹം തൽപരനല്ലേ? കു

(ശേഷം 10-ാംപേജിൽ)

* Rights reserved to Chev. Joseph Thaliath.

# Sathya Deepam

Vol. 23 Ernakulam February 1 1950 No 23


വിമർശനവീഥി

## മതം ഏതായാലും മതിയോ?

ഈ ജനുവരി ആദ്യവാരത്തിൽ ന്യൂഡൽഹിയിൽ കൂടിയ സാർവ്വദേശീയ സർവ്വമതസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച ഇൻഡ്യാ ഗവമ്മെൻറിൻെറ ആരോഗ്യവകുപ്പുമന്ത്രി രാജകുമാരി അമൃതുകൗർ ചെയ്ത പ്രസ്താവങ്ങളിൽ ഒന്നിനെപ്പററി ഞങ്ങൾ കഴിഞ്ഞലക്കത്തിൽ വിമർശിച്ചിരുന്നല്ലോ. വേറൊരു പ്രസ്താവനയെപ്പററിയാണു് ഇത്തവണ വിമർശിക്കാനുള്ളതു്.

"മുസ്ലീം പള്ളികളിലായാലും ക്രിസ്തീയദേവാലയങ്ങളിലായാലും ഹൈന്ദവക്ഷേത്രങ്ങളിലായാലും മനുഷ്യർ ആരാധിക്കുന്നതു് ഒരേഒരു ദൈവത്തെയാണു്. നാം ആരാധിക്കുന്ന വിധത്തിലല്ല പ്രത്യുത നാം നയിക്കുന്ന ജീവിതത്തിലാണു് നാം ശ്രദ്ധപതിക്കേണ്ടതു് നമ്മുടെ അയൽക്കാരനേയും കുടുംബത്തേയും പ്രോവിൻസിനേയും രാജ്യത്തേയും ലോകത്തേയും സംബന്ധിച്ചുള്ള നമ്മുടെ നടത്തയാണു് യഥാർത്ഥത്തിൽ കാര്യമായിട്ടുള്ളതു്."

ഈ പ്രസ്താവം അബദ്ധമാണെന്നു് സവ്യസനം പറയാതെ നിവൃത്തിയില്ല. പ്രാസംഗിക ക്രിസ്തുമതാനുയായിയാണെന്നാണു് ഞങ്ങളുടെ അറിവു്. ആ സ്ഥിതിക്കു് ഈ പ്രസ്താവം ഏററവും വിലപനീയംതന്നെയായിരിക്കുന്നു.

ദൈവം നിശ്ചയിച്ചവിധത്തിൽ വേണം ദൈവത്തെ ആരാധിക്കുവാൻ

ഇംഗ്ലീഷുകാരനും ആംഗ്ലിക്കൻ സഭയിലെ ഒരു പ്രമുഖ ബിഷപ്പുമായിരുന്ന ഡോക്ടർ ഗോർ കത്തോലിക്കാസഭയാണു് ക്രിസ്തുവിൻെറ ഏകസത്യസഭയെന്നുള്ള അവകാശവാദത്തെ ഖണ്ഡിക്കുന്നതിനായി "Roman Catholic Claims" എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥമെഴുതി. അതിലെ വാദമുഖങ്ങളെ അദ്ധ്യായംപ്രതി ഖണ്ഡിച്ചുകൊണ്ടു് ഒരുകാലത്തു ആംഗ്ലിക്കൻ വൈദികനായിരുന്ന, പിന്നീടു കത്തോലിക്കാസഭയിൽ പ്രവേശിച്ചു, സഭാപിതാക്കന്മാരുടെകൃതികളിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ച സന്യാസിവര്യനായ ഡോക്ടർ ചാപ്പ്മൻ "Dr. Gore and Roman Catholic Claims" എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥമെഴുതി. അതിൻെറ അവതാരികയിൽ ഡോ. ഗോറിനെ അഭിസംബോധനചെയ്തുകൊണ്ടു് ഡോ. ചാപ്പ്മൻ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "തിരുമേനി, നാം രണ്ടുകൂട്ടരും ഒരേ യജമാനനെയാണു സേവിക്കുന്നതു്. എന്നാൽ അങ്ങു് അങ്ങയുടെ വഴിക്കു സേവിക്കുന്നു; ഞങ്ങളാകട്ടെ ആ യജമാനൻെറ വഴിക്കു സേവിക്കുന്നു." ഏററവും അർത്ഥഗർഭമായ ഈ പ്രസ്താവമാണു് ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നതു്.

മതത്തിൻെറ സാരസർവ്വസ്വം നമ്മുടെ സ്രഷ്ടാവും പരമയജമാനനുമായ ദൈവത്തിൻെറ ഹിതം അനുവർത്തിച്ചു ജീവിക്കുന്നതിലാണല്ലോ അടങ്ങിയിരിക്കുന്നതു്. തന്നെ മനുഷ്യർ ഇന്നവിധത്തിൽ ആരാധിക്കണമെന്നു് ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ വിധത്തിൽ ദൈവത്തെ ആരാധിക്കുവാൻ ഏതു മനുഷ്യനും ബാദ്ധ്യസ്ഥനാണു്. ദൈവം അങ്ങനെയൊരു നിശ്ചയം ചെയ്തിട്ടില്ലെങ്കിൽ ഓരോ മനുഷ്യനും സ്വന്തം ഇഷ്ടമനുസരിച്ചു ദൈവത്തെ ആരാധിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. ദൈവലക്ഷണങ്ങൾക്കു ചേരാത്തതും തന്മൂലം ദൈവത്തിനു പ്രീതികരമായിരിക്കുവാൻ നിവൃത്തിയില്ലാത്തതുമായ വിധത്തിലായിരിക്കരുതു് മനുഷ്യൻ സ്വേച്ഛാനുസാരം തിരഞ്ഞെടുക്കുന്ന ആരാധനാരീതി എന്നുമാത്രമേയുള്ളു. എന്നാൽ ഏതെങ്കിലും പ്രത്യേകമായ ആരാധനാരീതി ദൈവം നിശ്ചയിച്ചിട്ടുണ്ടെന്നു തെളിയുന്നപക്ഷം മുൻപറഞ്ഞ സ്വാതന്ത്ര്യം മനുഷ്യനില്ലാതാകുന്നു. ആ പ്രത്യേകരീതിയിൽത്തന്നെവേണം അവൻ ദൈവാരാധനനടത്തുവാൻ. അല്ലാത്തപക്ഷം അവൻെറ ആരാധന ദൈവത്തിനു പ്രീതികരമായിരിക്കുകയില്ല. യജമാനൻ നിശ്ചയിക്കുന്ന വിധത്തിൽവേണം ദാസൻ സേവനംചെയ്വാനെന്നുള്ളതു് കേവലം പ്രാഥമികമായ തത്വമാണല്ലോ.

തന്നെ മനുഷ്യർ ആരാധിക്കുന്നതു് ഏതെങ്കിലും ഒരു പ്രത്യേകവിധത്തിൽ വേണമെന്നു ദൈവം നിശ്ചയിച്ചിട്ടുണ്ടോ? ഇതാണു് സർവ്വപ്രധാനമായ പ്രശ്നം. നിശ്ചയിച്ചിട്ടുണ്ടെന്നാണു് കത്തോലിക്കാ ക്രിസ്തുമതത്തിൻെറ വാദം. അതു തെളിയിക്കുമ്പോൾ അവർ സന്നദ്ധരുമാണു്. ക്രിസ്തുമതം പൊതുവിൽ ഈ വാദം തന്നെയാണു് ഉന്നയിക്കുന്നതു്. ക്രിസ്തുമതം അനേകം വിഭാഗങ്ങളായി പിരിഞ്ഞിരിക്കുന്നതിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുകയും അതിൻെറ രീതിയനുസരിച്ചു ദൈവാരാധന നടത്തുകയും ചെയ്താൽ മതിയെന്നാണു് അകത്തോലിക്കർ സാമാന്യമായി വാദിക്കുന്നതു്. എന്നാൽ കത്തോലിക്കരുടെ നില ഇതിൽനിന്നു വ്യത്യസ്തമാണു്. കത്തോലിക്കാ ക്രിസ്തുമതമാണു് ദൈവസ്ഥാപിതമെന്നും തന്മൂലം ആ രീതിയനുസരിച്ചു വേണം ദൈവാരാധന നടത്തുവാനെന്നുമാണു് കത്തോലിക്കരുടെ വാദം.

ആരാധന എന്നപദം മതാനുഷ്ഠാനമെന്ന വിസ്തൃതമായ അർത്ഥത്തിലാണു് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. വിശ്വസിക്കേണ്ട തത്വങ്ങൾ, അനുസരിക്കേണ്ട കല്പനകൾ, അനുഷ്ഠിക്കേണ്ട വൈദികകർമ്മങ്ങൾ, ഇവയെല്ലാം പ്രസ്തുത പദങ്ങളുടെ വിവക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്.

ദൈവം ഏതെങ്കിലും പ്രത്യേക തത്വങ്ങൾ വെളിപ്പെടുത്തുകയും അവയെ വിശ്വസിക്കണമെന്നു സകല മനുഷ്യരോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ? ദൈവം ഏതെങ്കിലും പ്രത്യേക കല്പനകൾ നൽകുകയും അവയെ സകല മനുഷ്യരും അനുസരിക്കണമെന്നു് ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ടോ? ദൈവം ഏതെങ്കിലും പ്രത്യേക വൈദികകർമ്മങ്ങൾ ഏർപ്പെടുത്തുകയും അവയെ സകല മനുഷ്യരും അനുഷ്ഠിക്കണമെന്നു കല്പിക്കുകയും ചെയ്തിട്ടുണ്ടോ? ഇതാണു പ്രശ്നം. ഉണ്ടെന്നാണു് കത്തോലിക്കാ ക്രിസ്തുമതത്തിൻെറ വാദം. അതു തെളിയിക്കുവാൻ അവർക്കു ന്യായങ്ങളുമുണ്ടു്. തന്മൂലം മതമേതായാലും പോരാ, ദൈവാരാധന നടത്തേണ്ട വിധങ്ങൾ പലതില്ല, ദൈവം ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേകമതം സ്വീകരിക്കുകയും അതിൻെറ രീതിയനുസരിച്ചു ദൈവാരാധന നടത്തുകയും വേണം, എന്നാണു് കത്തോലിക്കരുടെ വാദം.

ദൈവസ്ഥാപിതമതമേതെന്നു ബൈബിളിൽനിന്നറിയാം

ബൈബിളിലെ പുതിയ നിയമമെന്ന വിഭാഗത്തിലെ ഗ്രന്ഥങ്ങളാണു് കത്തോലിക്കരുടെ ഈ ഏകസത്യമതവാദത്തിനു് ആധാരം. പ്രസ്തുതഗ്രന്ഥങ്ങൾ സാക്ഷാൽ ചരിത്രഗ്രന്ഥങ്ങളാണെന്നു് തെളിഞ്ഞിട്ടുണ്ടു്. അവയിലെ പ്രധാനപ്രതിപാദ്യവിഷയമായ ക്രിസ്തുവിൻെറ ശിഷ്യന്മാരാണു് അവയെ രചിച്ചിട്ടുള്ളതെന്നും, ക്രിസ്തുവിൻെറ ഉപദേശങ്ങളും പ്രവൃത്തികളും അവർ കേൾക്കുകയും കാണുകയും ചെയ്തതുപോലെയാണു് അവയിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും, അവരുടെ മൂലകൃതികൾക്കു സാരമായ ഭേദഗതികൾ കൂടാതെയുള്ള പകർപ്പുകളാണു് നമുക്കു ലഭിച്ചിട്ടുള്ളതെന്നും ചരിത്രഗ്രന്ഥങ്ങളെ തിരിച്ചറിയുവാൻ പണ്ഡിതലോകം സ്വീകരിക്കുന്ന ന്യായങ്ങളാൽ തെളിയുന്നുണ്ടു്. ആകയാൽ ക്രിസ്തു ആരാണെന്നും അവിടുത്തെ ഉപദേശം എന്തൊക്കെയാണെന്നും സൂക്ഷ്മമായറിയുന്നതിനു് ഈ പുതിയ നിയമഗ്രന്ഥങ്ങൾ വായിച്ചാൽ മതിയാവും.

ക്രിസ്തു പ്രകൃതിനാഥനായ ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന അത്ഭുതപ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും, ആ പ്രവൃത്തികളെ താൻ ദൈവാവതാരമാണെന്നു തെളിയിക്കുന്ന സാക്ഷ്യങ്ങളായി അവിടുന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും. തൻെറ ദൈവത്വം വാക്കുകളാൽത്തന്നെ അവിടുന്നു ന്യായവാദംചെയ്തു സമർത്ഥിച്ചിട്ടുണ്ടെന്നും പ്രസ്തുതഗ്രന്ഥങ്ങളിൽനിന്നു കാണാം. അങ്ങനെ ദൈവാവതാരമാണെന്നു തെളിയുന്ന ക്രിസ്തുവിനെ അനുസരിക്കുവാൻ ദൈവവിശ്വാസികളായ സകലരും ബാദ്ധ്യസ്ഥരാകുന്നു.

ദൈവമായ ക്രിസ്തു 12 ശിഷ്യന്മാരെ പ്രത്യേകം തിരഞ്ഞെടുത്തു് തൻെറ കൂടെ കൊണ്ടുനടക്കുകയും, അവർ കേൾക്കെ ജനങ്ങളോടു തൻെറ ദിവ്യസന്ദേശങ്ങൾ പ്രസംഗിച്ചതിനുപുറമെ അവർക്കു പ്രത്യേകമായ ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അവരെ അവിടുന്നു ഒരു മത സഭയായി സംഘടിപ്പിക്കുകയും, അവരിൽ ഒരാളായ പത്രോസിനെ പ്രസ്തുതസഭയുടെ പരമാദ്ധ്യക്ഷനായി നിയമിക്കുകയും, താൻ നൽകിയ സന്ദേശങ്ങൾ ലോകമാസകലം, സകല ജാതികളേയും, അറിയിക്കണമെന്നു് അവരോടാജ്ഞാപിക്കുകയും, ആ കൃത്യം നിർവ്വഹിക്കുന്നതിൽ തെററു വരാതിരിക്കുവാൻ ആവശ്യമായ സഹായം അവർക്കു വാഗ്ദാനം ചെയ്യുകയും, തൻെറ പ്രതിനിധികളായി തൻെറ സന്ദേശമറിയിക്കുന്ന അവരുടെ വാക്കുകൾ വിശ്വസിച്ചു തൻെറ അനുഗാമികളായിത്തീരുന്നവർ നിത്യരക്ഷ പ്രാപിക്കുമെന്നും അതിനുവിസമ്മതിക്കുന്നവർ നിത്യശിക്ഷയ്ക്കു് ഇരയാകുമെന്നും വിധിപ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു്. ആദ്യ ശിഷ്യന്മാരായ ഈ വ്യക്തികൾ മനുഷ്യരെന്നനിലയിൽ മരണമടഞ്ഞാലും അവരുടെ പിൻഗാമികളായി വരുന്നവർവഴിയായി പ്രസ്തുതമതസഭ ലോകാവസാനംവരെ നിലനില്ക്കുമെന്നും അവിടുന്നു് ഉറപ്പു നൽകിയിട്ടുണ്ടു്. അവിടുന്നു ആദ്യശിഷ്യന്മാർ വഴിയായി ലോകത്തിനു നൽകിയിരിക്കുന്ന ദിവ്യോപദേശങ്ങളിൽ മനുഷ്യർ അവശ്യം വിശ്വസിക്കേണ്ട ചില പ്രത്യേക തത്വങ്ങളും, അനുസരിക്കേണ്ട ചില പ്രത്യേക കല്പനകളും, അനുഷ്ഠിക്കേണ്ട ചില പ്രത്യേകവൈദികകർമ്മങ്ങളും അടങ്ങിയിട്ടുണ്ടു്. ഏകമനുഷ്യാവതാരമെന്ന നിലയിൽ താൻ വഴിയായിട്ടാണു് സകല മനുഷ്യരും ദൈവത്തെ പ്രാപിക്കേണ്ടതെന്നും, താനാണു് ഏകലോകരക്ഷകനെന്നും, തന്നിൽ വിശ്വസിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യുന്നവർക്കുമാത്രമേ നിത്യരക്ഷ ലഭിക്കുകയുള്ളുവെന്നും അവിടുന്നു സ്പഷ്ടമായി പഠിപ്പിച്ചിട്ടുണ്ടു്. തൻെറ പ്രാതിനിധ്യം വഹിക്കുന്ന പ്രസ്തുത മതസഭയിൽ വിശ്വസിക്കുകയും അതിനെ അനുസരിക്കുകയും ചെയ്യുന്നവരെ മാത്രമേ തന്നിൽ വിശ്വസിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യുന്നവരായി താൻ ഗണിക്കുകയുള്ളുവെന്നും അവിടുന്നു പ്രസ്താവിച്ചിട്ടുണ്ടു്.

ദൈവമായ ക്രിസ്തു ഇപ്രകാരമെല്ലാം ചെയ്തിരിക്കെ ദൈവാരാധന നടത്തേണ്ട വിധമിന്നതാണെന്നു ദൈവംതന്നെ നിശ്ചയിച്ചിട്ടുണ്ടെന്നും, തന്മൂലം ദൈവത്തിൽ വിശ്വസിക്കുന്ന ഏതൊരു മനുഷ്യനും ദൈവനിർദ്ദിഷ്ടമായ ഈ വിധത്തിൽ ദൈവാരാധന നടത്തുവാൻ കടമയുണ്ടെന്നും സ്പഷ്ടമല്ലയോ? ഇതുകൊണ്ടാണു് ദൈവാരാധന നടത്തുന്ന വിധത്തിൽ ശ്രദ്ധപതിക്കേണ്ടതില്ലെന്നും, ആ വിധം ഏതായാലും മതിയെന്നുമുള്ള പ്രാസംഗികയുടെ പ്രസ്താവം അബദ്ധമാണെന്നു് ഞങ്ങൾ പറഞ്ഞതു്.


ഇംഗ്ലണ്ടിൽനിന്നു് ഈയിടെ വരുത്തിയ ഏററവും നവീനമാതൃകയിലുള്ള യന്ത്രവിശേഷങ്ങളോടുകൂടി, സുദീർഘകാലത്തെ സ്റ്റുഡിയോ പ്രവർത്തനപരിചയമുള്ള വിദഗ്ദ്ധൻെറ നേതൃത്വത്തിൽ ഏററവും നല്ല

**ഹാഫ്ടോൺ ബ്ളോക്കുകൾ, ലൈൻ ബ്ളോക്കുകൾ,**

**സ്റ്റീറിയോ ബ്ളോക്കുകൾ, കളർ ബ്ളോക്കുകൾ**

മുതലായ എല്ലാത്തരം ബ്ളോക്കുകളും

**സിനിമാ സ്ലൈഡുകൾ, റബ്ബർ സ്റ്റാമ്പുകൾ**

എന്നിവയും രാത്രിയും പകലും ഒരുപോലെ നിർമ്മിച്ചുകൊടുക്കത്തക്കവണ്ണം ഞങ്ങളുടെ

**ബ്ളോക്ക്സ്റ്റുഡിയോ**

പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

**മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്, ബ്രോഡ്വേ, എറണാകുളം.**